# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 5
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ആഗസ്റ്റ് 2011



കേരളത്തിലെ പ്രധാന കാർഷികവിളകളായ

## നെല്ലും തെങ്ങും

അവഗണനയിൽ നിന്നും വളർച്ചയിലേക്ക്

സ്വാശ്രയ പഞ്ചായത്തുകൾ നമ്മുടെ ലക്ഷ്യം: ഡോ. എം.കെ. മുനീർ

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



# ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6 സ്വാശ്രയ പഞ്ചായത്തുകൾ നമ്മുടെ ലക്ഷ്യം
ഡോ. എം.കെ. മുനീർ

8 ഭക്ഷ്യസുരക്ഷ: ജനപങ്കാളിത്ത പ്രസ്ഥാനമായി വളരണം
ആർ. ഹേലി

10 നാളികേര വികസന ബോർഡ്: കേരകർഷകന്റെ രക്ഷയ്ക്ക്
ടി.കെ. ജോസ് ഐ.എ.എസ്

14 നെൽക്കൃഷിയും വിത്തുല്പാദനവും
വി.വി. പുഷ്പാംഗദൻ

16 സംരക്ഷണമേകി കാർഷിക പദ്ധതികൾ
വി.എസ്. ലാലി

18 ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കേരകൃഷിയുടെ വിജയമന്ത്രം
ഡോ. രമണി ഗോപാലകൃഷ്ണൻ

22 നെൽകൃഷി ഇനങ്ങളറിഞ്ഞ് കൃഷി ചെയ്യുക
ലീനാകുമാരി. എസ്

26 കരയെ കതിരണിയിക്കാം
അനിത സി.എസ്

28 തെങ്ങിന്റെ ചങ്ങാതിക്കൂട്ടം
മിനി മാത്യു

30 നാളികേര ഉത്പാദക സംഘങ്ങൾ
കെ.എസ്. സെബാസ്റ്റ്യൻ

32 നാടൻ തെങ്ങുകൾ നീണാൾ വാഴട്ടെ (വിജയകഥ)

34 സമഗ്ര വനിതാ വികസനം ലക്ഷ്യമിട്ട് വയനാട് ജില്ല
കെ.എൽ. പൗലോസ്

35 ഓണം: ഭൂതഭാവികൾക്കിടയിൽ ഒരു ഊഞ്ഞാൽ
ഡോ. ജോസ് പാറക്കടവിൽ

38 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

40 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ














### സർപഞ്ചിന്റെ വിജയഗാഥ

ജൂലൈ ലക്കം പഞ്ചായത്ത് രാജ് മാസികയിൽ ഡോ. പി.പി. ബാലൻ എഴുതിയ 'ഇങ്ങനെയും ഒരു സർപഞ്ച്' എന്ന ലേഖനം ഗാന്ധിജിയുടെ സ്വപ്നത്തിലെ ഗ്രാമ സ്വരാജ് നടപ്പാക്കാൻ ശ്രമിച്ച് വിജയിച്ച സന്ത് ബൽബീർ സിങ്ങിനെയാണ് വരച്ചു കാട്ടിയിരിക്കുന്നത്. വ്യക്തിയിൽ തുടങ്ങി ഒരു പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ ജനങ്ങളെയും സ്വയം പര്യാപ്തമാക്കിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതൊരു മാതൃകയായി സ്വീകരിച്ചാൽ ആഗോളതാപനത്തെയും പരിസ്ഥിതി മലിനീകരണത്തേയും ചെറുത്ത് വരും തലമുറയ്ക്ക് നല്ലൊരു പ്രകൃതിയെ-ഭൂമിയെ വാർത്തെടുക്കുവാൻ കഴിയുമെന്ന് സംശയം വേണ്ട. ഇത്തരം വിജയഗാഥ പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജും അഭിനന്ദനമർഹിക്കുന്നു.

***അജിതോമസ്**, സീതത്തോട്, പത്തനംതിട്ട*

### ശുചീകരണം സമ്പൂർണ്ണമാകണം

സംസ്ഥാനത്ത് പകർച്ചപ്പനി ഒരു ശമനവും കൂടാതെ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 'മഴക്കാലപൂർവ്വ ശുചീകരണം ഫലപ്രദമാകണമെങ്കിൽ' എന്ന തലകെട്ടിൽ ഡോ. തോമസ് മാത്യുവും ആർ. ഉണ്ണിക്കൃഷ്ണനും ചേർന്ന് എഴുതിയ ലേഖനം കണ്ണു തുറപ്പിക്കുന്നതായി. ആണ്ടുതോറും കർമ്മപരിപാടിയായി ശുചീകരണം നടത്തുന്നുവെങ്കിലും കൊതുകു-ജലജന്യ രോഗങ്ങൾ ഒരു കുറവും ഇല്ലാതെ തലപൊക്കുകയും കേരളസമൂഹത്തെ രോഗാതുരമാക്കുകയും ചെയ്യുന്നു. നമ്മുടെ ശുചീകരണ പ്രവർത്തനങ്ങളിലെ വീഴ്ചകൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കാൻ എന്തുചെയ്യണമെന്നും ഗഹനമായി ലേഖനം ചർച്ചചെയ്യുന്നു. നാം നിസ്സാരമായി വലിച്ചെറിയുന്ന വസ്തുക്കൾ പലതും രോഗവാഹിനികളുടെ ഉറവിടമായി മാറുന്നു എന്ന സത്യവും ഓർമ്മപ്പെടുത്തുന്നു. ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ സൂക്ഷ്മതലത്തിൽ പഠിച്ച് വരും നാളുകളിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ സമ്പൂർണ്ണമാകുന്നതിന് പഞ്ചായത്തധികാരികൾ ശ്രദ്ധിക്കണം.

***രാമചന്ദ്രൻ,** നാറാത്ത്, കണ്ണൂർ*

## 'ഖരമാലിന്യ നിർമ്മാർജ്ജനം: വാർഷിക കർമ്മപദ്ധതി നടപ്പാക്കും'

ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സെപ്തംബർ ആദ്യവാരം മുതൽ ഒരു വർഷത്തെ കർമ്മപദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന വിവിധ സാങ്കേതിക വിദ്യകളുടെയും കമ്പനികളുടെയും അവതരണത്തിനുശേഷമാണ് മുഖ്യമന്ത്രി ഇക്കാര്യമറിയിച്ചത്. ഫലപ്രദമായ ഖരമാലിന്യനിർമ്മാർജ്ജനം അത്യന്താപേക്ഷിതമാണെങ്കിലും വിജയകരമായ ഒരു മാതൃകയില്ലാത്തത് പോരായ്മയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വിവിധ സാങ്കേതികവിദ്യയിലധിഷ്ഠിതമായ നിർമ്മാർജ്ജന രീതികൾ പരിശോധിച്ച് സംസ്ഥാനത്തിന് അനുയോജ്യമായവ തിരഞ്ഞെടുക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. നഗരകാര്യമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ്, സെക്രട്ടറി രാജേഷ്കുമാർ സിങ്, പഞ്ചായത്ത് ഡയറക്ടർ കെ. ആർ. മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.



*ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടന്ന യോഗം. വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സമീപം.*

## പൊതുശ്മശാനങ്ങൾക്കും അറവുശാലകൾക്കും ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങളും അറവുശാലകളും സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും അറവുശാലകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും അനുവദിക്കുന്നതാണ്. ധനസഹായത്തിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് 2011 സെപ്റ്റംബർ 15നകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പഞ്ചായത്ത് ഡയറക്ടർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. (ഫോൺ 0471-2321053)

**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2011
പുസ്തകം 51
ലക്കം 5
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി. ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

*എഡിറ്ററുടെ പേജ്*

## ഭക്ഷ്യസുരക്ഷയും കേരളവും

ലോകം ഭക്ഷ്യസുരക്ഷയെക്കുറിച്ച് മുൻപില്ലാത്തവണ്ണം ചർച്ച ചെയ്യുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആഗോളതാപനത്തെ തുടർന്നുണ്ടായ കാലാവസ്ഥാവ്യതിയാനം, നഗരവത്കരണവും മറ്റു വികസന പ്രക്രിയകളും, ധാന്യവിളകളുടെ വ്യാവസായിക ഉപയോഗം, പുതിയ ഭക്ഷണശീലങ്ങൾ തുടങ്ങിയവയാണ് ഭക്ഷ്യസുരക്ഷയ്ക്കുള്ള പ്രധാന ഭീഷണികളായി ചർച്ചകളിൽ ഇടം പിടിച്ചിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ രംഗത്ത് ആശങ്കകൾ നിലനില്ക്കുമ്പോൾ തന്നെ ഇന്ത്യയിൽ 2010-11ൽ ഭക്ഷ്യോൽപാദനം 235 ദശലക്ഷം ടൺ കവിഞ്ഞ് സർവ്വകാല റെക്കോർഡായിരിക്കുകയാണ്.

ഭക്ഷ്യസുരക്ഷയിലും ഭക്ഷ്യോൽപാദനത്തിലും ഇന്ത്യയിലെ പൊതുഅവസ്ഥയിൽ നിന്നും തീർത്തും വിഭിന്നമാണ് കേരളത്തിന്റേത്. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ ഭക്ഷ്യോൽപാദനത്തിൽ വൻ ഇടിവു സംഭവിച്ച് കേരളം ഇന്ന് തീർത്തും ഒരു ഉപഭോഗ സംസ്ഥാനമായിമാറിയതിനു പിന്നിൽ നിരവധി കാരണങ്ങളുണ്ട്. ഭൂപരിഷ്കരണത്തെ തുടർന്നുണ്ടായ ഭൂസമ്പ്രദായം, കൂടുതൽ ആദായകരമായ നാണ്യവിളകളിലേക്കുള്ള മാറ്റം, ഉയർന്ന ജനസാന്ദ്രതയും നഗരവത്ക്കരണവും, വർദ്ധിച്ച ഉല്പാദനചെലവ്, യന്ത്രവത്കരണത്തിന്റെ അഭാവം തുടങ്ങിയ ഘടകങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഭക്ഷ്യോൽപാദനം പിറകോട്ടടിക്കുന്നതിനു കാരണമായി എന്ന വസ്തുത സത്യസന്ധമായി തന്നെ നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിലുള്ള നമ്മുടെ അമിത പരാശ്രയത്വം അപകടമാണെന്ന തിരിച്ചറിവ് ഉണ്ടായത് കുറച്ച് വർഷങ്ങൾക്കുമുൻപ്, മറ്റു സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ പൊതുവിപണിയിലേക്ക് യഥേഷ്ടം അരി ലഭിച്ചുകൊണ്ടിരുന്ന സ്ഥിതിക്ക് മാറ്റം വന്നതോടുകൂടിയാണ്. 2009-10ൽ കേരളത്തിന്റെ മൊത്തം കൃഷിയിടമായ 26.69 ലക്ഷം ഹെക്ടർ പ്രദേശത്തിന്റെ 11.86 ശതമാനം പ്രദേശത്ത് മാത്രമാണ് നെല്ല്, മരച്ചീനി, പയറ്, വാഴ തുടങ്ങിയ ഭക്ഷ്യവിളകൾ കൃഷി ചെയ്തത്. പൊതുവെ ദിവസവും മൂന്നുനേരം ഭക്ഷണം കഴിക്കുന്ന ശരാശരി മലയാളിക്ക് അതിൽ രണ്ടുനേരവും അരി ആഹാരം പ്രധാനമാണ്. പക്ഷെ അതിനു വേണ്ടിവരുന്ന അരിയുടെ 13 ശതമാനം മാത്രമാണ് നാം ഉല്പാദിപ്പിക്കുന്നത്. 1950 കളിൽ 9 ലക്ഷം ഹെക്ടർ പ്രദേശത്ത് നെല്ല് കൃഷി ചെയ്തിരുന്നിടത്ത് 2010ൽ അത് 2.34 ലക്ഷം ഹെക്ടറായി ചുരുങ്ങി. മറ്റു ഭക്ഷ്യവിളകളുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല.

കഴിഞ്ഞ മൂന്നു പഞ്ചവത്സരപദ്ധതികളിലായി (9,10,11) വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകിയ പദ്ധതി തുകയുടെ 30-40 ശതമാനത്തോളം ഉല്പാദനമേഖലയിൽ ചെലവിടാനായിരുന്നു സർക്കാർ നിഷ്ക്കർഷിച്ചിരുന്നത്. കാർഷികമേഖലയിലെ പദ്ധതികൾക്കു വേണ്ടിയാണ് അവയുടെ ഭൂരിഭാഗവും ചെലവഴിച്ചതെങ്കിലും ഉദ്ദേശിച്ച രീതിയിൽ അതിന്റെ ഫലം അനുഭവവേദ്യമായില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തുകളുടെ കൂടി ശ്രമഫലമായി തരിശുഭൂമിയിൽ കൃഷിയിറക്കി 2009-10 വർഷത്തിൽ 5000 ഹെക്ടർ പ്രദേശത്തുകൂടി നെൽകൃഷി വ്യാപിപ്പിക്കാനായത് ഇവിടെ വിസ്മരിക്കുന്നില്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നും അരിക്കും പച്ചക്കറിക്കും പാലിനും മുട്ടയ്ക്കുമായി കാത്തിരിക്കുന്ന കേരളീയന്റെ മനസ്സ് മാറുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഭക്ഷ്യോൽപാദനരംഗത്ത് സ്വയംപര്യാപ്തത എന്നത് വിദൂരമായിരിക്കാം. എന്നാൽ നമുക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിച്ചേ മതിയാകൂ. തകർന്നടിഞ്ഞ കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന്, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ കാര്യത്തിൽ കർഷകന് സഹായകമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. നെല്ലിന് ഭേദപ്പെട്ട സംഭരണവില ഏർപ്പെടുത്തിയിരിക്കുന്നു. കർഷകനെ മണ്ണിലേക്ക് മടക്കിക്കൊണ്ടുവരാൻ ഫാം അഡ്വൈസറി മെസേജിംഗ്, കരാർകൃഷി, ചെറുകിട-നാമമാത്ര കർഷകർക്ക് പെൻഷൻ, കിസാൻ പാസ്ബുക്ക്, പലിശ സബ്സിഡി തുടങ്ങി വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്ക്കരിക്കുന്നത്. നാമമാത്രമായ കൃഷിഭൂമി സംരക്ഷിക്കുന്നതോടൊപ്പം തരിശുഭൂമി കൂടി ഭക്ഷ്യോൽപാദന വർദ്ധനവിന് ഉപയുക്തമാക്കണം. അതിനു ക്രിയാത്മകമായ പദ്ധതികൾ പഞ്ചായത്തുകളിൽ ഉണ്ടാകണം. വിവിധ ഗവേഷണസ്ഥാപനങ്ങളുടെ വൈദഗ്ദ്ധ്യം താഴെതട്ടിലെ കർഷകരിൽ എത്തിക്കുന്നതിന് ഇടനിലയായും അവ വർത്തിക്കണം.

മനുഷ്യന്റെ ശാരീരികവും മാനസികവും ബൗദ്ധികവുമായ ആരോഗ്യം നിലനിർത്തുന്നതിനാവശ്യമായ സുരക്ഷിത ഭക്ഷ്യധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, പഴം, പച്ചക്കറി, മുട്ട, പാൽ, ഇറച്ചി തുടങ്ങിയവ മുടക്കം കൂടാതെ ലഭിക്കുകയും അവ പ്രാപ്യമാക്കാനുള്ള സാമ്പത്തികവും സാമൂഹികവും ഭൗതികവുമായ ചുറ്റുപാടുകൾ പൊതുസമൂഹത്തിന് ഉണ്ടാകുകയും ചെയ്യുമ്പോൾ മാത്രമേ ഭക്ഷ്യസുരക്ഷ അർത്ഥപൂർണ്ണമാവുകയുള്ളു. അതിലേക്ക് നമുക്ക് ഒരുമിച്ച് യാത്ര തുടങ്ങാം.

പഞ്ചായത്ത് രാജ്

# സ്വാശ്രയ പഞ്ചായത്തുകൾ നമ്മുടെ ലക്ഷ്യം

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പു മന്ത്രി

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം ഗ്രാമസ്വരാജ്-അതിന്റെ പൂർണ്ണ അർത്ഥത്തിൽ പ്രാവർത്തികമാക്കുക എന്നത് ഇന്ത്യയിലെയും സംസ്ഥാനങ്ങളിലെയും ഭരണകൂടങ്ങളുടെ കർത്തവ്യമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെടുന്നതിലൂടെയും അവയിൽനിന്ന് പൗരസമൂഹത്തിന് ലഭിക്കേണ്ട സേവനം കാലതാമസം കൂടാതെ കിട്ടുകയും ചെയ്യുന്നതിലൂടെ ഈ ലക്ഷ്യത്തിലേക്ക് അടുക്കുകയാവും ചെയ്യുക. ഭരണപരവും ജനായത്തപരവും പുരോഗമനപരവും സാങ്കേതികവിദ്യാധിഷ്ഠിതവും ആയ ഒട്ടേറെ കർമ്മപരിപാടികളിലൂടെ പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമത കൈവരുത്താൻ കഴിയും.

സാധാരണ ജനതയ്ക്ക് സേവനം എത്തിക്കാനുള്ള അടിസ്ഥാന സ്ഥാപനം പഞ്ചായത്തുകളാണ്. ഈ സത്യം എല്ലാവർക്കും അറിയാവുന്നതാണെങ്കിലും പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ജനങ്ങൾ പൂർണ്ണ സംതൃപ്തരല്ല. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പഞ്ചായത്ത് ഭരണത്തിന്റെ അമരക്കാരായി വർത്തിക്കുമ്പോൾ ഈ സ്ഥിതി നിലനിൽക്കുന്നത് എന്തുകൊണ്ട്?

കണ്ടും പ്രവർത്തിച്ചും അനുഭവിച്ചും വന്നുപോയ ശീലങ്ങൾ മാറ്റിയെടുക്കുക സുഗമമല്ല. ഒരു സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു സംഗതിക്ക് അനുമതി ചോദിച്ചുവരുന്ന പൗരന് അതു നൽകാൻ സ്വീകരിക്കുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലികമായി പരിഷ്കരിക്കപ്പെടാതെ ഇന്നും നിലനിൽക്കുന്നു എന്നതാണ് ഭരണം തങ്ങളുടെ സ്വന്തം എന്നു സാധാരണക്കാരന് അതിന്റെ മുഴുവൻ വ്യാപ്തിയിലും ബോദ്ധ്യമാവാത്തതിന്റെ കാരണങ്ങളിൽ ഒന്ന്.

ഇൻഫർമേഷൻ കേരള മിഷൻ ഇ-ഗവേർണൻസ് എന്ന പദ്ധതിയുമായി രംഗത്ത് വന്നത് ഈ ലക്ഷ്യത്തോടെയാണ്. എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആപ്ളിക്കേഷനുകളും വന്നുകഴിഞ്ഞുവെങ്കിലും ഇ-ഗവേർണൻസ് എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഒരു പക്ഷേ ജീവനക്കാർക്ക് ഈ വിഷയത്തിൽ വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ലാത്തതുകൊണ്ടാവാം. പഞ്ചായത്തുകളിലെ എല്ലാ ജീവനക്കാർക്കും ഇതിനായി കുറ്റമറ്റ പരിശീലനം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനൊപ്പം ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക എന്നതിന് പ്രാധാന്യം നൽകാൻ ആഗ്രഹിക്കുന്നു.

**പഞ്ചായത്ത് അദ്ധ്യക്ഷന്മാർ പഞ്ചായത്ത് ഭരണത്തിന്റെ കേന്ദ്രബിന്ദുവാണ്. സംസ്ഥാനത്തെ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ തമ്മിൽ അവരുടെ പ്രവർത്തനാനുഭവം പങ്കുവയ്ക്കുന്നത് പല രംഗത്തും പഴുതടച്ചുള്ള മുന്നേറ്റത്തിന് സഹായകമാകും. ഈ ലക്ഷ്യത്തോടെ എല്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരെയും Closed User Group-ൽ ഉൾപ്പെടുത്തി Mobile SIM കാർഡുകൾ സൗജന്യമായി നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇവർ തമ്മിലുള്ള കോളുകൾക്ക് ചാർജ്ജ് ഈടാക്കുന്നതല്ല.**

ഒരു പൗരന് അവന്റെ ജീവിത ചുറ്റുപാടുകളിൽ സേവനം എത്തിക്കുക എന്നത് സർക്കാരിന്റേയും പഞ്ചായത്തുകളുടേയും കടമയാണ്. കാര്യക്ഷമമായി അതു നൽകുക എന്നു പറയുമ്പോൾ പൗരന്റെ സമയം പാഴാക്കരുത് എന്ന അർത്ഥത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോ നികുതി അടയ്ക്കുന്നതിനോ പെർമിറ്റ് ലഭിക്കുന്നതിനോ ഒരു പൗരൻ പഞ്ചായത്ത് ഓഫീസിൽ എത്തുകയോ ഓൺലൈൻ മുഖേന ആവശ്യപ്പെടുകയോ ചെയ്താൽ ചുരുങ്ങിയ സമയത്തിനുള്ളിൽ അതു ലഭ്യമാകണം. എന്നാൽ മാത്രമേ ഇ-ഗവേർണൻസ് വിജയിച്ചു എന്നു പറയാൻ കഴിയൂ. സേവനം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിക്കപ്പെടാൻ പോകുന്ന ഈ സാഹചര്യത്തിൽ ജീവനക്കാർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതായി വരും.

പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ വേഗതയും കാര്യക്ഷമതയും കൈവരിക്കേണ്ടതായുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രം പദ്ധതി തുക കൂടുതൽ ചെലവഴിക്കുന്ന രീതിയിൽ മാറ്റം വരേണ്ടിയിരിക്കുന്നു. പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച മോണിട്ടറിംഗിനായി വകുപ്പുതലത്തിൽ കൂടുതൽ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ പ്ളാൻ മോണിറ്ററിംഗ് സംവിധാനത്തിന്റെ മാതൃകയിൽ, പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുവാൻ ഉള്ള സൗകര്യങ്ങൾ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനത്തിലൂടെ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. ഇതിലൂടെ പഞ്ചായത്തുകളുടെ ഭാഗത്തുള്ള വീഴ്ചകൾ യഥാസമയത്ത് കണ്ടെത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സഹായകമാകും.

**ജനങ്ങളും ജനപ്രതിനിധികളും പഞ്ചായത്ത് ഭരണ സമിതിയും ഗവൺമെന്റിന്റെ വിവിധ തലങ്ങളും തമ്മിലുള്ള വിവരവിനിമയം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം ഈ ഗവൺമെന്റിനുണ്ട്. അതിനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നു. ഘട്ടംഘട്ടമായി പഞ്ചായത്തുതലം വരെ ഈ സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.**

ജനങ്ങളും ജനപ്രതിനിധികളും പഞ്ചായത്ത് ഭരണ സമിതിയും ഗവൺമെന്റിന്റെ വിവിധ തലങ്ങളും തമ്മിലുള്ള വിവരവിനിമയം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യം ഈ ഗവൺമെന്റിനുണ്ട്. അതിനായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നു. ഘട്ടംഘട്ടമായി പഞ്ചായത്തുതലംവരെ ഈ സംവിധാനം ഏർപ്പെടുത്തുക എന്നതാണ് ഉദ്ദേശം. വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നു.

ഓരോ പഞ്ചായത്തിനും അനുയോജ്യമായ കാർഷികവും അതുമായി ബന്ധപ്പെട്ട ഇതര മേഖലകളെയും പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതി പ്രായോഗികമാക്കാനും ഉദ്ദേശമുണ്ട്. നെൽക്കൃഷിക്ക് അനുയോജ്യമായ പഞ്ചായത്തിനെ അതിനു പ്രേരിപ്പിക്കുക, ക്ഷീരവികസനത്തിനു സാധ്യതകൾ ഉള്ള പഞ്ചായത്തിന് അതിനാവശ്യമായ പ്രോത്സാഹനം നൽകുക, പച്ചക്കറി കൃഷി നല്ല രീതിയിൽ നടത്താൻ കഴിയുന്ന പഞ്ചായത്തുകൾക്ക് അതിനാവശ്യമായ സഹായം നൽകുക, ആട് വളർത്തലിനു സാദ്ധ്യതയുള്ള പഞ്ചായത്തുകളെ അതിനു പ്രേരിപ്പിക്കുക എന്നിങ്ങനെ വിവിധ മേഖലകളിൽ ഓരോ പഞ്ചായത്തുകൾക്കും സ്വാശ്രയ പഞ്ചായത്തുകളായി മാറാൻ കഴിയും. സ്വാശ്രയ പഞ്ചായത്തുകളിലൂടെ സ്വാശ്രയ കേരളം എന്ന ആത്യന്തിക ലക്ഷ്യത്തിലായിരിക്കും എത്തുക. ഗവൺമെന്റിന്റെ പ്രേരണയോ പ്രോത്സാഹനമോ കൂടാതെ പഞ്ചായത്തുകൾക്ക് സ്വന്തം നിലയിലും ഈ രംഗത്ത് പ്രവർത്തിക്കാം.

പഞ്ചായത്ത് അദ്ധ്യക്ഷന്മാർ പഞ്ചായത്ത് ഭരണത്തിന്റെ കേന്ദ്രബിന്ദുവാണ്. സംസ്ഥാനത്തെ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ തമ്മിൽ അവരുടെ പ്രവർത്തനാനുഭവം പങ്കുവയ്ക്കുന്നത് പല രംഗത്തും പഴുതടച്ചുള്ള മുന്നേറ്റത്തിന് സഹായകമാകും. ഈ ലക്ഷ്യത്തോടെ എല്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്മാരെയും Closed User Group-ൽ ഉൾപ്പെടുത്തി Mobile SIM കാർഡുകൾ സൗജന്യമായി നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇവർ തമ്മിലുള്ള കോളുകൾക്ക് ചാർജ്ജ് ഈടാക്കുന്നതല്ല.

ഒരുമിച്ച് നമുക്ക് മുന്നേറാം! ലക്ഷ്യം സ്വാശ്രയ പഞ്ചായത്തുകളും സ്വാശ്രയ കേരളവുമാവട്ടെ! ■



*തിരുവനന്തപുരത്ത് പനവിളയിൽ ആരംഭിച്ച കേരളാ ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് ഓഫീസിന്റെ ഉദ്ഘാടനം പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.*

ആർ. ഹേലി

# ഭക്ഷ്യസുരക്ഷ

## ജനപങ്കാളിത്ത പ്രസ്ഥാനമായി വളരണം

**അധികാരവികേന്ദ്രീകരണത്തിനെ വളരെ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തിയാൽ നിർണ്ണായകമായ മാറ്റങ്ങൾ ഈ രംഗത്ത് നമുക്ക് ഉണ്ടാക്കാൻ കഴിയും എന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു. പക്ഷേ നേട്ടങ്ങൾക്കു സ്ഥായിഭാവം നൽകുന്നതിലും അതു വികസിപ്പിക്കുന്നതിലും ശ്രദ്ധയും അർത്ഥവും ഇനിയും വളരെയധികം ഉണ്ടാകേണ്ടിയിരിക്കുന്നു.**

മാറ്റിവയ്ക്കാൻ കഴിയാത്ത ഒരാവശ്യമത്രെ ഭക്ഷണം. മുടങ്ങാതെ ഇതു ലഭിച്ചുകൊണ്ടിരിക്കാനുള്ള പ്രക്രിയയിൽ പ്രധാനം ഭക്ഷ്യവിളകളുടെ ഉല്പാദനമാണ്. ഈ യത്നത്തിൽ കേരളീയ സമൂഹം മൊത്തത്തിൽ ഏതെങ്കിലും രീതിയിൽ പങ്കുചേരേണ്ട ഒരു സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉയർന്നുവന്നിരിക്കുന്നു.

കൃഷിയാവശ്യത്തിനുള്ള ഭൂമി കുറയുന്നു എന്നതു മാത്രമല്ല കൃഷികൊണ്ടുമാത്രം 'ജീവിതം നടത്താൻ' കഴിയുന്നവരുടെ എണ്ണവും ദിനംപ്രതി ചുരുങ്ങിവരുകയാണ്. ജീവിതത്തിന്റെ എല്ലാ മേഖലയിലും 'ചിലവ്" അനുസരിച്ചുള്ള ധനസമ്പാദന രീതികൾ സൃഷ്ടിക്കപ്പെടുന്നു. വരവിന് അനുസരിച്ചുള്ള 'ഒരു ജീവിതം' ഇല്ലാതായിരിക്കുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ പണി എടുക്കുന്ന കർഷക തൊഴിലാളികൾ ഇപ്പോൾ പഴയ നോവലുകളിൽ മാത്രം! ഉച്ചവരെയുള്ള പണിക്കൂലി തന്നെ നാന്നൂറ് രൂപ കഴിഞ്ഞിരിക്കുന്നു. നെൽകൃഷിയിലും കരകൃഷിയിലും ഒക്കെ യന്ത്രസഹായം അനിവാര്യമായി തീർന്നിരിക്കുന്നു. കഠിനമായ കായികശേഷി ആവശ്യമുള്ള എല്ലാരംഗത്തും യന്ത്രങ്ങൾ കൂടുതലായി വന്നില്ലെങ്കിൽ കൃഷിപണി മുടങ്ങിപ്പോകും. ഇതിനു വേണ്ടിവരുന്ന മുതൽമുടക്കും മറ്റ് ആവശ്യങ്ങളും വളരെ ചിലവേറിയതുമാണ്. കൃഷിക്കാർക്ക് ഒറ്റയ്ക്ക് ഈ രംഗത്ത് കാലെടുത്തു വയ്ക്കുവാൻ കഴിയില്ല. പലയിടത്തും യന്ത്രങ്ങൾ 'വരുന്നുണ്ടെങ്കിലും' കഠിനമായ 'തൊഴിലാളി ദാരിദ്ര്യം' കൃഷിരംഗത്താണ് കൂടുതൽ അനുഭവപ്പെടുന്നത്.

ഇതിനോടൊപ്പം ചേർത്തു വായിക്കേണ്ട കാര്യം ഒരു രൂപയ്ക്കും രണ്ടു രൂപയ്ക്കും അരി ലഭ്യമാക്കുന്ന വൻപിച്ച ഭക്ഷ്യസുരക്ഷാ പദ്ധതികളാണ്. ഇവിടെയല്ലെങ്കിൽ എവിടെയെങ്കിലും നെല്ലും ഗോതമ്പും വിളയിച്ചാൽ മാത്രമേ സർക്കാരിന് അതു വാങ്ങികൊണ്ടുവന്നു വിതരണം ചെയ്യാൻ കഴിയൂ. അതുപോലെ പ്രധാനമാണു കേരളത്തിൽ എവിടെ നെല്ലു കൃഷി ചെയ്താലും സർക്കാർ അതു വാങ്ങിയേതീരൂ എന്ന കാര്യം. കാരണം നാട്ടിൽപുറത്ത് നെല്ല് അവിക്കാനും ഉണക്കാനും കുത്താനും ആളില്ല. ഉള്ള ആളുകൾക്ക് ഒട്ട് അറിയുകയുമില്ല. വയ്ക്കോല് ഉണക്കുന്നതും കൂട്ടുന്നതും വിൽക്കുന്നതും അതിനേക്കാൾ വലിയ പ്രശ്നം. നെൽകൃഷി രംഗത്തെ വരവു ചിലവു കേട്ടാൽ മൂക്കിൽ അല്ല തലയിൽ കൈവച്ചു നിലവിളിക്കും!

റബ്ബറും വാഴയും ഒഴികെ മറ്റുള്ള കൃഷികൾ എല്ലാം പിൻതള്ളപ്പെട്ടിരിക്കുന്നു. അതുപോലെ പാൽ ഉൽപ്പാദന ചിലവ് ഏറുന്നതു കാരണം പശു വളർത്തലും ചുരുങ്ങുന്നു. ഇതിനെ നേരിടുന്നതാണ് ഏറ്റവും വലിയ സാമൂഹ്യ പ്രശ്നം. ഇവിടെ ഒരു 'നീതി' പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ സമൂഹം ആകെ കുഴയും.

നെൽകൃഷി കുറഞ്ഞതു 5 ലക്ഷം ഹെക്ടറിൽ നിലനിൽക്കണം. ആകെ കൃഷിയിൽ നിന്നുള്ള ഉൽപ്പാദനം ഹെക്ടറിൽ വർഷത്തിൽ 8500 ടൺ എങ്കിലുമാകണം. ഒപ്പം ഇടവിള കൃഷിയും നന്നാകണം. പച്ചക്കറി ആവശ്യത്തിന്റെ 60% പുറത്തു നിന്നാണ് വരുന്നത്. വരുന്നത് കീടനാശിനിയിൽ 'കുളിപ്പിച്ചത്' ആയതിനാൽ വൻ ആരോഗ്യപ്രശ്നങ്ങൾ തുടങ്ങിയിട്ടുണ്ട്. ഏതു സമയത്തും അതു പൊട്ടിത്തെറിക്കും. അതിനാൽ പച്ചക്കറി ഉൽപ്പാദനം ഇരട്ടിക്കണം. ഒരു ഹെക്ടറിൽ നെൽകൃഷി ചെയ്താൽ കുട്ടനാട്ടിൽ കിട്ടുന്ന ലാഭം 15000 രൂപയാണത്രെ! രണ്ടര ഏക്കറിൽ നിന്നു വർഷത്തിൽ 15000 രൂപ ആദായം കിട്ടിയാൽ ഒരു കുടുംബം എങ്ങനെ മുഴുവൻസമയ കൃഷിക്കാരനായിരിക്കും! ഒരു വീട്ടിലെ ഒരു മാസത്തെ ചിലവിന് ഇതു തികയില്ല!!

അപ്പോൾ കേരളീയർക്ക് നല്ല അരിയും പച്ചക്കറിയും തേങ്ങയും മാങ്ങയും വെളിച്ചെണ്ണയും കിഴങ്ങും പുളിയും ഒക്കെ കിട്ടണമെങ്കിൽ അതു കഴിയുന്നത്ര നാം ഉൽപ്പാദിപ്പിച്ചേ മതിയാവൂ. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഇവിടേക്ക് അതു വന്നുകൊള്ളും എന്ന വിചാരം ശരിയല്ല. ഇന്ത്യയിൽ ധാന്യശേഖരം കൂടുമ്പോൾ നാം കയറ്റുമതി ചെയ്യും. അതുപോലെ മറ്റു സംസ്ഥാനങ്ങൾ പച്ചക്കറിയും പാലും പഴവും മറ്റു കൃഷി വിഭവങ്ങളും കൂടുതൽ വില കിട്ടുന്ന സ്ഥലങ്ങളിലേക്കു കയറ്റി അയയ്ക്കും. അതിനുള്ള വൻ സജ്ജീകരണങ്ങൾ റയിൽവേയും വെയർഹൗസിങ്ങ് കോർപ്പറേഷനും സജ്ജീകരിക്കുന്നുണ്ട്.

ഭക്ഷ്യസുരക്ഷാരംഗത്തു വൻശ്രദ്ധ നിക്ഷേപിക്കേണ്ട ഒരു കാലഘട്ടത്തിൽ നാം എത്തിനിൽക്കുന്നു. മൂന്നോ നാലോ സർക്കാർ വകുപ്പുകൾക്കും കോർപ്പറേഷനുൾക്കും രണ്ടു സർവ്വകലാശാലകൾക്കും മാത്രമായിട്ടു കൈകാര്യം ചെയ്യാൻ കഴിയുന്നത്ര ലഘുവല്ല ഈ കാര്യം. വളരെ ഗൗരവമുള്ളതാണു പ്രശ്നം!

ഗ്രാമതലത്തിലും ബ്ലോക്കു തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അപൂർവ്വമായ കൂട്ടായ്മകൾ സൃഷ്ടിച്ച് സർക്കാർ തലത്തിലും ജനകീയ പ്രസ്ഥാനങ്ങളുടെ തലത്തിലും കൃഷി സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥിതി വിശേഷം ഉണ്ടാകുകയാണ് ഇതു നേരിടാനുള്ള ഒരു മാർഗ്ഗം. അധികാരവികേന്ദ്രീകരണത്തിനെ വളരെ ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തിയാൽ നിർണ്ണായകമായ മാറ്റങ്ങൾ ഈ രംഗത്ത് നമുക്ക് ഉണ്ടാക്കാൻ കഴിയും എന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു. പക്ഷേ നേട്ടങ്ങൾക്കു സ്ഥായിഭാവം നൽകുന്നതിലും അതു വികസിപ്പിക്കുന്നതിലും ശ്രദ്ധയും അർത്ഥവും ഇനിയും വളരെയധികം ഉണ്ടാകേണ്ടിയിരിക്കുന്നു.

- കേരളത്തിലെ 978 പഞ്ചായത്തുകളിൽ കുറഞ്ഞത് നാന്നൂറ് എണ്ണത്തിലും നെൽപാടങ്ങൾ ഇപ്പോഴും തരിശു കിടക്കുകയാണ്. കുട്ടനാട്, പാലക്കാട്, തൃശൂർ, മലപ്പുറം തുടങ്ങിയ പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ മാന്യമായ പുരോഗതി ഉണ്ടാകുമ്പോൾ മറ്റു ജില്ലകളിൽ മികച്ച വിജയ മാതൃകകൾ കുറവത്രെ!
- ഇതിനുകാരണം തരിശുനിലം വീണ്ടും ഉഴുതു മറിച്ചു ബണ്ടുകൾ തയ്യാറാക്കി ജലസേചന നിർഗ്ഗമന ചാലുകൾ ഉണ്ടാക്കി വിതച്ചു കൃഷിയിറക്കുന്നതിനു കൃഷിഭവൻ താണ്ടിയുള്ള എട്ടോ പത്തോ ഏജൻസികളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കാൻ പഞ്ചായത്ത്/ബ്ലോക്കു സംവിധാനങ്ങൾക്കു കൂടുതൽ ഔദ്യോഗിക സഹായം കിട്ടാത്തതു കൊണ്ടാണ്. അതിൽ ഏറ്റവും പ്രധാനം കുട്ടനാട്ടിലുള്ളതുപോലെ നെല്ല് തക്കസമയത്ത് സംഭരിക്കാനും പണം നൽകാനും സംവിധാനം ഇല്ലാത്തത് ആണെന്ന സത്യം നാം അടുത്തറിയണം. അതുപോലെ വായ്പാസഹായവും ഇൻഷ്വറൻസ് സഹായവും ഇത്തരം നെൽകൃഷിയിടങ്ങളിൽ എത്തുന്നുമില്ല. അതിനാൽ പ്രാദേശിക ആവശ്യങ്ങളും ചുറ്റുപാടുകളും അനുസരിച്ച് പ്രശ്നപരിഹാരം നടത്തിയാൽ വളരെയധികം ചെറുപാടശേഖരങ്ങളെ വീണ്ടും കൃഷിക്ക് ഉപയുക്തമാക്കാം.
- പഞ്ചായത്ത്-ബ്ലോക്കു തലത്തിൽ കൃഷി ഭവനുകളുടെ ചുമതലയിൽ മറ്റു ഏജൻസികളുമായി പ്രവർത്തനം ഏകോപിപ്പിച്ചുള്ള നെൽകൃഷി കൂട്ടായ്മകൾ ഉണ്ടാക്കാനായിരിക്കണം അടുത്ത യത്നം. അപ്പോൾ വയനാട്ടിലെ മീനങ്ങാടി പഞ്ചായത്തിൽ രണ്ടു വിളകളിലായി 14 ടണ്ണിലേറെ നെല്ല് ഉൽപ്പാദിപ്പിച്ചു വിജയം കൈവരിച്ചതുപോലുള്ള ഒട്ടനവധി അനുഭവങ്ങൾ ഉയർന്നു വരും.
- ഇപ്പോഴത്തെ ഇത്തരം പദ്ധതികൾ ഒക്കെ ഒരുപൂവിനുള്ളതാണ്. അതു ശരിയല്ല. കുറഞ്ഞതു മൂന്നു തവണയെങ്കിലും ഒരു പാടത്ത് ഇത്തരം കൂട്ടായ്മകൾ തുടർച്ചയായി പ്രവർത്തിപ്പിക്കണം. അതിന്റെ അഭാവം വലിയ തിരിച്ചടി ഉണ്ടാക്കും.
- ഗ്രാമതല പദ്ധതികൾ കടന്നു ചെല്ലേണ്ട മറ്റൊരു രംഗം തെങ്ങുവളരുന്ന ഭൂമികളിലേക്കാണ്. അവിടെ കൃഷി ഭൂമി യഥാർത്ഥത്തിൽ തരിശു കിടക്കുകയാണ്. വാഴയും കിഴങ്ങിനങ്ങളും പച്ചക്കറിയും പല മരങ്ങളും ഇവിടെ കൃഷി ചെയ്യാം. അതിനു പഞ്ചായത്തുകളിൽ നീർത്തടപദ്ധതികൾ ബ്ലോക്ക് അടിസ്ഥാനത്തിൽ സർവ്വയി





ടത്തും വേഗം തയ്യാറാക്കണം. ഈ യത്നത്തിൽ കാസർഗോഡുള്ള കേന്ദ്ര തോട്ടവിള കാർഷികസർവ്വകലാശാല സ്ഥാപനങ്ങളും മറ്റു ഗവേഷണ സ്ഥാപനങ്ങളും കൃഷിവകുപ്പിന്റെ പരിശീലന കേന്ദ്രങ്ങളും മുന്നോട്ടു വന്നു സഹായിച്ചാൽ മാത്രമേ അതു വേഗം നടന്നുകിട്ടുകയുള്ളൂ. നീർത്തടപദ്ധതി അംഗീകരിച്ചാൽ കൃഷിക്കാരുടെ ഭൂമികളിലും തൊഴിൽദാനപദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താം. കൃഷിയിടങ്ങൾ പവർടില്ലർ ഉപയോഗിച്ച് ഉഴുതിട്ടുകൊടുക്കുക കൂടി ചെയ്യുന്ന പരിപാടി ഇതോടൊപ്പം നടപ്പാക്കിയാൽ തെങ്ങിൻ പുരയിടത്തിലും ഇടവിളയായി മരച്ചീനിയും കാച്ചിലും പയറും വാഴയും മുളകുമൊക്കെ കൃഷി ചെയ്യാം.

- പശു, കോഴി വളർത്തൽ രംഗത്ത് കേരളത്തനിമയിൽ തുടരാൻ ആഗ്രഹിക്കുന്നവർക്ക് ചെറിയതരം പശുക്കളും നാടൻ കോഴിക്കുഞ്ഞുങ്ങളും താറാവു കുഞ്ഞുങ്ങളും വിതരണം ചെയ്യുന്നതിനെപ്പറ്റി ആലോചിക്കേണ്ട സമയമാണിത്. ജോലിക്കാരെ ഒഴിവാക്കി ഗൃഹത്തിലെ അംഗങ്ങളെയും അയൽക്കാരെയും കൂട്ടിയിണക്കിയുള്ള ഒരു ചെറുകിട പശു, കോഴി, ആടുവളർത്തൽ പണ്ട് 'ഗാന്ധിസ്മാരക നിധി' ചിലയിടങ്ങളിൽ വളരെ മാതൃകാപരമായി നടത്തിയിരുന്നു. ഒരു വശത്ത് ഹൈടെക് ഡയറികളും 30-40 ലിറ്റർ പാൽ നൽകുന്ന പശുക്കളെ വളർത്തുന്ന സൂപ്പർ ശാസ്ത്രീയ യത്നങ്ങളും വരുമ്പോൾ യഥാർത്ഥത്തിൽ നാട്ടിൻപുറത്തു പാലും മുട്ടയും ഒക്കെ ക്രമേണ ഇല്ലാതാകുന്നു. കുഗ്രാമത്തിൽ വരെ ജനം ഇന്നു 'കവറുപാലിനു' കാത്തിരിക്കുന്ന കാഴ്ച സാധാരണം. അതേസമയം കൈയ്ക്കുള്ളിൽ ഒതുങ്ങുന്ന പശു, ആട്, കോഴി വളർത്തൽ മാതൃകകൾ പഞ്ചായത്തുകൾ രൂപം നൽകിയാൽ കുടുംബശ്രീകൾക്കും വീട്ടമ്മമാർക്കും വിദ്യാർത്ഥികൾക്കും ഇടത്തരക്കാർക്കും ഒക്കെ അത് ഒരു അനുഗ്രഹമായിരിക്കും. അവരുടെ ആവശ്യനിർവ്വഹണത്തിന് ഇത് ഉതകും. അതിനു സാമ്പത്തിക സഹായം കൂടുതലും സാങ്കേതിക പിന്തുണ കുറച്ചുംമതി എന്നതു പ്രത്യേകം ശ്രദ്ധേയമാണ്.
- ദൂരദർശനും പഞ്ചായത്ത് വകുപ്പും ശുചിത്വമിഷനും ചേർന്നു നടത്തിയ ഗ്രീൻ കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ പരിപാടിയിലൂടെ പുറത്തു വന്ന നിരവധി വിജയമാതൃകകളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിച്ചാൽ പഞ്ചായത്തുകൾക്കും ബ്ലോക്കുകൾക്കും ഒട്ടനവധി മികച്ച പദ്ധതികൾ രൂപപ്പെടുത്താൻ കഴിയും.
- ഈ രംഗത്തെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം കൃഷിയും പശുപരിപാലനവും ഭക്ഷ്യസുരക്ഷയും ഒക്കെ പഞ്ചായത്തിന്റെ മാത്രം ചുമതലയായി മാറരുത് എന്നതാണ്. ഗ്രാമതല പദ്ധതികൾക്ക് സംസ്ഥാനതലത്തിൽ നിന്നു താഴോട്ട് എല്ലാ രംഗത്തും ഏകോപനവും സാങ്കേതിക സഹായവും മറ്റു പിന്തുണയും നൽകണം. അതിനു പുറമേ പദ്ധതി നടത്തിപ്പിന്റെ പുരോഗതി കൃഷിയിടങ്ങൾ സന്ദർശിച്ചു പരിശോധിച്ചു വിലയിരുത്തി സഹായം നൽകുകയും തകരാറുകൾ കണ്ടുപിടിക്കുകയും തിരുത്താവുന്നവ തിരുത്തുകയും കുറ്റമുള്ളതാണെങ്കിൽ കൂടുതൽ അന്വേഷണ വിധേയമാക്കുന്നതും സാങ്കേതിക വകുപ്പുകളുടെ പ്രധാന ചുമതലയാക്കണം. ഇപ്പോഴത്തെ റിവ്യൂ യോഗങ്ങൾ സമ്മേളനങ്ങൾ മാത്രമായി തീരുന്നത് ശരിയല്ല. യഥാർത്ഥത്തിൽ കൃഷിയിടങ്ങളിൽ എന്തു നടക്കുന്നു എന്ന കാര്യം പരിശോധിക്കപ്പെടുന്നില്ല എന്നതാണു സത്യം!
- സാമ്പത്തിക വർഷം കഴിയുമ്പോൾ സർവ്വരും അടുത്ത വർഷത്തെ പരിപാടിയിലേക്കു മാറുന്നു. ഇതിനു മുമ്പു കഴിഞ്ഞ വർഷം പണം ചിലവാക്കിയതിന്റെ ഫലമായി ഉണ്ടായ ഭൗതിക നേട്ടം വിലയിരുത്തപ്പെടണം. അതു ജനങ്ങൾ അറിയുകയും വേണം.

ഗ്രാമതലത്തിലേക്കു പ്രവഹിക്കുന്ന പൊതുധനത്തിന്റെ 'വലിപ്പം' വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഭൗതിക വിഭവ സൃഷ്ടി കുറഞ്ഞുവരുന്നു! ഇത് എത്രകാലം രാജ്യത്തിനു താങ്ങാൻ കഴിയും. 71000 കോടിരൂപയുടെ കർഷക കടം എഴുതി തള്ളി രാഷ്ട്രം ചരിത്രം സൃഷ്ടിച്ചു. അതുപോലെ കൃഷിവായ്പകൾ ഓരോവർഷവും വളരെ വളരെ വർദ്ധിക്കുന്നു. ഉൽപ്പാദന ഉയർച്ച അതിനനുസരിച്ച് ഉണ്ടാകുന്നില്ല. അതേ സമയം വിലക്കയറ്റം ക്രമാതീതമായി ഉയരുന്നു. ഇതിനെ തടുക്കാൻ നാം വിഷമിക്കുന്നു. ഭക്ഷ്യസുരക്ഷയനുസരിച്ച് ധാന്യം മാത്രം ഉറപ്പു നൽകാൻ വേണ്ടിവരുന്ന ചിലവു തന്നെ വളരെ വലുതാണ്.

അപ്പോൾ ഭക്ഷ്യസുരക്ഷ ഔദ്യോഗിക ചട്ടവട്ടങ്ങൾക്കു പുറത്തേക്കു വരണം. വിശപ്പുള്ളവരും ആഹാരം ആവശ്യമുള്ള സർവ്വർക്കും പങ്കാളികളാകാൻ കഴിയും വിധം കൃഷിമേഖലയിലെ പരിപാടികൾക്കു മാറാൻ കഴിയണം. അതിന് ഒരുപക്ഷെ ഗ്രാമതല ഏകോപിത കൃഷിയജ്ഞങ്ങൾക്ക് കഴിയും. കഴിയണം. ഭക്ഷ്യസുരക്ഷയെന്നത് ഒരു സർവ്വജന പങ്കാളിത്തം നേടി എടുക്കുന്ന പ്രസ്ഥാനമാക്കി വളർത്തണം. പഞ്ചായത്ത് രാജ് പ്രസ്ഥാനത്തിന് അതിനുള്ള കരുത്ത് ഉണ്ടാകട്ടെ. ■

*ലേഖകൻ പ്രമുഖ കൃഷി ശാസ്ത്രജ്ഞനും കൃഷി വകുപ്പ് മുൻഡയറക്ടറുമാണ്*
*ഫോൺ: 9947460075*







## നാളികേര വികസന ബോർഡ്

# കേരകർഷകന്റെ രക്ഷയ്ക്ക്

ടി.കെ. ജോസ് ഐ.എ.എസ്

കാലാകാലങ്ങളായി കേരളീയരുടെ പൊതു ജീവിതത്തിൽ നാളികേരത്തിന്റെ സ്വാധീനം നിർണ്ണായകമാണ്. നാളികേരം ആഹാരവും ഔഷധവും ഐശ്വര്യപ്രദായിനിയുമാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ഭൂമിയിൽ കൃഷി ചെയ്യുന്ന വിളയാണ് തെങ്ങ്. 9 ലക്ഷം ഹെക്ടറിലാണ് ഇവിടെ തെങ്ങുകൃഷിയുള്ളത്. അതിനാൽ തന്നെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നാളികേരത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. തെങ്ങുകൃഷികൊണ്ട് ഒരു കുടുംബത്തിന്റെ ഉപജീവനം സുഭിക്ഷമായി നടത്തിയവരാണ് കഴിഞ്ഞ തലമുറകൾ. പഴയകാലത്ത്, തുണ്ടുഭൂമിയിൽ നിന്നു പോലും തെങ്ങിനൊപ്പം ഇടവിളകൾ കൃഷിചെയ്തും ആടുമാടുകളെ പരിപാലിച്ചും ജീവിതം കരുപ്പിടിപ്പിച്ചവരാണവർ. ഇന്നാകട്ടെ പലതരം രോഗ-കീട ബാധയും പ്രായമേറിയ തെങ്ങുകളുടെ ബാഹുല്യവും വർദ്ധിച്ചുവരുന്ന കൃഷിച്ചെലവും വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും കേരകർഷകന് ബാധ്യതയേറ്റുന്നു. ഇത്തരുണത്തിലാണ് കേരകർഷകരുടെ രക്ഷയ്ക്കായി നാളികേര വികസന ബോർഡ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രസക്തിയേറുന്നത്.

1981 ജനുവരിയിൽ പാർലമെന്റ് പാസ്സാക്കിയ നിയമം വഴി നിലവിൽവന്ന നാളികേര വികസന ബോർഡ് കേരളത്തിലെ 9 ലക്ഷം ഹെക്ടറിലെ പുരയിട കൃഷിയുൾപ്പെടെ രാജ്യത്തൊട്ടാകെ 19 ലക്ഷം ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാടിന്റെ ഐശ്വര്യപൂർണ്ണമായ ഭാവിക്കൊപ്പം കേരകർഷകന്റെയും സംരംഭകരുടെയും ഉപഭോക്താക്കളുടെയും ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഓരോ വ്യക്തിയുടെയും നന്മ ലക്ഷ്യമിട്ടുള്ള ബോർഡിന്റെ വിവിധ പദ്ധതികൾ താഴെപ്പറയുന്നു.

### ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും

ബോർഡിന്റെ വികസന പദ്ധതികളിൽ പ്രധാനം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവുമാണ്. ഈ പദ്ധതിയുടെ കീഴിൽ ഓരോ പ്രദേശത്തിനുമിണങ്ങിയ തെങ്ങിൻ തൈകൾ വളർത്തി വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ബോർഡ് രാജ്യത്ത് മൊത്തം ഏഴു പ്രദർശനവിത്തുത്പാദന തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിൽ എറണാകുളം ജില്ലയിലെ നേര്യമംഗലത്ത് ഒരു പ്രദർശനത്തോട്ടം (Demonstration cum Seed Production Farm - DSP Farm) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നെടിയയിനത്തിലും കുറിയയിനത്തിലും സങ്കരയിനത്തിലുംപെട്ട തെങ്ങിൻതൈകൾ ഉത്പാദിപ്പിച്ചു വിൽപന നടത്തുന്നു. ഈ വർഷം ഒരു ലക്ഷം തൈകളാണ് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നത്. ബോർഡിന്റെ എല്ലാ തോട്ടങ്ങളിലുമായി 11 ലക്ഷം തൈകളാണ് ഈ വർഷം ഉത്പാദിപ്പിക്കുന്നതിനു ലക്ഷ്യമിട്ടിരിക്കുന്നത്.

സ്വകാര്യമേഖലയിൽ നഴ്സറി സ്ഥാപിക്കുന്നതിനു ചെലവിന്റെ 25 ശതമാനം; പരമാവധി 2 ലക്ഷം രൂപ വരെ ബോർഡ് ധനസഹായം നൽകുന്നുണ്ട്. ഏറ്റവും ചുരുങ്ങിയത് 25 സെന്റ് സ്ഥലത്ത് 6250 തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നതിനു 50000 രൂപയും ഒരു ഏക്കറിൽ 25000 തൈകൾ ഉത്പാദിപ്പിക്കുന്നതിനു 2 ലക്ഷം രൂപവരെയുമാണു നൽകുന്നത്. സ്വകാര്യ വ്യക്തികൾക്കു തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്നുള്ള തെങ്ങിൻ തൈ നട്ട് വിത്തുതോട്ടം സ്ഥാപിക്കുന്നതിനു 6 ലക്ഷം രൂപവരെ ധനസഹായം നൽകുന്നു. മൂന്നു വർഷക്കാലയളവിലേക്ക് ഘട്ടംഘട്ടമായി നടപ്പാക്കുന്ന പദ്ധതിയിൽ ആദ്യവർഷം 3 ലക്ഷം രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ ഒന്നര ലക്ഷം രൂപവീതവുമാണു ധനസഹായം നൽകുക. ഇതിനു 10 ഏക്കർ അഥവാ 4 ഹെക്ടർ തെങ്ങു കൃഷിക്കനുയോജ്യമായ തുറസ്സായ സ്ഥലമുണ്ടായിരിക്കണം. വായ്പാബന്ധിത സബ്സിഡിയാണ് നൽകുന്നത്.

### തെങ്ങുകൃഷി വ്യാപനം

ബോർഡിന്റെ സ്ഥാപകലക്ഷ്യമായ തെങ്ങുകൃഷി വികസനത്തിനായി തുടക്കം മുതൽതന്നെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. തെങ്ങുകൃഷി വ്യാപനത്തിനുള്ള ബോർഡിന്റെ പദ്ധതിയിൽ പുതുകൃഷിക്കാണു ധനസഹായം നൽകുന്നത്. പുതിയതായി തൈകൾ നടുന്നതിനു ഹെക്ടറിന് 8000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. രണ്ടു തുല്യവാർഷിക ഗഡുക്കളായാണു ധനസഹായം നൽകുന്നത്.

### സമഗ്രകേരവികസന പദ്ധതി

കർഷകകൂട്ടായ്മയിലൂടെ യഥാസമയം സസ്യസംരക്ഷണമുറകൾ അവലംബിച്ചു നാളികേരോത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ബോർഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര കേരവികസന പരിപാടി 2005 മുതൽ നടപ്പിലാക്കി വരുന്നു. അടുത്തടുത്തായി സ്ഥിതിചെയ്യുന്ന ഏകദേശം 25 ഹെക്ടർ മുതൽ 50 ഹെക്ടർ വരെയുള്ള സ്ഥലത്തെ തെങ്ങിൻതോട്ടങ്ങളിലാണ് ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുന്നത്.

**1981 ജനുവരിയിൽ നിലവിൽവന്ന നാളികേര വികസന ബോർഡ് കേരളത്തിലെ 9 ലക്ഷം ഹെക്ടറിലെ പുരയിട കൃഷിയുൾപ്പെടെ രാജ്യത്തൊട്ടാകെ 19 ലക്ഷം ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.**

ഒരു ഹെക്ടറിൽ 175 തെങ്ങുകളെന്നു കണക്കാക്കി തെങ്ങൊന്നിന് 100 രൂപ നിരക്കിൽ ഹെക്ടറിന് 17500 രൂപയാണ് ധനസഹായം നൽകുക.

### സാങ്കേതികവിദ്യ പ്രദർശനം

നമ്മുടെ രാജ്യത്ത് കേരാധിഷ്ഠിത വ്യവസായത്തിന്റെ സമ്പൂർണ്ണ വികസനത്തിനും വളർച്ചയ്ക്കും പ്രോത്സാഹനമേകുകയെന്ന ഉദ്ദേശ്യത്തോടെയാണ് സാങ്കേതികവിദ്യാപ്രദർശനം എന്ന പദ്ധതിക്ക് ബോർഡ് രൂപംകൊടുത്തിരിക്കുന്നത്. ഇതിനായി നാളികേര സംസ്

കരണത്തിനുള്ള സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

ആലുവയിൽ, വാഴക്കുളത്ത് പ്രവർത്തിക്കുന്ന ബോർഡിന്റെ ടെക്നോളജി ഡെവലപ്മെന്റ് സെന്ററിൽ വിവിധതരം മൂല്യവർദ്ധിത നാളികേരോൽപന്നങ്ങളുടെ സാങ്കേതിക വിദ്യ പ്രദർശിപ്പിക്കുന്നതിനും സംരംഭകർക്കു പച്ചത്തേങ്ങയിൽ നിന്നും തേങ്ങവെള്ളം ഉപയോഗിച്ചു ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനു പരിശീലനം നൽകുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്.

**വിപണി വർദ്ധിപ്പിക്കൽ**

കേരോൽപന്നങ്ങൾക്കു മെച്ചപ്പെട്ട വിപണി ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ആവശ്യമായ പരിപാടികൾ നടപ്പിലാക്കുകയെന്നതാണ് ഈ പദ്ധതികൊണ്ടു ലക്ഷ്യമിടുന്നത്. കേരകർഷകന്റെ വരുമാനത്തിൽ വർദ്ധനയുണ്ടാകുന്നതിനു കൊപ്ര നിർമ്മാണവും ഇതര സംസ്കരണ പ്രവർത്തനങ്ങളും ആധുനികവൽക്കരിക്കുന്നതിന് കൊപ്ര ഡ്രയറോ മറ്റു സംസ്കരണ യന്ത്രങ്ങളോ സ്ഥാപിക്കുന്നതിന് അവയുടെ വിലയുടെ 25 ശതമാനം പരമാവധി 10,000 രൂപ വരെ ബോർഡ് ധനസഹായം നൽകുന്നുണ്ട്.

**വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ**

ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും കേരകൃഷി, വ്യവസായ, സംസ്കരണമേഖലകളിലെ നൂതന സാങ്കേതിക വിദ്യകളെ സംബന്ധിച്ചും ബോർഡ് പ്രാബല്യത്തിൽ വരുത്തിയ വികസന പ്രവർത്തനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുകയും ബോർഡിന്റെ പ്രവർത്തന മേഖലകളിൽ പങ്കാളികളാകാൻ അവരെ പ്രോത്സാഹിപ്പിക്കുകയുമാണു വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം. വിവിധ ഭാഷകളിൽ പ്രസിദ്ധീകരണങ്ങളും മലയാളം, ഇംഗ്ലീഷ്, കന്നട, തമിഴ്, തെലുങ്ക്, മറാത്തി ഭാഷകളിൽ ജേണലുകളും ബോർഡ് പുറത്തിറക്കുന്നുണ്ട്. പരമ്പരാഗത-പാരമ്പര്യേതര മേഖലകളിൽ ബോർഡിന്റെ പദ്ധതികൾ പ്രചാരത്തിലാക്കാൻ വിവിധ കേരാധിഷ്ഠിത വിഷയങ്ങളെ സംബന്ധിച്ചു സെമിനാറുകൾ സംഘടിപ്പിച്ചു കേരകൃഷി, വ്യവസായ-ശാസ്ത്രമേഖലകളിലുള്ളവരെ ബോധവൽക്കരിക്കുന്നു.

നാളികേരവികസന ബോർഡിന്റെ തീവ്ര ഉൽപന്ന പ്രചരണയജ്ഞ പരിപാടിയിലൂടെ അന്താരാഷ്ട്ര വിപണിയിൽ ഇളനീർ, ഡെസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപാൽപ്പൊടി, വെളിച്ചെണ്ണ, ഉത്തേജിത ചിരട്ടക്കരി, വെർജിൻ വെളിച്ചെണ്ണ എന്നീ കേരോല്പന്നങ്ങൾക്കു പ്രമുഖ സ്ഥാനമാണു ലഭിച്ചിരിക്കുന്നത്.

രാജ്യത്തിന്റെ വിവിധ മേഖലകളിലായി എക്സിബിഷനുകളിലും മെഗാ ഫെയറുകളിലും പങ്കെടുക്കുന്നതിലൂടെ കേരോല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും വിപണി വികസനത്തിനും സാഹചര്യമൊരുക്കുന്നു. കേരകൃഷി, ഉൽപന്ന വികസനം, ഉൽപന്നം മെച്ചപ്പെടുത്തൽ, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഉൽപന്ന വൈവിദ്ധ്യവൽക്കരണം, വിപണനം, കേരവികസനപ്രവർത്തനം, തെങ്ങുകയറ്റം എന്നീ മേഖലകളിൽ മികവു തെളിയിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി രണ്ടു വർഷത്തിലൊരിക്കൽ ബോർഡ് ദേശീയ അവാർഡ് നൽകുന്നുണ്ട്.

**നാളികേര ടെക്നോളജി മിഷൻ**

നാളികേരോൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവും നൂതന സംസ്കരണമാർഗ്ഗങ്ങളിലൂടെ മൂല്യവർദ്ധന ത്വരിതപ്പെടുത്തുന്നതും വഴി കേരവ്യവസായ മേഖല കൂടുതൽ ശക്തമാക്കുന്നതിനായി ബോർഡ് നാളികേര ടെക്നോളജി മിഷൻ പദ്ധതി നടപ്പിലാക്കുന്നു. കേരകർഷകർക്കു കൂടുതൽ വരുമാനം ലഭിക്കുവാനായി നാളികേരത്തിന്റെ പൂർണ്ണമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെ പുതിയ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങാൻ അവസരമൊരുക്കുകയും അവയ്ക്ക് കമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ട സാങ്കേതികവും സാമ്പത്തികവുമായ സഹായവും നൽകി വരുന്നു.

നാളികേര ടെക്നോളജി മിഷൻ വഴി മൂല്യവർദ്ധിത നാളികേരോൽപന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും/നവീകരിക്കുന്നതിനും, യൂണിറ്റിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് വിപണി വിപുലീകരിക്കുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു. പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടിവരുന്ന ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ വരെ വായ്പാബന്ധിത മൂലധന സബ്സിഡിയായി നൽകുന്നു. ഇതിലേക്കായി ചുരുങ്ങിയത് പദ്ധതി ചിലവിന്റെ 40 ശതമാനമെങ്കിലും ദീർഘകാല വായ്പയായി എടുത്തിരിക്കണം. ഈ പദ്ധതി വഴി ആനുകൂല്യം ലഭിക്കുന്നതിനായി സംരംഭകർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന കേര വ്യവസായ സംരംഭത്തിന്റെ ഒരു പ്രോജക്ട് തയ്യാറാക്കി സഹകരണ ബാങ്കുകളോ, ദേശസാൽകൃത ബാങ്കുകളോ വഴി, ബാങ്കിന്റെ പദ്ധതി വിലയിരുത്തൽ റിപ്പോർട്ടു സഹിതം ബോർഡിൽ സമർപ്പിക്കണം.

എന്നാൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് 40 ശതമാനത്തിനു പകരം, 25 ശതമാനം ദീർഘകാല വായ്പയേ ആവശ്യമുള്ളൂ. സഹകരണ ബാങ്കിന്റെ പ്രവർത്തനമിച്ചത്തിൽ നിന്നോ, അറ്റലാഭത്തിൽ നിന്നോ പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ചുരുങ്ങിയത് 15 ശതമാനം തുക ചിലവഴിക്കാവുന്നതാണ്. യഥാസമയം പദ്ധതി പൂർത്തീകരിച്ചാൽ സഹകരണ ബാങ്കുകൾക്ക് വായ്പയ്ക്ക് തുല്യമായ തുക സബ്സിഡിയായി ലഭിക്കും.

വായ്പയ്ക്ക് നൽകേണ്ട പലിശയിൽ നിന്ന് ഒഴിവാകുവാനും കഴിയും. ഇതു കൂടാതെ കേരോൽപന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനു മാദ്ധ്യമങ്ങളിലൂടെ ഉൽപന്നങ്ങളുടെ പരസ്യം നൽകുന്നതിനോ എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനോ സൂപ്പർ മാർക്കറ്റുകളിൽ ഡിസ്പ്ലേ സൗകര്യങ്ങൾ ഒരുക്കുന്നതിനോ സൗകര്യങ്ങൾ വാടകയ്ക്കെടുക്കുന്നതിനോ ഉൽപന്നങ്ങൾ ആകർഷകമായി പായ്ക്കു ചെയ്യുന്നതിനോ പദ്ധതി ചെലവിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ വ്യക്തികൾക്കും പരമാവധി 25 ലക്ഷം രൂപ വരെ സഹകരണ സ്ഥാപനങ്ങൾക്കും ധനസഹായം നൽകുന്നതാണ്.

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി പായ്ക്കു ചെയ്ത തേങ്ങാ വെള്ളം, തേങ്ങാ വെള്ളത്തിൽ നിന്നു വിന്നാഗിരി, ഡെസിക്കേറ്റഡ് കോക്കനട്ട്, കൊഴുപ്പു നീക്കിയ തേങ്ങപ്പൊടി, തേങ്ങാ ക്രീം, പായ്ക്കറ്റിലാക്കിയ തേങ്ങാപ്പാൽ, തേങ്ങാപാൽപ്പൊടി, പായ്ക്ക് ചെയ്ത ബ്രാൻഡ് ചെയ്ത അഗ്മാർക്കുള്ള വെളിച്ചെണ്ണ, വെർജിൻ വെളിച്ചെണ്ണ (VCO), തേങ്ങ ചിപ്സ്, തെങ്ങിൻ ശർക്കര, സ്നോ ബോൾ കരിക്ക്, ചിരട്ടപ്പൊടി, ചിരട്ടക്കരി, ആക്ടിവേറ്റഡ് കാർബൺ, ചിരട്ടയിലും തെങ്ങിൻ തടിയിലും നിർമ്മിച്ച കരകൗശല വസ്തുക്കൾ തുടങ്ങിയ കേരോൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ, തെങ്ങിൻ തടി സംസ്കരണ യൂണിറ്റുകൾ, കൊപ്രാഡ്രയർ, സംസ്കരണ യൂണിറ്റുകൾ, വ്യാവസായിക പ്രയോജനമുള്ള സാങ്കേതികവിദ്യയനുസരിച്ച് നിർമ്മിക്കപ്പെടുന്ന പുതിയതും നൂതനവുമായ നാളികേരാധിഷ്ഠിത ഉൽപന്നങ്ങൾ എന്നിവയ്ക്കാണു ബോർഡ് ധനസഹായം നൽകുന്നത്.

**തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി**

രോഗം മൂർച്ഛിച്ചും പ്രായാധിക്യം മൂലവും ഉത്പാദനക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം സ്ഥലമുണ്ടെങ്കിൽ മാത്രം ഗുണമേന്മയുള്ള തൈകൾ നട്ടും ശാസ്ത്രീയ പരിപാലനമുറകൾ അവലംബിച്ചും നമ്മുടെ തെങ്ങിൻ തോട്ടങ്ങൾക്ക് ഒരു പുതുജീവൻ നൽകുക വഴി നാളികേര വികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി 2009-10 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി. കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ ജില്ലകളിലും ആന്തമാൻ നിക്കോബാർ ദ്വീപുകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ഒരു ഹെക്ടർ സ്ഥലത്തുനിന്ന് പരമാവധി 32 ഉത്പാദനശേഷി തീരെ കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് 13,000 രൂപ ധനസഹായമായി നൽകുന്നു. പകരം തൈവയ്ക്കുന്നതിന് ഒന്നിനു 20 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ശാസ്ത്രീയ പരിചരണമുറകൾ അവലംബിക്കുന്നതിനു വേണ്ടിവരുന്ന ചെലവിന്റെ 25 ശതമാനം പരമാവധി ഒരു ഹെക്ടറിന് 7500 രൂപ എന്ന നിരക്കിൽ 2 വർഷം ആനുകൂല്യങ്ങൾ നൽകുന്നു.

**കേരസുരക്ഷ ഇൻഷുറൻസ്**

തെങ്ങുപോലെ ഉയരമുള്ള ഒറ്റത്തടി വൃക്ഷത്തിൽ കയറുന്നതിലുള്ള കഠിന പ്രയത്നവും അപകട സാധ്യതയും കാരണം ഈ രംഗത്ത് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയാൽ മാത്രമേ കൂടുതൽ പേർ ഈ തൊഴിലിൽ ഏർപ്പെടാൻ ധൈര്യപ്പെടുകയുള്ളൂ.

ഈ സാഹചര്യത്തിലാണ് നാളികേര വികസന ബോർഡ്, യൂണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് തെങ്ങു കയറ്റത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി ഇൻഷുറൻസ് സുരക്ഷ ഒരു പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയത്. കേരളത്തിൽ തെരഞ്ഞെടുത്ത ജില്ലകളിൽ മാത്രം നടപ്പിലാക്കിയിരുന്ന ഈ പദ്ധതി ഇപ്പോൾ മറ്റു ജില്ലകളിലും നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

തുടക്കത്തിൽ ഒരു വർഷത്തേക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുക. തൊഴിൽ സമയത്തു സംഭവിക്കുന്ന അപകടങ്ങൾ മാത്രമല്ല ഇൻഷുറൻസ് കാലയളവിൽ സംഭവിക്കുന്ന എല്ലാ അപകടത്തിനും ഈ പദ്ധതിയിൽ സംരക്ഷണം ലഭിക്കുന്നു.

**കേരവൃക്ഷ ഇൻഷുറൻസ്**

കേരകർഷകർക്കുണ്ടാകുന്ന നഷ്ടം ഒരു പരിധിവരെയെങ്കിലും നികത്തുക എന്ന ഉദ്ദേശത്തോടെ നാളികേര വികസന ബോർഡ് ഭാരതസർക്കാരിന്റെ ഉടമസ്ഥതയിലുള്ള അഗ്രികൾച്ചർ ഇൻഷുറൻസ് കമ്പനി മുഖേന തെങ്ങിന് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവും കായ്ഫലവുമുള്ള എല്ലായിനം തെങ്ങുകളും ഇൻഷുറൻസിനു പരിഗണനാർഹമാണ്. 4-7 വർഷം മുതൽ 60 വർഷംവരെ പ്രായമുള്ള തെങ്ങുകളെയാണ് ഇൻഷുറൻസ് പദ്ധതിയിൽ പരിഗണിക്കുന്നത്. നേരത്തെ കായ്ച്ചു തുടങ്ങുന്നതിനാൽ 4 വർഷം പ്രായമുള്ള ആരോഗ്യവും കായ്ഫലവുമുള്ള കുറിയയിനം, സങ്കരയിനം തെങ്ങുകളേയും ഈ പദ്ധതിയിൽ പെടുത്തിയിട്ടുണ്ട്. ഇൻഷുറൻസ് പോളിസിയെടുക്കുന്നതിന് ഒരു കർഷകന് കുറഞ്ഞത് കായ്ഫലമുള്ള പത്തു തെങ്ങുകൾ ഉണ്ടായിരിക്കണം. തെങ്ങുകളെ 4/7-15 വർഷം വരെയും 16-60 വർഷം വരെയുമുള്ള രണ്ടു വിഭാഗങ്ങളായി തരം തിരിച്ചാണു പ്രീമിയവും ഇൻഷുറൻസ് തുകയും നിശ്ചയിച്ചിരിക്കുന്നത്. ആദ്യ വിഭാഗത്തിൽ സർവ്വീസ് ടാക്സടക്കം പ്രീമിയം തെങ്ങൊന്നിനു 4.69 രൂപയും രണ്ടാമത്തേതിനു 6.35 രൂപയുമാണ്. ഇൻഷുറൻസ് തുക യഥാക്രമം 600 രൂപയും 1150 രൂപയുമാണ്. പ്രീമിയത്തിന്റെ 50 ശതമാനം നാളികേര വികസന ബോർഡും 25 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ബാക്കി 25 ശതമാനം കർഷകനാണു നൽകേണ്ടത്. 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാത്ത സാഹചര്യത്തിൽ കർഷകന്റെ പങ്ക് 50 ശതമാനമായിരിക്കും.

**തെങ്ങുകളുടെ ചങ്ങാതിക്കൂട്ടം (Friends of Coconut Tree)**

യന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ പുതുതായി 5000 യുവതീ-യുവാക്കളെ കണ്ടെത്തി ഈ മേഖലയിലെ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ ഒരു നൂതന പദ്ധതിക്കു രൂപം നൽകിയിരിക്കുകയാണ് ബോർഡ്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ എന്നു പ്രിന്റ് ചെയ്ത ജേഴ്സിയും ട്രാക്ക് സ്യൂട്ടും ക്യാപ്പുമണിഞ്ഞു ടൂൾ ബാഗിൽ തെങ്ങു കയറ്റയന്ത്രവും കരുതി ടൂവീലറിലെത്തുന്ന ഇവരെ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ട'മെന്നു നാമകരണം ചെയ്തിരിക്കുന്നു.

**എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ**

കേന്ദ്ര വാണിജ്യ മന്ത്രാലയം നാളികേര വികസന ബോർഡിനെ 'എക്സ്പോർട്ട് പ്രമോഷൻ കൗൺസിലായി' നിയമിച്ചിരിക്കുന്നു. ഇതുപ്രകാരം കയർ ഉൽപ്പന്നങ്ങൾ ഒഴിച്ചുള്ള നാളികേരാധിഷ്ഠിത ഉൽപന്നങ്ങളെല്ലാം നാളികേര വികസന ബോർഡിന്റെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നു.

അതിനാൽ നാളികേര ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് കയറ്റുമതി പ്രോത്സാഹനത്തിനായി അനുവദനീയമായ ഏതൊരു ആനുകൂല്യത്തിനുമുള്ള അർഹത ലഭിക്കുന്നതിനു ബോർഡ് നൽകുന്ന രജിസ്ട്രേഷൻ കം മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് അത്യന്താപേക്ഷിതമാണ്. ബോർഡ് എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ആയതുമുതൽ 2011 മാർച്ച് 31 വരെ നാളികേര ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന 416 പേർ ബോർഡിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

ബോർഡിന്റെ പ്രവർത്തനഫലമായി ഇന്ത്യയിൽനിന്നുള്ള നാളികേരത്തിന്റെയും നാളികേരോൽപന്നങ്ങളുടേയും കയറ്റുമതി പുതിയ ഉയരങ്ങൾ താണ്ടി. 2010-11ൽ കയറ്റുമതിയിൽ 24 ശതമാനം വർദ്ധനയാണു രേഖപ്പെടുത്തിയത്.

**ഭാവി പരിപാടികൾ**

വെളിച്ചെണ്ണവിലയെ മാത്രം ആധാരമാക്കിയാണ് ഇക്കാലമത്രയും നാളികേരത്തിന്റെ വില നിശ്ചയിച്ചിരുന്നത്. നാളികേരവിപണിയിലെ ഈ സ്ഥിതി മാറണമെങ്കിൽ ഉൽപന്ന വൈവിധ്യവൽക്കരണം പരമാവധി വർദ്ധിപ്പിക്കുകയും അതോടൊപ്പം സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും വേണം. പായ്ക്കറ്റിലാക്കിയ ഇളനീർ, വെർജിൻ കോക്കനട്ട് ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട്, നാളികേര ചിപ്സ്, ഉത്തേജിത കരി തുടങ്ങിയ പ്രധാനപ്പെട്ട മൂല്യവർദ്ധിത ഉൽപന്നങ്ങൾ വഴി വിപണിയിൽ സ്ഥിരത നേടാനാവും. ഇതു നാളികേരത്തിന് ഉയർന്ന വില ലഭിക്കാൻ സാദ്ധ്യതയുമൊരുക്കും. ഇതിലേക്കു ടെക്നോളജി മിഷനുൾപ്പെടെയുള്ള പദ്ധതികളിലൂടെ കർഷകകൂട്ടായ്മ മുതൽ വൻകിട സംരംഭകർക്കു വരെ സാങ്കേതിക വിദ്യയും സബ്സിഡിയും മറ്റു ആനുകൂ ല്യങ്ങളും ബോർഡ് നൽകി വരുന്നു. നാളികേരത്തിന് സ്ഥിരതയുള്ള വില ലഭിക്കണമെങ്കിൽ ഇങ്ങനെ വെളിച്ചെണ്ണയ്ക്കു പുറമെ നാളികേരത്തിന്റെ മറ്റുല്പന്നങ്ങളുടെയും കൂടി വർദ്ധിച്ച തോതിലുള്ള ഉല്പാദനത്തിലേക്ക് നാം അടിയന്തരശ്രദ്ധ തിരിക്കേണ്ടതുണ്ട്.

*ശേഷം പേജ് 32*



# നെൽക്ക്യഷിയും വിത്തുല്പാദനവും

വി.വി. പുഷ്പാംഗദൻ

അയ്യായിരത്തിലധികം വർഷം പഴക്കമുള്ള ഒരു ധാന്യവിളയാണ് നെല്ല്. 'ഒറൈസ സാറ്റൈവ' (Oryza sativa) എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന നെല്ല് ലോകജനസംഖ്യയുടെ പകുതിയും മുഖ്യാഹാരമാക്കിയിട്ടുണ്ട്. ഏഷ്യൻ രാജ്യങ്ങളിലാണ് കൂടുതലായും നെല്ലു കൃഷി ചെയ്യുന്നത്. നെല്ലിന്റെ മൂന്നു ഉപജാതികളാണ് ലോകത്തുള്ളത്. 'ഇൻഡിക്കാ', 'ജപ്പോണിക്ക', 'ജാവാനിക്ക' എന്നിവയാണ് ഈ മൂന്നു ജാതികൾ. രണ്ടായിരത്തിലധികം ഇനങ്ങൾ ഈ മൂന്നു ഉപജാതികളിലും കൂടിയുണ്ട്. 'ജപ്പോണിക്ക' ഇനങ്ങൾ കുറിയവയും കൂടുതൽ വിളവു തരുന്നവയുമാണ്. ജപ്പാനിലാണ് കൂടുതലായും കൃഷി ചെയ്യുന്നത്. ഇന്ത്യ, ചൈന, ഫിലിപ്പൈൻസ്, തൈവാൻ, പാകിസ്ഥാൻ മുതലായ ഉഷ്ണമേഖലാ രാജ്യങ്ങളിലാണ് 'ഇൻഡിക്ക' ഇനങ്ങൾ ഉള്ളത്. ജാവ, ഇൻഡോനേഷ്യ രാജ്യങ്ങളിലാണ് 'ജാവാനിക്ക' ഇനങ്ങൾ ഉള്ളത്. വിളവുകുറഞ്ഞ ഇൻഡിക്കാ ഇനങ്ങളാണ് ലോകത്ത് 90%വും കൃഷിചെയ്യുന്നത്. വിളവു വർദ്ധിപ്പിക്കാൻ വിളവു കൂടിയ ഇനങ്ങളായ 'ജപ്പോണിക്ക' ഇനങ്ങളുമായി 'ഇൻഡിക്ക' ഇനങ്ങൾ ക്രോസ് ചെയ്യുകയാണ് ചെയ്യുന്നത്. ഓരോ നെൽ കൃഷി മേഖലയിലും ഇത്തരം ക്രോസ് ചെയ്തുണ്ടാക്കുന്ന ഇനങ്ങൾ കൂടിയ വിളവു തരാൻ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന രീതിയിലാക്കി മാറ്റുന്നതിന് ഗവേഷണങ്ങൾ നടത്തുകയും ഓരോ കാലാവസ്ഥയ്ക്കും ഇണങ്ങുന്ന ഇനങ്ങൾ കണ്ടുപിടിക്കുകയുമാണ് ചെയ്യുന്നത്. അതിനായി എല്ലാ രാജ്യങ്ങളും സംസ്ഥാനങ്ങളിൽ നെല്ലു ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. പട്ടാമ്പി, വൈറ്റില, മാങ്കൊമ്പ് എന്നിവിടങ്ങളിലാണ് നമ്മുടെ സംസ്ഥാനത്തെ പ്രധാന നെല്ലുഗവേഷണ കേന്ദ്രങ്ങൾ.. ഒറീസ്സയിലെ കട്ടക്ക് നെല്ലുഗവേഷണ കേന്ദ്രം, തമിഴ്നാട്ടിലെ, അംബാസമുദ്രം, ആടുതുറൈ എന്നീ നെല്ലുഗവേഷണ കേന്ദ്രങ്ങളും പ്രസിദ്ധമാണ്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും രോഗപ്രതിരോധവും അത്യുല്പാദനശേഷിയും ഉള്ള നെല്ലിനങ്ങൾ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ എല്ലാ നെൽകൃഷി സ്ഥലത്തും ആവശ്യമായ ഗുണമേന്മയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തു തയ്യാറാക്കി എത്തിച്ചു നൽകിയാൽ മാത്രമെ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയൂ. ഇത്തരത്തിൽ വിത്തു തയ്യാറാക്കി നൽകുന്നതിനു വളരെ തീവ്രമായ പരിപാടികൾ ഗവേഷണ കേന്ദ്രങ്ങൾ, വിത്തുല്പാദന കേന്ദ്രങ്ങൾ, പാടശേഖര സമിതികൾ, വിത്തുസംഭരണ വിതരണ ഏജൻസികൾ എന്നിവ കേന്ദ്രീകരിച്ചു നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്.

സംസ്ഥാനത്ത് നെൽക്ക്യഷി നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു. നാട്ടും കൊയ്ത്തും മെതിയും ഉത്സവങ്ങളായിരുന്നു. കന്നുപൂട്ടും തേക്കുപാട്ടും ഗ്രാമീണ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു. 1980–81 കാലഘട്ടത്തിൽ 8 ലക്ഷത്തോളം ഹെക്റിൽ നെൽക്ക്യഷിയുണ്ടായിരുന്നു കേരളത്തിൽ. പത്തു വർഷം കഴിഞ്ഞ് 1990–91 ൽ കണക്കു കൂട്ടിയപ്പോൾ 5.5 ലക്ഷം ഹെക്ടറായി കുറഞ്ഞു. വീണ്ടും പത്തുവർഷം കഴിഞ്ഞപ്പോൾ 3 ലക്ഷമായി. വീണ്ടും പത്തുവർഷം കഴിഞ്ഞ് 2010 ആയപ്പോഴേക്കും 2.34 ലക്ഷം ഹെക്ടറായി കുറഞ്ഞു. പല കാരണങ്ങൾ പറയാനുണ്ടെങ്കിലും മറ്റു കൃഷികളുമായി ഒത്തുനോക്കുമ്പോൾ നെൽക്ക്യഷി ലാഭകരമല്ലാതായി മാറിയതായിരുന്നു പ്രധാന കാരണമെന്നു കാണാം. അരിവില ഇരുപതു വർഷത്തോളം കാര്യമായി വർദ്ധിക്കാതെ നിലനിന്നുപോന്നു. വെള്ളപ്പൊക്കവും വരൾച്ചയും കീടരോഗബാധകളും നെൽക്ക്യഷിയെയും നെൽക്ക്യഷിക്കാരെയും സാരമായി ബാധിച്ചിരുന്നു. എന്നാൽ ഇന്നു സ്ഥിതിയാകെ മാറിപ്പോയി. നെല്ലിനു നല്ലവില നൽകി സർക്കാർ സംഭരിക്കുന്നു. സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും വിവിധ ഭക്ഷ്യസുരക്ഷാപദ്ധതിയുടെ ഭാഗമായി അനേകം സഹായങ്ങൾ കർഷകർക്ക് നൽകിവരുന്നു. പ്രകൃതി ക്ഷോഭം മൂലം കൃഷി നശിച്ചാലും കീടരോഗബാധമൂലം കൃഷി നശിച്ചാലും കർഷകന് ഇൻഷുറൻസ് സഹായം എത്തിക്കുന്നു. മേൽത്തരം വിത്ത് സൗജന്യമായി നൽകുന്നു. പലിശയില്ലാതെ വായ്പ നൽകുന്നു. മാർക്കറ്റിൽ അരിക്കു നല്ല വില ലഭിക്കുന്നു. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ നെൽക്ക്യഷി ചെയ്യാൻ തയ്യാറെടുക്കുന്ന കുടുംബശ്രീ പോലുള്ള സംഘങ്ങൾക്കു സഹായങ്ങൾ നൽകുന്നു. തൊഴിലാളി ക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും നടീലിനും കൊയ്ത്തിനും യന്ത്രമെത്തിക്കാൻ സർക്കാർ സഹായം നൽകുന്നു. ഇനിയുള്ള 2.34 ലക്ഷം ഹെക്ടർ നെൽക്ക്യഷി സംരക്ഷിച്ചു നിർത്താൻ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വന്നു കഴിഞ്ഞു. കുറഞ്ഞ തോതിലെങ്കിലും പാവപ്പെട്ട നെൽക്ക്യഷിക്കാർക്കു പെൻഷൻ നൽകിവരുന്നു. സംസ്ഥാന സർക്കാർ വിവിധ നെൽക്ക്യഷി മേഖലകളിൽ പ്രത്യേകം പ്രത്യേകം പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനു പതിനൊന്നു നെൽക്ക്യഷി വികസന ഏജൻസികൾ രൂപീകരിച്ചു. ബണ്ടു പുനർനിർമ്മാണത്തിനും മറ്റും സഹായം നൽകുന്നു. ത്രിതല പഞ്ചായത്തുകൾ അനേകം പ്രാദേശിക പദ്ധതികൾ രൂപീകരിച്ചു നടപ്പിലാക്കി വരുന്നു. വിത്തുല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്കു വിത്തിന് ഉയർന്ന സംഭരണ വില നൽകുന്നു. നെൽക്ക്യഷി മേഖല കേരളത്തിൽ ഉണർന്നു കഴിഞ്ഞു. നെൽക്ക്യഷി ആകർഷകമായി. ഒരു ലക്ഷം ഹെക്ടർ നെൽക്ക്യഷികൂടി അധികമായി കൊണ്ടുവരാൻ യാതൊരു പ്രയാസവുമില്ല. ഓരോ ഗ്രാമപഞ്ചായത്തും 10 ഹെക്ടർ വീതം പുതുതായി നെൽക്ക്യഷി ചെയ്യാൻ തയ്യാറായാൽ 10 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടർ കൂടി നെൽക്ക്യഷി മേഖലയിൽ കൊണ്ടുവരാം.

നെൽക്ക്യഷി മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഇനിപറയാം.

### 1. സർട്ടിഫൈഡ് വിത്തുല്പാദന പദ്ധതി

നെല്ല് ഗവേഷണ കേന്ദ്രങ്ങളിൽ ഉണ്ടാക്കുന്ന ബ്രീഡർ വിത്ത് കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്നതാണു ഫൗണ്ടേഷൻ വിത്ത്. ഫൗണ്ടേഷൻ വിത്ത് തിരഞ്ഞെടുത്ത പാടശേഖരങ്ങൾക്കു നൽകി വീണ്ടും കൃഷി ചെയ്തു തയ്യാറാക്കുന്നതാണു സർട്ടിഫൈഡ് വിത്ത്. ഓരോ തവണ കൃഷി ചെയ്യുമ്പോഴും 30 മുതൽ 40 ഇരട്ടിവരെ വിത്തുണ്ടാക്കുന്നു. കർഷകർക്കു കൃഷിചെയ്യാൻ സർട്ടിഫൈഡ് വിത്തു തയ്യാറാക്കുന്നതു തിരഞ്ഞെടുത്ത പാടശേഖങ്ങളെ വിത്തുല്പാദനത്തിനു രജിസ്റ്റർ ചെയ്തിട്ടാണ്. പാടശേഖരങ്ങൾക്ക് ആവശ്യമായ വിത്ത് സൗജന്യമായി നൽകും. കൃഷി ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഉല്പാദിപ്പിച്ചെടുക്കുന്ന വിത്ത് കർശന ഗുണനിയന്ത്രണങ്ങൾക്കു വിധേയമാക്കണം. വിത്തു പരിശോധനാ ലാബിൽ നിന്നും വിത്തു നല്ലതാണെന്ന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ കൃഷി ഡയറക്ടറേറ്റിൽ നിന്നും സർട്ടിഫിക്കറ്റു നൽകും. സർട്ടിഫിക്കറ്റു കിട്ടിക്കഴിഞ്ഞാൽ ഉയർന്ന വിലയ്ക്കു സംസ്ഥാന വിത്തുവികസന അതോറിറ്റി വിത്ത് സംഭരിക്കും. ഇപ്പോൾ ഒരു കിലോ വിത്തിനു 19 രൂപ നൽകിയാണു സംഭരിക്കുന്നത്. ഒരു ഹെക്ടറിൽനിന്നും 4 ടൺ വിത്തുവരെ ലഭിക്കാറുണ്ട്. ഒരു ഹെക്ടറിൽനിന്നും 76000 രൂപവരെ ലഭിക്കുന്ന കർഷകരുണ്ട്.

പാലക്കാട്, തൃശൂർ, മലപ്പുറം, കോട്ടയം എറണാകുളം, ആലപ്പുഴ ജില്ലകളാണു വിത്തുല്പാദനത്തിൽ മുന്നിലെങ്കിലും മഴകുറഞ്ഞ പാലക്കാടാണു വിത്തുല്പാദനത്തിൽ ഏറ്റവും മുന്നിൽ. ജ്യോതി, ഉമ, ഐശ്വര്യ, കാഞ്ചന, ആതിര മുതലായ വിത്തിനങ്ങളാണു കേരളത്തിൽ കൂടുതലും കൃഷി ചെയ്യുന്നത്.

### വിത്തുല്പാദനത്തിൽ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വിത്തുല്പാദനത്തിന് അപേക്ഷയും 25 രൂപ 0401–00–800–84 ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചലാനും പാടശേഖരസമിതികൾ കൃഷിഭവനിൽ നൽകണം.
2. 510 രൂപ തൃശൂരിലുള്ള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ അടച്ച് അംഗത്വം എടുക്കണം.
3. ഒരു പാടശേഖരസമിതി കുറഞ്ഞത് 10 ഹെക്ടറും കർഷകൻ നേരിട്ടാണെങ്കിൽ 2 ഹെക്ടറും വിത്തിനായി കൃഷിചെയ്യണം.
4. കൃഷിഭവനിൽ നിന്നും നൽകുന്ന ഫൗണ്ടേഷൻ വിത്തു മാത്രമെ കൃഷിയിറക്കാവൂ. ഹെക്ടറിനു 80 കിലോഗ്രാം ഫൗണ്ടേഷൻ വിത്ത് സൗജന്യമാണ്.
5. വിത്തിനായി കൃഷി ചെയ്യാനുദ്ദേശിക്കുന്ന പാടം മുൻസീസണിൽ അതേ ഇനം വിത്ത് കൃഷിചെയ്തതായിരിക്കണം.
6. വിത്തിനായി കൃഷി ചെയ്യുമ്പോൾ ഞാറ്റടി തയ്യാറാക്കി പറിച്ചു നടീൽ അവലംബിക്കേണ്ടതാണ്.
7. ഞാറ്റടി തയ്യാറാക്കുന്നത് കഴിയുന്നതും കഴിഞ്ഞ സീസണിൽ നെൽക്ക്യഷി ചെയ്ത സ്ഥലത്താകരുത്.
8. വിത്തുല്പാദനത്തിനായി തിരഞ്ഞെടുക്കുന്ന സ്ഥലം മറ്റു വിത്തിനങ്ങൾ കൃഷിചെയ്യുന്ന പാടവുമായി കുറഞ്ഞത് 3 മീറ്ററെങ്കിലും അകലമുണ്ടായിരിക്കണം.
8. കതിരുവരുന്നതിനു മുൻപും കതിരുവന്നതിനു ശേഷവും കൊയ്ത്തിനു മുൻപും മൂന്നുതവണ വിത്തുപ്ലോട്ടിൽ നിന്നും കളകളും കലർപ്പിനങ്ങളും നീക്കം ചെയ്യേണ്ടതാണ്.
9. കർഷകർ വിത്ത് മെതിച്ചെടുക്കുമ്പോഴും വിത്ത് വൃത്തിയാക്കുമ്പോഴും മറ്റു വിത്തുകളുമായി കൂടി ചേരാതെ ശ്രദ്ധിക്കണം.
10. ബ്ലോക്കുതലത്തിലുള്ള അസിസ്റ്റന്റ് ഡയറക്ടർ വിത്തുപ്ലോട്ടുകൾ 3 തവണ ഇൻക്വസ്റ്റ് ചെയ്യുകയും വൃത്തിയാക്കിയ വിത്തിന്റെ സാമ്പിളുകൾ എടുത്തു ലാബിൽ പരിശോധനയ്ക്കയയ്ക്കുകയും ചെയ്യും. ഇതുമായി കർഷകർ സഹകരിക്കേണ്ടതാണ്.
11. പരിശോധനാ റിപ്പോർട്ട് വിത്തു പരിശോധനാ ലാബിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ കൃഷി ഡയറക്ടറേ



നെൽക്ക്യഷി മേഖല കേരളത്തിൽ ഉണർന്നു കഴിഞ്ഞു. നെൽക്ക്യഷി ആകർഷകമായി. ഒരു ലക്ഷം ഹെക്ടർ നെൽക്ക്യഷികൂടി അധികമായി കൊണ്ടുവരാൻ യാതൊരു പ്രയാസവുമില്ല. ഓരോ ഗ്രാമപഞ്ചായത്തും 10 ഹെക്ടർ വീതം പുതുതായി നെൽക്ക്യഷി ചെയ്യാൻ തയ്യാറായാൽ 10 വർഷംകൊണ്ട് ഒരു ലക്ഷം ഹെക്ടർ കൂടി നെൽക്ക്യഷി മേഖലയിൽ കൊണ്ടുവരാം.



പഞ്ചായത്ത് രാജ്

റ്റിലെ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) നൽകുന്ന സർട്ടിഫിക്കറ്റ് അനുസരിച്ചു സംസ്ഥാന വിത്തു വികസന അതോറിറ്റി പാടശേഖരത്തിൽ വന്നു വിത്ത് വീണ്ടും വൃത്തിയാക്കി ചാക്കുകളിൽ നിറച്ചു സീൽ ചെയ്തു പാക്കു ചെയ്തു സംഭരിക്കും. ഇത്തരത്തിൽ സംഭരിക്കുന്ന വിത്തിന് ടണ്ണിന് 19000 രൂപ കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ സംസ്ഥാന വിത്തു വികസന അതോറിറ്റി ജോയിന്റ് ഡയറക്ടർ നൽകും.

ഒരു വർഷം 10000 ടണ്ണോളം സർട്ടിഫൈഡ് വിത്ത് കേരളത്തിലെ രജിസ്റ്റർ ചെയ്ത 150 ഓളം പാടശേഖരത്തിലെ കർഷകരിൽ നിന്നും സംഭരിച്ച് 19 കോടി രൂപ സംസ്ഥാന വിത്തുവികസന അതോറിറ്റി നൽകി വരുന്നുണ്ട്. പഞ്ചായത്തിന്റെ സഹകരണത്തോടെ ഇത്തരത്തിൽ വിത്തുല്പാദന പരിപാടി നടപ്പിലാക്കി വരുന്ന തൃശൂർ ജില്ലയിലെ വല്ലച്ചിറ പഞ്ചായത്തിലെ ചാപ്പക്കായൽ പാടശേഖര സമിതി തയ്യാറാക്കി സമർപ്പിച്ച കണക്കുകൾ പരിശോധിച്ചാൽ ഹെക്ടറിനു 33512 രൂപ ചിലവും വരവു 87500 രൂപയും അറ്റാദായം ഹെക്ടറിനു 53988 രൂപയുമാണെന്നു കാണാം. പാടശേഖരത്തിലെ 84 കർഷകരെയും സഹകരിപ്പിച്ചു കൃഷിഭവനിൽ നിന്നും പഞ്ചായത്തിൽ നിന്നും സഹായങ്ങൾ എത്തിച്ചു പദ്ധതി വിജയിപ്പിച്ചതു പാടശേഖരസമിതി സെക്രട്ടറി ജയന്തന്റെ നേതൃപാടവം ഒന്നുകൊണ്ടുമാത്രമാണ്. ഈ പാടശേഖരത്തിൽ പായ്ഞാറ്റടി തയ്യാറാക്കി നടീൽ യന്ത്രം ഉപയോഗിച്ചു നടുന്നു. കൊയ്ത്തുമെതിയന്ത്രവും മെതിയന്ത്രവും 100% ആളുകളും ഉപയോഗപ്പെടുത്തുന്നു. സംയോജിത കീടനിയന്ത്രണം (1PM), സംയോജിത വളപ്രയോഗം (1NM) നടത്തി തുടർച്ചയായി 2001 മുതൽ 10 വർഷമായി വിത്തുല്പ്പാദിപ്പിച്ചു നൽകുന്ന പാടശേഖരമാണ് ചാപ്പക്കായൽ. 2000–2001 വർഷത്തിൽ 45 ടൺ വിത്തുല്പ്പാദിപ്പിച്ചിരുന്നതു ക്രമേണ ഓരോ വർഷവും വർദ്ധിച്ച് ഇപ്പോൾ 97 ടൺ വിത്ത് നൽകുന്നു. നെൽക്കൃഷി മേഖലയിലും നെൽക്കൃഷിക്കാർക്കും ഉണ്ടായിട്ടുള്ള പുരോഗതിക്കു മറ്റൊരുദാഹരണം വേണ്ട.

ഓരോ പഞ്ചായത്തിലുമുള്ള കൊച്ചു കൊച്ചു പാടശേഖരങ്ങളിൽ നെൽക്കൃഷി നിലനിർത്തിക്കൊണ്ടുപോരുന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്തും കൃഷിവകുപ്പും സമിതികളും കൈകോർത്തു പിടിച്ച് നടപ്പിലാക്കാൻ സന്നദ്ധമായാൽ നഷ്ടം വന്ന നെൽക്കൃഷി പൈതൃകം തിരിച്ചു കൊണ്ടുവരാൻ സാധിക്കും. ■

*ലേഖകൻ കൃഷി വകുപ്പിൽ*
*അഡീഷണൽ ഡയറക്ടറാണ്*
*ഫോൺ: 9946048878*

# സംരക്ഷണമേകി കാർഷിക പദ്ധതികൾ

**വി.എസ്. ലാലി**

കേരളത്തിലെ പ്രധാന കാർഷിക വിളകൾ നെല്ല്, തെങ്ങ്, ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയായിരുന്ന സ്ഥാനത്ത് തോട്ടവിളകൾക്കു അമിത പ്രാധാന്യം നൽകിയതോടെ റബ്ബറും മറ്റും മുൻനിരയിലേക്ക് എത്തി. തൊഴിലാളികളുടെ ലഭ്യതക്കുറവും ഉത്പാദനോപാധികളുടെ വിലക്കയറ്റവും പലരും നെൽക്കൃഷി ഉപേക്ഷിക്കാനിടയാക്കി. ഇതിനു കൂടുതൽ ആക്കം കൂട്ടാൻ നഗരവൽക്കരണവും ഇടയാക്കി. എന്നാൽ ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം പട്ടിണിയും പട്ടിണി മരണവും കൊണ്ടുവരുമെന്ന തിരിച്ചറിവു നെൽകൃഷിയെ തിരികെ കൊണ്ടുവരണമെന്ന ബോധം കർഷകരിലും ജനപ്രതിനിധികളിലും മറ്റുദ്യോഗസ്ഥരിലും ഉണ്ടാക്കി. ഇതുപോലെ തന്നെ നമ്മുടെ നാടിന്റെ പേരിന്നടിസ്ഥാനമായ വിളയായ തെങ്ങും അവഗണനയിൽ നിന്നും പതുക്കെ പുറത്തു വരികയാണ്. ഇതിന്റെയൊക്കെ ഫലമായി കാർഷിക പദ്ധതികളുടെ ആവിഷ്ക്കരണത്തിൽ സർക്കാരുകളും ത്രിതല പഞ്ചായത്തുകളും വളരെ ശ്രദ്ധയും മുൻതൂക്കവും ഇപ്പോൾ ഈ







വിളകൾക്കു നൽകി വരുന്നു. പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇത്തരത്തിൽ കാർഷിക മേഖലയ്ക്കു നൽകുന്ന പരിഗണന നമ്മുടെ ഗ്രാമങ്ങളെ കാർഷികോൽപ്പന്നങ്ങളാൽ സമ്പന്നമാക്കും, ഒപ്പം ഭക്ഷ്യസുരക്ഷയും പോഷകസുരക്ഷയും.

കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉത്പാദനവും കൂട്ടാൻ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിഞ്ഞിരിക്കുന്നതു കർഷകർക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കും പ്രയോജനകരമാകും. നെൽകൃഷിയുടെ സുസ്ഥിര വികസനവും ഉത്പാദനവും ലക്ഷ്യമിട്ടു 2900 ലക്ഷം രൂപയുടെ പദ്ധതികളാണു കൃഷിവകുപ്പു നടപ്പിലാക്കുന്നത്. നിലവിലുള്ള ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുജ്ജീവിപ്പിച്ച് ഉത്പാദനം കൂട്ടാനാണ് ആദ്യ ശ്രമം. തുടർന്നു കൂട്ടായ കാർഷിക പ്രവർത്തനം നടത്തുന്നതിലൂടെയും യന്ത്രവൽക്കരണത്തിലൂടെയും ഉത്പാദനച്ചെലവു പരമാവധി കുറയ്ക്കുകയും ചെയ്യുന്നതു കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താൻ സഹായിക്കും. ഇത്തരത്തിൽ ഗ്രൂപ്പ് ഫാമിംഗ് സമിതികളിലൂടെ കൃഷിനടത്തുന്ന പ്രധാന നെൽകൃഷി മേഖലകൾക്കു ഹെക്ടറൊന്നിനു 1500 രൂപയാണ് സബ്സിഡിയായി അനുവദിക്കുക.

കൂടുതൽ സ്ഥലത്തു നെൽകൃഷിയിറക്കാനായി 3 വർഷത്തിലേറെ തരിശായിട്ടിരിക്കുന്ന പാടങ്ങളിൽ വീണ്ടും കൃഷിയിറക്കാൻ ഹെക്ടറിനു 5000 രൂപ ധനസഹായമാണുള്ളത്. ഇത്തരത്തിൽ തരിശുകൃഷിയിലൂടെ നെല്ലുല്പാദനം കൂട്ടാനും ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. ഇന്നു പലയിടങ്ങളിലും വനിതാ സംഘങ്ങൾ/ഗ്രൂപ്പുകൾ തരിശു പാടങ്ങൾ ഏറ്റെടുത്തു കൃഷി ചെയ്യാൻ തയ്യാറായിട്ടുണ്ട്.

നെൽകർഷകർക്കു നെല്ലിൽ നിന്നല്ലാതെ വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പച്ചക്കറി, എള്ള്, കൂർക്ക, പയർ, പച്ചില വളച്ചെടികൾ എന്നിവ കൃഷിചെയ്യാനും മത്സ്യകൃഷി കൂടി സംയോജിപ്പിക്കാനും വീട്ടുവളപ്പിൽ ഡയറിഫാം തുടങ്ങാനും സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി ഈ വർഷം 50 ലക്ഷം രൂപയാണു കൃഷിവകുപ്പു മാറ്റിവച്ചിട്ടുള്ളത്.

ചില നെൽകൃഷി മേഖലകളിൽ അടിസ്ഥാന സൗകര്യപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കർഷകർക്കു മാത്രമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. അവിടെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതായുണ്ട്. ഉദാഹരണത്തിനു കോൾനിലങ്ങളിലെ വലിയ ബണ്ടുകളുടെ പുന

**കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതിയും ഉത്പാദനവും കൂട്ടാൻ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിഞ്ഞിരിക്കുന്നതു കർഷകർക്കും പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്കും പ്രയോജനകരമാകും. നെൽകൃഷിയുടെ സുസ്ഥിര വികസനവും ഉത്പാദനവും ലക്ഷ്യമിട്ടു 2900 ലക്ഷം രൂപയുടെ പദ്ധതികളാണു കൃഷിവകുപ്പു നടപ്പിലാക്കുന്നത്.**



രുദ്ധാരണം, നിർ മ്മാണം തുടങ്ങിയവ. ഇത്തരത്തിലുള്ള പ്രശ്നബാധിത നെൽകൃഷിമേഖലയിലെ 11 നെൽകൃഷി വികസന ഏജൻസിക ൾക്കു പാടശേഖരങ്ങളിൽ അടിസ്ഥാനസൗകര്യമൊരുക്കുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ കൃഷിവകുപ്പു പദ്ധതികൾ പോരാതെ വരുന്ന സ്ഥലങ്ങളിലും ഉത്പാദനഘട്ടങ്ങളിലും വേണ്ടുന്ന സഹായപദ്ധതികൾ രൂപീകരിക്കുന്നതു സംസ്ക്കരണത്തിനും വിപണനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു നൽകുന്നതും നെൽകൃഷിയിലേക്കു വരാൻ കൂടുതൽ പേരെ സന്നദ്ധരാക്കും.

തെങ്ങു കൃഷിയുടെ കാര്യത്തിൽ വളരെയേറെ പ്രശ്നങ്ങളാണുള്ളത്. കാറ്റുവീഴ്ചയും മണ്ഡരിയും മറ്റും നമ്മുടെ തെങ്ങുകളെ കശക്കിയെറിഞ്ഞു. ഉത്പാദനം കുറഞ്ഞതു കൂടാതെ വിലയും കിട്ടാതെ വന്നപ്പോൾ കർഷകർ തെങ്ങുകൃഷിയെ അവഗണിച്ച കാഴ്ചയാണു കാണാൻ കഴിയുക. എന്നാലിപ്പോൾ നാളികേരവിലയിലും വെളിച്ചെണ്ണവിലയിലും നല്ല മാറ്റങ്ങളാണുണ്ടായിരിക്കുന്നത്. നാളീകേരത്തിന്റെ വിലവർദ്ധന മുതലാക്കാൻ നാം ശ്രമിക്കണം. അതിനായി തെങ്ങിന് ആവശ്യമായ പരിചരണങ്ങൾ കൃത്യസമയത്തു നൽകുകയും ജലസേചന സൗകര്യമൊരുക്കുകയും വേണം.

തെങ്ങുകൃഷിക്കു കൃഷിവകുപ്പും, നാളികേര ബോർഡും ത്രിതലപഞ്ചായത്തുകളും ഇപ്പോൾ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ട്. കൃഷിവകുപ്പു മുഖേന നടപ്പാക്കുന്ന തെങ്ങു കൃഷിവികസനത്തിനായുള്ള സഹായ പദ്ധതികൾ ഏതൊക്കെയാണെന്നു നോക്കാം.

കേരളസർക്കാർ കൃഷിവകുപ്പിന്റെ കേരശ്രീ പദ്ധതിയിലൂടെ തെങ്ങിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉത്പാദനം മുതൽ വിപണനംവരെയുള്ള ഘട്ടങ്ങളിലേക്കുതകുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഉത്പാദനം കുറഞ്ഞും രോഗബാധിതവുമായ തെങ്ങുകൾ വെട്ടിമാറ്റാനും അവയ്ക്കു പകരം നല്ലയിനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കാനും സഹായം നൽകും. ഒപ്പം ശാസ്ത്രീയ വളപ്രയോഗവും ജൈവവളപ്രയോഗവും ജലസേചനവും ഒരുക്കാനും സഹായപദ്ധതിയുണ്ട്. ഉത്പാദനം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 500 രൂപ വീതം ധനസഹായം അനുവദിക്കും. കൂടാതെ ഇവർക്ക് പുതിയ തൈകൾ നടുന്നതിനായി 50% സബ്സിഡിയായി തൈകൾ അനുവദിക്കും ഏകദേശം 17.50 രൂപയാണു സബ്സിഡിയായി കണക്കാക്കിയിട്ടുള്ളത്. രാസവളങ്ങൾ ശാസ്ത്രീയമായി നൽകുന്നതിനു വിലയുടെ 50% പരമാവധി 12 രൂപയും കീടരോഗനിയന്ത്രണങ്ങൾക്കു മരുന്നുതളിക്കായി 50% സബ്സിഡി പരമാവധി 10 രൂപയും ഒരു തെങ്ങിന് അനുവദിക്കും. ജൈവവളപ്രയോഗത്തിനും ഇടയിളക്കൽ നടത്തുന്നതിനും 60 രൂപ ഒരു തെങ്ങിനു ചെലവു വരുമെന്നു കണക്കാക്കി സബ്സിഡിയായി 30 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജലസേചന സൗകര്യമൊരുക്കാൻ കിണർ നിർമ്മാണം, പമ്പ്സെറ്റ് സ്ഥാപിക്കൽ തുടങ്ങിയവയ്ക്കു 50% സബ്സിഡി പരമാവധി 10,000 രൂപ/യൂണിറ്റ് നൽകും. തെങ്ങുകൃഷിപദ്ധതികൾ നടപ്പിലാക്കാനായി രൂപീകൃതമായിട്ടുള്ള കേരശ്രീ ക്ലസ്റ്ററുകൾ വഴിയാണിവ നടപ്പിലാക്കുക.

നാളികേരകൃഷിവികസനം, വിപണനം, സംസ്കരണം എന്നിവയിൽ കൃഷിവകുപ്പിന്റെ പദ്ധതികളുടെ പോരായ്മ ത്രിതല പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികളിലൂടെ നികത്താവുന്നതാണ്. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി തയാറാക്കുമ്പോൾ നാളികേരവികസനത്തിനുതകുന്ന ആവശ്യാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി നൽകിയാലും ഫണ്ടു ലഭിക്കുന്നതാണ്. കൃഷിവകുപ്പു നടപ്പാക്കുന്ന പദ്ധതികളെപ്പറ്റി കൂടുതലറിയാൻ അടുത്തുള്ള കൃഷിഭവനുമായോ ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ്. ■

*ലേഖിക കൃഷിവകുപ്പിൽ*
*അസിസ്റ്റന്റ് ഡയറക്ടറും കേരള കർഷകൻ*
*മാസികയുടെ എഡിറ്ററുമാണ്*

ഡോ. രമണി ഗോപാലകൃഷ്ണൻ

## ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ

# കേരകൃഷിയുടെ വിജയമന്ത്രം



### വിത്തുഗുണം പത്തുഗുണം

**ഒരു ദീർഘകാല വിളയായ തെങ്ങിന്റെ ഉത്പാദനക്ഷമത ഏതാണ്ട് 80 വർഷക്കാലം നീണ്ടു നിൽക്കുന്നു. പലപ്പോഴും ഒരു മനഷ്യായുസ്സിലധികവും. തൈ നട്ട് 8 – 10 വർഷം കഴിഞ്ഞു മാത്രമാണു പൂർണ്ണമായ വിളവു ലഭിച്ചു തുടങ്ങുന്നത്. നടുന്ന തൈകൾ മോശമാണെങ്കിൽ തോട്ടം ആദായകരമല്ലാതായിത്തീരുകയും കർഷകനു ഭീമമായ നഷ്ടത്തിന് ഇടയാക്കുകയും ചെയ്യും. അതിനാൽ തൈയുടെ ഗുണമേന്മയും തെങ്ങുകൃഷിയുടെ വിജയവും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.**

“നട്ട് 8 വർഷം കഴിഞ്ഞിട്ടും എന്റെ തെങ്ങ് ചൊട്ടയിടുന്നില്ല.”

“ഞങ്ങളുടെ തെങ്ങുകളിൽ പൂക്കുല വിരിഞ്ഞിട്ടു കായപിടുത്തമില്ലാതെ മച്ചിങ്ങ കൊഴിഞ്ഞുകൊണ്ടേയിരിക്കുന്നു?”

“നേർത്ത ഓലക്കാലുകളും ബലമില്ലാത്ത ഓല മടലും കൊണ്ട് ലക്ഷണമില്ലാത്ത തെങ്ങുകളാണെന്റെ തോട്ടത്തിൽ.” ഇങ്ങനെ പോകുന്നു പരാതികളുടെ പ്രളയം. തൈ നട്ടു നാലഞ്ചു വർഷത്തിനുള്ളിൽ നിറകുംഭങ്ങളുമേന്തി നിൽക്കുന്ന കേരവൃക്ഷം സ്വപ്നം കണ്ട കർഷകരിൽ നിരാശയുടെ കരിനിഴൽ.

ഈ വികൃതിയുടെ കാരണമെന്തെന്ന് എത്ര പേർക്കറിയാം.?

കടം വാങ്ങിയും ലോണെടുത്തും തെങ്ങുകൃഷിയിൽ വൻ തുക മുടക്കുമ്പോൾ കായ്ച്ചു തുടങ്ങുമ്പോൾ പതിന്മടങ്ങ് മുടക്കുമുതൽ തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയാണു കർഷകർക്കു പ്രചോദനം.

ഈ പ്രതീക്ഷ പൂവണിയണമെങ്കിൽ നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തണം. അല്ലാത്തപക്ഷം നീണ്ട കാത്തിരുപ്പിനൊടുവിൽ പൂക്കാത്തതും കായ്ക്കാത്തതുമായ ലക്ഷണംകെട്ട തെങ്ങുകളായിരിക്കും നമുക്കു സ്വന്തം. വൃഥാവിലായ മുടക്കുമുതലിനെ ഓർത്തു നെടുവീർപ്പിടേണ്ടി വരുന്ന കർഷകൻ!

ഒരു ദീർഘകാല വിളയായ തെങ്ങിന്റെ ഉത്പാദനക്ഷമത ഏതാണ്ട് 80 വർഷക്കാലം നീണ്ടു നിൽക്കുന്നു. പലപ്പോഴും ഒരു മനഷ്യായുസ്സിലധികവും. തൈ നട്ട് 8–10 വർഷം കഴിഞ്ഞു മാത്രമാണു പൂർണ്ണമായ വിളവു ലഭിച്ചു തുടങ്ങുന്നത്. നടുന്ന തൈകൾ മോശമാണെങ്കിൽ തോട്ടം ആദായകരമല്ലാതായിത്തീരുകയും കർഷകനു ഭീമമായ നഷ്ടത്തിന് ഇടയാക്കുകയും ചെയ്യും. വിത്തുഗുണം പത്തുഗുണമെന്നാണല്ലോ പ്രമാണം. അതിനാൽ തൈയുടെ ഗുണമേന്മയും തെങ്ങുകൃഷിയുടെ വിജയവും അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു.

നല്ല മാതൃവൃക്ഷങ്ങളിൽനിന്നും ശേഖരിച്ച വിത്തു തേങ്ങകൾ പാകി മുളപ്പിച്ച് അവയിൽനിന്നും തിരഞ്ഞെടുക്കുന്ന തൈകൾ വിതരണം ചെയ്യുന്ന സർക്കാർ നഴ്സറികൾ തെങ്ങു വളരുന്ന എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരുന്നുണ്ട്. അതുകൊണ്ട് തൈകൾ സർക്കാർ നഴ്സറികളിൽ നിന്നോ, അല്ലാത്തപക്ഷം സർക്കാർ അംഗീകാരമുള്ളതോ, വിശ്വസ്തതയ്ക്കു പേരുകേട്ടതോ ആയ സ്വകാര്യ നഴ്സറികളിൽ നിന്നോ വാങ്ങേണ്ടതാണ്.

കർഷകർക്കു സ്വന്തമായും ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിക്കാൻ കഴിയും. തിരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽനിന്നു ശേഖരിച്ച നല്ല വിത്തു തേങ്ങകൾ പാകി കിളിർപ്പിച്ച് ഏറ്റവും മുന്തിയ തൈകൾ മാത്രം നടാനായി തിരഞ്ഞെടുക്കണം.

### നല്ല മാതൃവൃക്ഷത്തിന്റെ ലക്ഷണങ്ങളും വിത്തു തേങ്ങ ശേഖരിക്കലും

- 20 വർഷത്തിലധികം പ്രായമുള്ള തെങ്ങായിരിക്കണം.
- നല്ല വിളവു തരാനുള്ള കഴിവ് അതായത്, പ്രതിവർഷം തെങ്ങൊന്നിൽ നിന്നു 80 തേങ്ങയിൽ കുറയാത്ത വിളവ് ഉണ്ടായിരിക്കണം.
- എല്ലാ വർഷവും ഏതാണ്ട് ഒരുപോലെ കായ്ക്കുന്ന സ്വഭാവം ഉള്ള തെങ്ങാകണം.







*വിത്തുതേങ്ങ ശേഖരിച്ചിരിക്കുന്നു*

- കട മുതൽ മണ്ട വരെ തടിക്ക് ഒരേ വണ്ണമായിരിക്കണം.
- മണ്ടയിൽ, ഒരു സമയത്ത് 30–40 ഓലകൾ ഉണ്ടാകണം.
- ബലമുള്ള, ഒടിഞ്ഞു തൂങ്ങാത്ത ഓലമടലുകൾ ഉണ്ടായിരിക്കണം.
- ഓരോ തെങ്ങിലും പന്ത്രണ്ടിൽ കുറയാത്ത പൂങ്കുലകൾ ഉണ്ടാകണം.
- നല്ല ബലമുള്ള ഒടിയാത്ത പൂങ്കുലത്തണ്ട് ഉണ്ടായിരിക്കണം.
- പൊതിച്ച തേങ്ങയ്ക്കു ശരാശരി 600 ഗ്രാമും കൊപ്രയ്ക്കു 150 ഗ്രാമും തൂക്കം ഉണ്ടാകണം.

കാറ്റുവീഴ്ച രോഗ ബാധിത മേഖലകളിലെ രോഗപ്രതിരോധശേഷി പ്രകടിപ്പിക്കുന്ന മേൽപ്പറഞ്ഞ ലക്ഷണങ്ങളുള്ള ആരോഗ്യമുള്ള തെങ്ങുകളിൽ നിന്നും വിത്തുതേങ്ങ ശേഖരിക്കാം.

നമ്മുടെ നാട്ടിൽ വിത്തുതേങ്ങ ശേഖരിക്കാനും ശേഖരിച്ച തേങ്ങ നഴ്സറികളിൽ പാകാനും ഏറ്റവും അനുയോജ്യമായ മാസങ്ങൾ യഥാക്രമം ജനുവരി മുതൽ ഏപ്രിൽ വരെയും ജൂൺ, ജൂലൈ മാസങ്ങളുമാണ്. നഴ്സറിയിൽ തേങ്ങ പാകുന്നതു കാലവർഷത്തെ ആശ്രയിച്ചാണ്. പൂർവ്വതീരത്തു ഫെബ്രുവരി മുതൽ ആഗസ്റ്റുവരെയാണു വിത്തുതേങ്ങ ശേഖരിക്കാൻ അനുയോജ്യമായി കണ്ടിട്ടുള്ളത്. അവിടെ തുലാവർഷത്തിന്റെ പ്രയോജനം ലഭിക്കുന്നതിന് ഒക്ടോബർ മദ്ധ്യത്തോടെയാണ് വിത്തുതേങ്ങ പാകുക.

വിത്തിന്റെ ആവശ്യത്തിന് ഇടുന്ന തേങ്ങ നന്നായി മൂപ്പെത്തിയിരിക്കണം. ഏറ്റവും അനുയോജ്യമായിട്ടുള്ളത് 12 മാസം മൂപ്പെത്തിയ തേങ്ങയാണ്. 11 മാസം മൂപ്പുള്ള തേങ്ങ മുളയ്ക്കാൻ അൽപം വൈകും. അതേ സമയം മുളയ്ക്കുന്ന തേങ്ങയുടെ ശതമാനം രണ്ടു വിഭാഗത്തിലും തുല്യമായിട്ടാണ് കാണുന്നത്. വിത്തുതേങ്ങ ശേഖരിക്കാൻ തേങ്ങയിടുന്ന പരമ്പരാഗത രീതി തന്നെ സ്വീകരിക്കാവുന്നതാണ്. തെങ്ങുവളരുന്ന സ്ഥലം പാറയുള്ളതും തെങ്ങുകൾ വളരെ ഉയരം ഉള്ളതുമാണെങ്കിൽ വിത്തുതേങ്ങ കയറുകെട്ടിയിറക്കണം.

വിത്തുതേങ്ങ കാലേ മുളച്ചു തുടങ്ങുന്നതിനും നല്ല ശതമാനം മുളയ്ക്കുന്നതിനും വിത്തു തേങ്ങ ഒരു മാസമെങ്കിലും ശേഖരിച്ചിടുന്നതു നന്നായിരിക്കും. വിത്തുതേങ്ങയിട്ടശേഷം നഴ്സറിയിൽ പാകാൻ താമസമുള്ളപക്ഷം കൂടുതൽ കാലം ശേഖരിച്ചിടാൻ വിരോധമില്ല. വെള്ളം വറ്റിയ തേങ്ങ മുളപ്പിക്കാൻ പറ്റിയതല്ല.

### നഴ്സറി പരിപാലനം

നഴ്സറിക്കുവേണ്ടി തിരഞ്ഞെടുക്കുന്ന സ്ഥലം വായു സഞ്ചാരമുള്ള ഉലർന്ന മണ്ണുള്ളതും നനയ്ക്കും നീർവാർച്ചയ്ക്കും സൗകര്യമുള്ളതുമായിരിക്കണം. വിത്തുതേങ്ങ പാകാൻ ഏറ്റവും പറ്റിയ മാദ്ധ്യമം മണൽ കലർന്ന മണ്ണാണ്. ജലനിർഗ്ഗമനത്തിനും തൈകൾ എളുപ്പം പറിച്ചെടുക്കുവാനും സൗകര്യമുള്ളതുകൊണ്ടാണിത്. മണൽ മണ്ണിൽ ചിതൽ ശല്യവും കുറവാണ്. അധികം കട്ടിയുള്ള മണ്ണാണെങ്കിൽ 35–45സെ.മീ. ആഴത്തിൽ മണ്ണു നീക്കം ചെയ്തു മണൽ നിറയ്ക്കണം. ചകിരിച്ചോറും പൊടിമണ്ണും സമം കലർത്തിയ മിശ്രിതവും നഴ്സറി സ്ഥാപിക്കാൻ അനുയോജ്യമായ മറ്റൊരു മാദ്ധ്യമമാണ്. മണൽമണ്ണിലൊഴികെ മറ്റെവിടെ നഴ്സറി തുടങ്ങാൻ ഒരുങ്ങുമ്പോഴും ചിതൽ ശല്യമുള്ളിടത്തു കരുതൽ നടപടികൾ കൈക്കൊള്ളേണ്ടതാണ്.



*വിത്തുതേങ്ങ പാകുന്നു*

തുറന്നതോ, അധികം തണലില്ലാത്തതോ ആയ സ്ഥലമാണ് നഴ്സറിക്കു കൂടുതൽ യോജിച്ചത്. അല്ലാത്തപക്ഷം അവ നേർത്തു ദുർബ്ബലമാകാൻ ഇടവരുന്നു. വിത്തുതേങ്ങ പാകാൻ തുടങ്ങുന്നതിനു മുൻപു നഴ്സറി പല തവാരണകളായി തിരിക്കേണ്ടതാണ്. നനയ്ക്കുന്നതിനും കളപറിക്കുന്നതിനുമുള്ള സൗകര്യത്തിനുവേണ്ടി തവാരണകൾ തമ്മിൽ 80 സെ.മീറ്റർ അകലം വിടാം. തവാരണകൾക്ക് ഒരേ വലിപ്പമാണെങ്കിൽ ഓരോന്നിലും തുല്യ എണ്ണം വിത്തുതേങ്ങ പാകാൻ കഴിയും. സാധാരണ മണ്ണിലാണു നഴ്സറി സ്ഥാപിക്കുന്നതെങ്കിൽ ഉയർന്ന തവാരണകളിൽ തേങ്ങ പാകുന്നതാണു നല്ലത്. ഇതു നീർവാർച്ചയ്ക്കു സഹായകമാകും.

മഴയുടെ ആരംഭത്തോടെ നഴ്സറിയിൽ തേങ്ങ പാകിത്തുടങ്ങാം. വീതി കൂടിയ ഭാഗം മുകളിൽവരത്തക്കവണ്ണം തിരശ്ചീനമായി പാകുന്നതാണു തേങ്ങ നേരത്തേ മുളയ്ക്കാനും പരമാവധി മുളയ്ക്കാനും നല്ലത്. ഇങ്ങനെ പാകുമ്പോൾ തേങ്ങാവെള്ളം ഭ്രൂണത്തിനോടു ചേർന്നിരിക്കുന്നതിനാൽ വരൾച്ചയുടെ കെടുതിയെ അതിജീവിക്കാൻ മുളച്ചുവരുന്ന തൈയ്ക്കു കഴിയുന്നു. കൂടാതെ തേങ്ങയുടെ മൃദുവായ കണ്ണ് വീതി കൂടിയ ഭാഗത്തു സ്ഥിതി ചെയ്യുന്നതുകൊണ്ടു മുളയ്ക്കു നിഷ്പ്രയാസം വെളിയിലേക്കു വരാൻ സാധിക്കുന്നു. എങ്കിലും ദൂരസ്ഥലങ്ങളിലേക്കു കയറ്റി അയയ്ക്കാൻ ഉദ്ദേശിക്കുന്ന തൈകൾ, വിത്തുതേങ്ങ നിർത്തി പാകി മുളപ്പിക്കുന്നതാണു നല്ലത്. കാരണം, ഇത്തരം തൈകൾ പായ്ക്കു ചെയ്യാൻ കൂടുതൽ സൗകര്യമാണ്.

തവാരണകളിൽ 20–25 സെ.മീ. ആഴത്തിൽ കുഴിയെടുത്തു തേങ്ങ മണ്ണിനു മുകളിൽ കാണത്തക്കവണ്ണം പാകേണ്ടതാണ്. മുള പൊട്ടിയാലുടൻ വിത്തുതേങ്ങകൾ നഴ്സറിയിൽ നിന്നു നീക്കം ചെയ്യാൻ ഉദ്ദേശമുണ്ടെങ്കിൽ അവ അടുത്തടുത്ത് പാകുന്നതാണു നല്ലത്. എന്നാൽ 9–12 മാസം കഴിഞ്ഞാണു തൈകൾ നീക്കം ചെയ്യുന്നതെങ്കിൽ വിത്തു തേങ്ങകൾക്കിടയിലും വരികൾ ക്കിടയിലും 40 സെ.മീ. എങ്കിലും അകലം വിട്ടിരിക്കണം.

നഴ്സറിയിൽ വിത്തുതേങ്ങ പാകിയ ശേഷം നന, ജലനിർഗ്ഗമനം, പുതയിടൽ, കളകൾ നീക്കം ചെയ്യൽ, കീട–രോഗ നിയന്ത്രണം എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യ



*തെങ്ങിൻ തൈ നഴ്സറി*

മായ തോതിൽ നഴ്സറി നനയ്ക്കേണ്ടതാണ്. മണൽമണ്ണിൽ ഒന്നിടവിട്ടും മറ്റു തരം മണ്ണിൽ ആഴ്ചയിൽ രണ്ടുവട്ടവും നനച്ചാൽ മതി. നഴ്സറിയിൽ പുതയിടാൻ ഏറ്റവും അനുയോജ്യമായ വസ്തുവാണു ചകിരിച്ചോറ്. മെടഞ്ഞ ഓല ഉപയോഗിച്ചു തേങ്ങ മുളയ്ക്കുന്നതുവരെ പുതയിടാം. പുതയിട്ടിട്ടില്ലാത്ത നഴ്സറികളിൽ ഇടയ്ക്കിടെ കളകൾ പറിച്ചു നീക്കേണ്ടതാണ്.

നീർവാർച്ചയ്ക്കുള്ള സൗകര്യവും ഇതുപോലെ തുല്യ പ്രാധാന്യം അർഹിക്കുന്നു. നഴ്സറിക്കു വളം ചെയ്യുക എന്നത് അനുപേക്ഷണീയമായി കരുതപ്പെടുന്നില്ല. നെടിയ ഇനം വിത്തു തേങ്ങ നഴ്സറിയിൽ പാകി 14 ആഴ്ച കഴിയുമ്പോഴേക്കും അതിനു രണ്ടുമൂന്നു വേരുകളും അവയ്ക്ക് ഉപവേരുകളും ഉത്ഭവിച്ചിരിക്കും. ഇവ മണ്ണിൽ നിന്ന് സസ്യപോഷകം വലിച്ചെടുക്കുന്നു. അതുകൊണ്ടു മണ്ണിൽ തൈയ്ക്ക് ആവശ്യമായ പോഷകമൂലകങ്ങൾ ഉണ്ടായിരിക്കുന്നതു പ്രയോജനകരമാണ്.

നഴ്സറിയിൽ കീട-രോഗനിയന്ത്രണത്തിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിരിക്കണം. നഴ്സറിയിൽ കൂടുതലായി കണ്ടുവരുന്ന കുമിൾ രോഗങ്ങളാണ് ഓലചീയലും ഓലകരിച്ചിലും. മണ്ണിലെ നീർവാർച്ച മെച്ചപ്പെടുത്തുകയും ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുകയും ചെയ്യുന്നത് തൈകളുടെ സുഗമമായ വളർച്ചയ്ക്ക് നല്ലതാണ്.

**പോളിബാഗ് നഴ്സറി**

മുളച്ചു തുടങ്ങിയ തേങ്ങകൾ പോളിത്തീൻ കൂടുകളിൽ പറിച്ചു നട്ടു തൈകൾ വലുതാക്കിയെടുക്കുന്ന രീതിയാണു പോളിബാഗ് നഴ്സറി. പോളിത്തീൻ കൂടുകളിൽ തൈകളുണ്ടാക്കുന്നതിനു വളരെയേറെ മെച്ചങ്ങളുണ്ട്. തൈകൾ പറിച്ചെടുക്കുമ്പോൾ വേരുകൾക്കു കാര്യമായ ക്ഷതമൊന്നും ഉണ്ടാകുന്നില്ല. കൂടുമിശ്രിതത്തിൽ കൂടുതൽകാലം ഈർപ്പം നിലനിർത്താൻ കഴിയുന്നതുമൂലം തൈകൾ വേഗത്തിൽ വളരും. കൂടാതെ ഓരോ തൈകൾക്കും പ്രത്യേകം പരിചരണവും കിട്ടുന്നതുമൂലം അവ കൂടുതൽ കരുത്തോടെ വളരുകയും ചെയ്യുന്നു.

പോളിബാഗ് നഴ്സറി ഉണ്ടാക്കുന്നതിനായി 500 ഗേജു കനമുള്ളതും കറുത്തതുമായ കൂടുകളാണ് ഉപയോഗിക്കേണ്ടത്. നനയ്ക്കുമ്പോൾ അധികമുള്ള വെള്ളം വാർന്നു പോകുന്നതിനായി ബാഗിന്റെ പകുതിയടിയിലായി ചെറിയ ദ്വാരങ്ങൾ ഇട്ടിരിക്കണം. 7-8 കി.ഗ്രാം കൂട്ടുമിശ്രിതം വേണ്ടിവരും. കല്ല്, കട്ട, വേര് എന്നിവ നീക്കിയ വളക്കൂറുള്ള മേൽമണ്ണ്, മണൽ, നല്ലതുപോലെ ഉണക്കിപ്പൊടിച്ച ചാണകം എന്നിവ 3:1:1 എന്ന അനുപാതത്തിലോ അല്ലെങ്കിൽ മണലും മണ്ണിരകമ്പോസ്റ്റും 3:1 എന്ന അനുപാതത്തിലോ അല്ലെങ്കിൽ മേൽമണ്ണ്, ചകിരിച്ചോർ, ചാണകപ്പൊടി എന്നിവ 3:1:1 എന്ന അനുപാതത്തിലോ ഉപയോഗിക്കുന്നതുമൂലം തൈകൾ കൂടുതൽ കരുത്തോടെ വളരുന്നതായി കണ്ടിട്ടുണ്ട്.

തവാരണകളിൽ പാകിയ തേങ്ങ മുളച്ചു മുളകൾക്ക് $2^{1}/_{2}$ മുതൽ 10 സെ. മീറ്റർവരെ നീളമുള്ളപ്പോൾ (മുള കണ്ടു തുടങ്ങുമ്പോൾ മുതൽ 5 മാസം വരെ പ്രായം) തേങ്ങ പിഴുതുമാറ്റി പകുതിയോളം ഭാഗം മിശ്രിതം നിറച്ച കൂടുകളിൽ ഒരു തൈ എന്ന കണക്കിൽ ലംബമായി നടണം. നട്ടതിനുശേഷം കൂടുകൾ നിറയ്ക്കുന്നതിനുവേണ്ടി ബാക്കി ഭാഗത്തും മിശ്രിതം ഇട്ട്, മുളച്ച തേങ്ങ നന്നായി ഉറപ്പിക്കണം. എന്നാൽ തൈയുടെ കടഭാഗത്തിനുള്ളിൽ മിശ്രിതം വീണു മൂടാതെയും ശ്രദ്ധിക്കണം. 8-10 മാസത്തോളമാണ് ഇത്തരം തൈകൾ വളർത്താറുള്ളത്. പോളിബാഗ് ബെഡുകൾ തമ്മിൽ ഏകദേശം 1 മീറ്ററോളം അകലം നൽകുന്നതു ജലസേചനത്തിനും മറ്റു പരിചരണത്തിനും സഹായകമാണ്.

**തൈകൾ തെരഞ്ഞെടുക്കലും നടീലും പരിചരണവും**

അനുകൂലമായ സാഹചര്യങ്ങളിൽ നെടിയ ഇനം വിത്തുതേങ്ങ നഴ്സറിയിൽ പാകിയാൽ 8-10 ആഴ്ചയ്ക്കകം മുളപൊട്ടാൻ തുടങ്ങും. അഞ്ചുമാസത്തിനുള്ളിൽ പാകിയ വിത്തുതേങ്ങയിൽ മിക്കതും മുളച്ചു കഴിഞ്ഞിരിക്കും. കുറിയഇനം വിത്തുതേങ്ങയാണു പാകുന്നതെങ്കിൽ കുറെക്കൂടി നേരത്തെ മുളയ്ക്കാൻ തുടങ്ങുകയും മൂന്നുമാസത്തിനകം മുളച്ചു കഴിയുകയും ചെയ്യും. ഈ കാലയളവിനുള്ളിൽ മുളയ്ക്കാത്ത തേങ്ങകൾ നഴ്സറിയിൽനിന്നു നീക്കം ചെയ്യേണ്ടതാണ്. അവ കൊപ്ര ഉണ്ടാക്കുന്നതിന് ഉപയോഗിക്കാം. തൈകൾ മുളച്ചു കഴിഞ്ഞാൽ നാലു മാസത്തിലധികം നഴ്സറിയിൽ നിർത്തരുത്. വിത്തുതേങ്ങ പാകുന്നതു മുതൽ ഒമ്പതു മാസം കൊണ്ടു നെടിയ ഇനം തൈകളും ഏഴുമാസത്തിനകം കുറിയ ഇനം തൈകളും പറിച്ചു നടാൻ തയ്യാറായിരിക്കും. ആരോഗ്യവും ഊർജ്ജസ്വലതയുമുള്ള തൈകൾക്കു സാധാരണയായി 10-15 സെ.മീ. ഉയരവും 4-6 ഓലകളും കാണും. ഓലക്കാലുകൾ നേരത്തേ വിരിയുക, നല്ല കണ്ണാടിക്കനം (10-12 സെ.മീ.) ഉണ്ടായിരിക്കുക, ധാരാളം വേരുകൾ കാണുക എന്നിവയാണ് ഗുണമേന്മയുള്ള തൈകളുടെ ലക്ഷണങ്ങൾ. ഈ



*പോളിബാഗ് നഴ്സറി*






ലക്ഷണങ്ങളില്ലാത്ത തൈകൾ ഒരു കാരണവശാലും നടാൻ ഉപയോഗിക്കരുത്.

ശരിയായ അകലത്തിൽ തെങ്ങിൻ തൈകൾ നടേണ്ടതു നല്ല വിളവു ലഭിക്കുന്നതിന് അത്യാവശ്യമാണ്. നെടിയ ഇനം തെങ്ങു തനിച്ചു കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ 7-$7^{1}/_{2}$ മീറ്റർ അകലത്തിൽ ത്രികോണ സമ്പ്രദായത്തിൽ നടാം. കുറിയ ഇനമാണെങ്കിൽ ത്രികോണ സമ്പ്രദായത്തിൽ 6-$6^{1}/_{2}$ മീറ്റർ അകറ്റി നടണം. സാധാരണ ചുറ്റുപാടിൽ തെങ്ങിൻ വരികൾ വടക്കു-തെക്കായിരിക്കുന്നതാണു കൂടുതൽ സൂര്യപ്രകാശം ലഭിക്കാൻ സഹായകമാകുക. തെങ്ങുകൾ തമ്മിലുള്ള അകലം നിശ്ചയിക്കുമ്പോൾ എപ്പോഴും ഓലകളുടെ നീളം കൂടി കണക്കിലെടുത്തിരിക്കണം. നല്ല വളക്കൂറുള്ള മണ്ണിൽ നെടിയ ഇനം തെങ്ങുകൾ $7^{1}/_{2}$ മീറ്റർ അകലത്തിൽ വളർത്തുന്നതാണു പ്രയോജനകരം. ഈ അകലത്തിൽ സമചതുര സമ്പ്രദായത്തിൽ നട്ടാൽ ഒരു ഹെക്ടറിൽ 175 തൈകൾ നടാവുന്നതാണ്.

മിശ്രിതവിള-ബഹുവിള കൃഷിരീതികൾ സ്വീകരിക്കുന്ന തോട്ടങ്ങളിൽ മണ്ണിന്റേയും മറ്റു സാഹചര്യങ്ങളുടേയും സ്വഭാവമനുസരിച്ച് നെടിയ ഇനം നടുമ്പോൾ സമചതുര സമ്പ്രദായത്തിൽ 7.5-9 മീറ്റർ അകറ്റിയും കുറിയ ഇനം നടുമ്പോൾ സമചതുര സമ്പ്രദായത്തിൽ 6.5-7.5 മീറ്റർ അകറ്റിയും നടേണ്ടതാണ്. മിശ്രിത സമ്പ്രദായത്തിൽ, നിരയിൽ നടുന്ന രീതി സ്വീകരിക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. ഈ രീതിയിൽ തെങ്ങുകൾ വടക്കു-തെക്കായിട്ടാണു നടുക. ഒറ്റ നിരയിൽ നടുമ്പോൾ നിരകൾക്കിടയിൽ 9 മീറ്ററും നിരകളിൽ വളരുന്ന തെങ്ങുകൾക്കിടയിൽ 6 മീറ്ററും അകലം വിടണം. ഇരട്ട നിരയിൽ നടുമ്പോൾ ആദ്യത്തെ ഒരു ജോടി നിരയിൽ ത്രികോണ രീതിയിൽ 6 മീറ്ററും അടുത്ത ജോടി നിര 9 മീറ്റർ അകലത്തിലുമായിരിക്കും.

ത്രികോണ സമ്പ്രദായത്തിൽ 20 മുതൽ 25വരെ തൈകൾ കൂടുതലായി ഒരു ഹെക്ടറിൽ നടാൻ സാധിക്കും. ഒറ്റ വരി സമ്പ്രദായത്തിൽ തെങ്ങു നട്ടാൽ ഒരു വരിയിൽ രണ്ടു തൈകൾ തമ്മിലുള്ള അകലം 5 മുതൽ 5.5 മീറ്ററും രണ്ടു വരികൾ തമ്മിലുള്ള അകലം 9 മുതൽ 10 മീറ്റർവരെയുമായി ക്രമീകരിക്കാവുന്നതാണ്.

നമ്മുടെ നാട്ടിൽ തൈ നടാൻ പറ്റിയ സമയം മഴക്കാലത്തിന്റെ തുടക്കമാണ്. അതായതു മേയ്-ജൂണിലും ഒക്ടോബർ-നവംബറിലും. നനയ്ക്കു സൗകര്യമുള്ള പ്രദേശങ്ങളിൽ തൈകൾക്കു തണൽ നാട്ടിക്കൊടുക്കുകയും ചെയ്യുന്ന പക്ഷം മഴക്കാലം തുടങ്ങുന്നതിനു മുൻപു തൈ നടാൻ വിരോധമില്ല. മാത്രമല്ല ഇങ്ങനെ നടുന്ന തൈകൾ മഴക്കാലം തുടങ്ങുമ്പോഴേക്കും വേരോടിപ്പിടിക്കുകയും തുടർന്നു മഴ ലഭിക്കുന്നതോടെ നന്നായി വളർന്നു പൊങ്ങുകയും ചെയ്യുമെന്ന മെച്ചം കൂടിയുണ്ട്.

മണ്ണിന്റെ തരവും മണ്ണിലെ ജലവിതാനവും അനുസരിച്ചാണു കുഴിയുടെ വലിപ്പം നിശ്ചയിക്കേണ്ടത്. കാഠിന്യമേറിയ ചെങ്കൽ പ്രദേശങ്ങളിലും ജലനിരപ്പു വളരെ താഴ്ന്നിരിക്കുന്ന മണ്ണിലും വളരെ ആഴത്തിൽ വേണം തൈക്കുഴികൾ തയ്യാറാക്കാൻ. കാഠിന്യമേറിയ ചെങ്കൽ പ്രദേശങ്ങളിൽ കുഴിക്കു 1.2 മീ. വീതം നീളവും വീതിയും ആഴവും



*താഴ്ന്ന പ്രദേശങ്ങളിൽ ഉയർത്തി എടുത്ത കൂനകളിൽ തൈകൾ നട്ടുവളർത്തുന്നു*



*തെങ്ങിൻതൈ നടീൽ*

വേണം. ജലവിതാനം കുറഞ്ഞ പശിമരാശി മണ്ണാണെങ്കിൽ മണ്ണിൽ ഒരു മീറ്റർ നീളവും വീതിയും ആഴവുമുള്ള കുഴികൾ തയ്യാറാക്കി 50 സെ.മീ. വരെ മണ്ണു മിശ്രിതം നിറയ്ക്കണമെന്നാണു പൊതുവെ ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നത്. ജലനിരപ്പു താരതമ്യേന ഉയർന്നിരിക്കുന്ന പ്രദേശങ്ങളിൽ കുഴികൾക്ക് ഇത്രയും ആഴം ആവശ്യമില്ല.

നടാൻ തുടങ്ങുന്നതിനുമുമ്പു കുഴിയുടെ അടിത്തട്ട് ഇളക്കി മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം 60 സെ.മീ. താഴെവരെ നിറയ്ക്കുക. മണൽമണ്ണിലും വരൾച്ച നിലവിലുള്ള പ്രദേശങ്ങളിലും മേൽമണ്ണിടുന്നതിനു മുമ്പു ചെമ്മണ്ണു കൂടി ഇട്ട് രണ്ടുമൂന്നു നിര തൊണ്ടു മലർത്തി അടുക്കുന്നതും നല്ലതാണ്. ഇവ മഴക്കാലത്ത് ഈർപ്പം സംഭരിച്ച് വേനൽക്കാലത്ത് അതു തൈകൾക്കു ലഭ്യമാക്കുന്നു.

കുഴി ആവശ്യത്തിനു നികത്തിയ ശേഷം നടുവിൽ തൈവയ്ക്കാനുള്ള കല്ലക്കുഴി (പിള്ളക്കുഴി) തയ്യാറാക്കി അതിൽ തൈ നടാം. തൈ നടുമ്പോൾ തൊണ്ടിന്റെ മേൽഭാഗം അൽപം മുകളിൽ കാണത്തക്കവിധം നടേണ്ടതാണ്. തൈയ്ക്കു ചുറ്റുമുള്ള മണ്ണ് നന്നായി ചവിട്ടി ഉറപ്പിക്കണം. എന്നാൽ തൈയുടെ കണ്ണാടി ഭാഗം മൂടാനോ ഓലപ്പട്ടകൾക്കിടയിൽ മണൽ കയറാനോ അനുവദിക്കരുത്.

തൈകൾ മണ്ണിൽ വേരോടി ഉറയ്ക്കുന്നതുവരെ ഓലകൊണ്ടോ മറ്റോ തണൽ നാട്ടിക്കൊടുക്കേണ്ടതാണ്. ഒന്നുരണ്ടു വർഷത്തേക്കുമാത്രം ഈ സംരക്ഷണം മതിയാകും. കളകളുടെ നിയന്ത്രണവും

തുല്യപ്രാധാന്യമർഹിക്കുന്നു. തൈയ്ക്കു ചുറ്റും ഒന്നു രണ്ടു മീറ്റർ വ്യാസാർദ്ധത്തിൽ കളകളെ അകറ്റി നിർത്തേണ്ടതും ഉണങ്ങിയ ഇല, ഈർച്ചപ്പൊടി, ചകിരിച്ചോറ് ഇവയിലേതെങ്കിലും ഉപയോഗിച്ചു തടത്തിൽ പുതയിടേണ്ടതുമാണ്. മേൽപറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചു പുതയിടുമ്പോൾ കടയോടടുത്തു കുറച്ചുഭാഗം ഒഴിച്ചിടണം.

വേനൽക്കാലത്തും മഴയില്ലാത്ത അവസരങ്ങളിലും ആദ്യത്തെ മൂന്നു വർഷം തൈകൾ നനയ്ക്കേണ്ടത് അത്യാവശ്യമാണ്. മണൽമണ്ണിൽ ആദ്യത്തെ ഒരു വർഷക്കാലം നാലു ദിവസം കൂടുമ്പോൾ നനയ്ക്കണം. ഓരോ തവണയും 45–50 ലിറ്റർ വെള്ളം ഉപയോഗിച്ചു നനയ്ക്കാം. നല്ല നന ലഭിക്കുന്ന തൈകൾ വളരെ വേഗം വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു.

തൈകൾ കൂടെക്കൂടെ പരിശോധിക്കുകയും കീടങ്ങളുടെ ആക്രമണം കണ്ടാലുടനെ ആവശ്യമായ നിയന്ത്രണ നടപടികൾ കൈക്കൊള്ളുകയും വേണം. കൂമ്പുചീയൽ തുടങ്ങിയ കുമിൾ രോഗങ്ങൾക്കെതിരെ കുമിൾനാശിനികൾ തളിക്കേണ്ടതാണ്.

തൈകൾ നട്ടുകഴിഞ്ഞ് ആദ്യ നാളുകളിൽ തന്നെ വളപ്രയോഗം ആരംഭിക്കണം. പശ്ചിമ തീരപ്രദേശങ്ങളിൽ മഴയ്ക്കുമുമ്പേ മെയ്–ജൂൺ മാസങ്ങളിൽ നട്ട തൈകൾക്കു മൂന്നു മാസം കഴിഞ്ഞ്, അതായത് ആഗസ്റ്റ്–സെപ്തംബർ മാസങ്ങളിൽ ആദ്യത്തെ രാസവളപ്രയോഗം നടത്താം. കായ്ച്ചു തുടങ്ങിയ തെങ്ങിനു ശുപാർശ ചെയ്തിട്ടുള്ളതിന്റെ പത്തിലൊരുഭാഗം അളവിൽ മൂന്നുമാസം കഴിഞ്ഞു വളം നൽകണം. നട്ട് ഒരു വർഷം കഴിഞ്ഞ തൈകൾക്കു കായ്ച്ചു തുടങ്ങിയ തെങ്ങിനു നൽകേണ്ട രാസവളങ്ങളുടെ മൂന്നിലൊരുഭാഗം എന്ന തോതിലും. രണ്ടു വർഷം കഴിഞ്ഞ തെങ്ങിൻ തൈകൾക്കു മൂന്നിൽ രണ്ടു ഭാഗവും നട്ടു മൂന്നു വർഷം കഴിഞ്ഞാൽ ശുപാർശ ചെയ്ത രാസവളങ്ങളുടെ മുഴുവൻ അളവും നൽകേണ്ടതാണ്.

തെങ്ങിൻ തൈകൾ നമുക്കു കുഞ്ഞുങ്ങളെപോലെയാണ്. ഹൃദയത്തോടെ ചേർത്തുപിടിച്ച് വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ആകാംക്ഷയോടെ ഉറ്റുനോക്കുന്ന ഒരു തരം വികാരം. തൈകൾ കരുത്തോടെ വളരുന്നതും കാലേ പൂവിടുന്നതും നന്നായി കായ്ക്കുന്നതും കർഷകന്റെ മനസ്സു നിറയ്ക്കും. അതിനു ചെയ്യാവുന്ന പരമപ്രധാനമായ കാര്യം ഗുണമേന്മയുള്ള തൈകൾ മാത്രം നടാനുപയോഗിക്കുക എന്നതു തന്നെ. തൈയുടെ തെരഞ്ഞെടുപ്പിൽ കർശന നിഷ്ക്കർഷത പാലിക്കുകയാണെങ്കിൽ നമ്മുടെ തെങ്ങിൻതോപ്പുകൾ വിദൂരഭാവിയിൽ നല്ല ജനിതകശേഖരം കൊണ്ടു നിറയും.■

*ലേഖിക കൊച്ചി നാളികേര വികസന ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്*





# നെൽകൃഷി
## ഇനങ്ങളറിഞ്ഞ് കൃഷി ചെയ്യുക



**ലീനാകുമാരി. എസ്**

വിളഭൂമിയുടെ പ്രത്യേകതകൾ കണ്ടറിഞ്ഞ് അതിനു യോജിക്കുന്ന ഇനം കൃഷിയിറക്കുക എന്നതാണ് ഉയർന്ന വിളവു ലഭിക്കുന്നതിനുള്ള ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗം. കേരളത്തിലെ നെൽകൃഷി പ്രദേശങ്ങളെ അവിടുത്തെ മണ്ണിന്റെ സ്വഭാവം, ലഭ്യമായ മഴയുടെ അളവ്, സ്ഥലത്തിന്റെ നിമ്നോന്നതികൾ എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി ഓണാട്ടുകര, കുട്ടനാട്, കോൾ നിലങ്ങൾ, പൊക്കാളി, ലാറ്ററൈറ്റ് മിഡ്ലാൻഡ്, മലയോരം, പാലക്കാട്, ചിറ്റൂർ, ഹൈറേഞ്ച് എന്നിങ്ങനെ എട്ടു പ്രധാന കാർഷിക കാലാവസ്ഥാ മേഖലകളായി തരംതിരിച്ചിരിക്കുന്നു. ഇവിടെയെല്ലാം നെൽകൃഷി പ്രധാനമായും വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്നു സമയങ്ങളിലായാണ് ചെയ്തു വരാറുള്ളത്. മേൽപ്പറഞ്ഞ കാർഷിക കാലാവസ്ഥാ മേഖലകളിലെ വിവിധ നെൽകൃഷി സമയങ്ങൾക്കുവേണ്ടി കേരള കാർഷിക സർവ്വകലാശാല ഉരുത്തിരിച്ചെടുത്ത അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളിൽ പ്രധാനപ്പെട്ടവ പട്ടിക Iൽ കൊടുത്തിരിക്കുന്നു.

**സവിശേഷതകൾ**

കാലാവസ്ഥ, കൃഷി സമയം, ജല ലഭ്യത, ജല ദൗർലഭ്യം, മണ്ണിലെ അമ്ല ക്ഷാരാംശങ്ങൾ, നെല്ലിനത്തിന്റെ മൂപ്പ്, വിളവ്, കീടപ്രതിരോധശേഷി, പ്രതികൂല സാഹചര്യങ്ങളോട് ഇണങ്ങിപ്പോകാനുള്ള കഴിവ്, കർഷകരുടെ ഇടയിൽ ഇനത്തിനുള്ള അംഗീകാരം തുടങ്ങി പല ഘടകങ്ങളും കണക്കിലെടുത്താണ് ഒരു പ്രദേശത്തിനു യോജിച്ച ഇനം തെരഞ്ഞെടുക്കേണ്ടത്. പൊതുവേ മൂപ്പു കൂടിയ ഇനങ്ങൾക്കു മൂപ്പു കുറഞ്ഞവയേക്കാൾ കൂടുതൽ വിളവു തരാനുള്ള കഴിവുണ്ടാവും. എന്നാൽ ജലലഭ്യതയാണ് ഇനത്തിന്റെ മൂപ്പു നിശ്ചയിക്കുന്ന ഒരു പ്രധാന ഘടകം. വിരിപ്പിനും പുഞ്ചയ്ക്കും മൂപ്പു കുറഞ്ഞ ഇനങ്ങളും മുണ്ടകൻകൃഷിക്ക് ഇടത്തരം മൂപ്പുള്ളതോ മൂപ്പു കൂടിയതോ ആയ ഇനങ്ങളും കൃഷി ചെയ്യുന്നതാണ് ഉത്തമം. അത്ര തന്നെ പ്രാധാന്യമുള്ളവയാണ് ഇനങ്ങളുടെ കീട രോഗ പ്രതിരോധ ശേഷിയും പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുവാനുള്ള കഴിവും. പട്ടിക I ലെ നെല്ലിനങ്ങളുടെ സവിശേഷ പ്രത്യേകതകൾ പട്ടിക II ൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും അവരവരുടെ പാടത്തിനു യോജിച്ച ഇനങ്ങൾ കർഷകന് തിരഞ്ഞെടുക്കാം.

**ഉയർന്ന ഉത്പ്പാദനം ഉറപ്പു വരുത്തുന്നതിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ കൃഷിമുറകകളും വിത്തിന്റെ അളവും ഇനി വിവരിക്കുന്നു**

**വിത്തിന്റെ അളവ്:**

| | | |
|---|---|---|
| വിതയ്ക്കുന്നതിന് | : | 80–100 കി/ഹെക്ടർ |
| യന്ത്രമുപയോഗിച്ചു നടുന്നതിന് | : | 45–55 കി/ഹെക്ടർ |
| യന്ത്രമുപയോഗിച്ചു നുരിയിടുന്നതിന്: | : | 60–70 കി/ഹെക്ടർ |

(യന്ത്രം ഉപയോഗിച്ച് വിത്തിടുന്നതാണ് ചെലവ് കുറയ്ക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അഭികാമ്യം)



**വിത്തൊരുക്കൽ**

വിതയ്ക്കുന്നതിനു മുമ്പ് വിത്ത് ഉപ്പു വെള്ളത്തിൽ മുക്കി പൊന്തി വരുന്നവയെ നീക്കം ചെയ്ത ശേഷം ശുദ്ധ ജലത്തിൽ കഴുകി ഉപയോഗിക്കാം. ഇതിനായി 10 ലിറ്റർ വെള്ളത്തിൽ 1.65 കിലോഗ്രാം ഉപ്പ് എന്ന തോതിൽ കലക്കി ലായനി ഉണ്ടാക്കാവുന്നതാണ്. ഇങ്ങനെ തിരഞ്ഞെടുത്ത വിത്ത് ഉപ്പു കഴുകിക്കളഞ്ഞ ശേഷം സ്യൂഡോമൊണാസ് ഫ്ളൂറസ്സെൻസ് എന്ന ജൈവ കുമിൾനാശിനിയുമായി കലർത്തി വെച്ചശേഷം ഉപയോഗിക്കുന്ന പക്ഷം മുളച്ചു വരുന്ന ഞാറിനു നല്ല കരുത്തും വളർച്ചയും ഉണ്ടാകുന്നതിനും ശൈശവദിശയിലുണ്ടാകാനിടയുള്ള രോഗങ്ങളെ ചെറുക്കുന്നതിനും സഹായിക്കും. ഇതിനായി ഒരു കിലോഗ്രാം വിത്തിനു 10 ഗ്രാം എന്ന നിരക്കിൽ സ്യൂഡോമൊണാസ് ഫ്ളൂറസ്സെൻസ് വിത്തുമായി കലർത്തി 12 മുതൽ 14 മണിക്കൂർ വരെ വെച്ച ശേഷം വിതയ്ക്കാവുന്നതാണ്.

**മണ്ണിലെ കുമ്മായ പ്രയോഗം**

കേരളത്തിൽ പാലക്കാട്, ചിറ്റൂർ പ്രദേശമൊഴികെ മറ്റെല്ലായിടത്തുമുള്ള നെൽപ്പാടങ്ങളിൽ പുളിരസമുള്ള മണ്ണാണു കാണപ്പെടുന്നത്. പുളിരസം ഏറിയ പാടങ്ങളിൽ കുമ്മായം ചേർത്ത ശേഷം ധാരാളം വെള്ളം കയറ്റിയിറക്കി മണ്ണിലെ പുളിരസം കുറച്ചു കൃഷിയോഗ്യമാക്കാം. ഇതിനായി ഹെക്ടറിനു 650 കിലോഗ്രാം എന്ന തോതിൽ കുമ്മായം രണ്ടു പ്രാവശ്യമായി പാടത്തുചേർത്തു കൊടുക്കേണ്ടതുണ്ട്. നിലമൊരുക്കുന്ന സമയത്തു 350 കിലോഗ്രാമും, വിതച്ച്/നട്ട് ഒരു മാസത്തിനു ശേഷം 250 കിലോഗ്രാമും.



**പട്ടിക I**

**കേരളത്തിലെ പ്രധാന കാർഷിക കാലാവസ്ഥാ മേഖലകളും അവയ്ക്കു യോജിച്ച നെല്ലിനങ്ങളും**

| കാർഷിക കാലാവസ്ഥാ മേഖല | നെൽകൃഷി സമയം | യോജിച്ച നെല്ലിനങ്ങൾ |
|---|---|---|
| ഓണാട്ടുകര | വിരിപ്പ് | ചിങ്ങം, ഓണം, ഭാഗ്യ, കാർത്തിക, കുഞ്ഞുകുഞ്ഞ് പ്രിയ, കാഞ്ചന, ഹർഷ, മകം, ജ്യോതി, വൈശാഖ്, പ്രത്യാശ |
| | മുണ്ടകൻ | ധനു, ധന്യ, അനശ്വര, മകരം, കുംഭം, സാഗര, തുലാം, രമ്യ, ഉമ, ഗൗരി |
| | പുഞ്ച | അന്നപൂർണ്ണ, അരുണ, മകം, രേവതി |
| കുട്ടനാട് | ഒന്നാം കൃഷി (പുഞ്ച) | ഭദ്ര, മകം, പവിഴം, കനകം, പഞ്ചമി, പവിത്ര, ഗൗരി, ഉമ, ജ്യോതി, കാഞ്ചന, കൃഷ്ണാഞ്ജന, പ്രത്യാശ |
| | രണ്ടാം കൃഷി | അരുണ, ഗൗരി, പ്രത്യാശ |
| കോൾ നിലങ്ങൾ | ഒന്നാം കൃഷി | ജ്യോതി, ഭാഗ്യ, കാഞ്ചന |
| | രണ്ടാം കൃഷി | അഹല്യ, ഹ്രസ്വ, വർഷ, മട്ട ത്രിവേണി, ഓണം |
| പൊക്കാളി/ കൈപ്പാട് | വിരിപ്പ് | വൈററില 4, വൈററില 6 |
| | മുണ്ടകൻ | എഴോം1, എഴോം2 |
| ലാറ്ററൈറ്റ് മിഡ്ലാൻഡ് | വിരിപ്പ് | രമ്യ, ഉമ, പ്രത്യാശ, ജ്യോതി, ശബരി, ഭാരതി, ആതിര, കാഞ്ചന, ഐശ്വര്യ, കുഞ്ഞുകുഞ്ഞ് പ്രിയ, വൈശാഖ് |
| | മുണ്ടകൻ | ധനു, കരുണ, അനശ്വര, ഉമ |
| | പുഞ്ച | അന്നപൂർണ്ണ, അരുണ, മകം, രേവതി |
| മലയോരം | വിരിപ്പ് | ജ്യോതി, കാഞ്ചന, ഹർഷ, രമണിക, വൈശാഖ് |
| | മുണ്ടകൻ | കരുണ, മകരം, കുംഭം, അനശ്വര |
| | പുഞ്ച | അന്നപൂർണ്ണ, അരുണ, മകം, രേവതി |
| പാലക്കാട് | വിരിപ്പ് | ജ്യോതി, കാഞ്ചന, ആതിര, ഐശ്വര്യ, ഹർഷ, കുഞ്ഞുകുഞ്ഞ് പ്രിയ, വൈശാഖ് , സംയുക്ത |
| | മുണ്ടകൻ | കരുണ, മകരം, കുംഭം, അനശ്വര, ഉമ |
| | പുഞ്ച | അന്നപൂർണ്ണ, മട്ട ത്രിവേണി, ജ്യോതി, ഉമ |
| ചിറ്റൂർ | വിരിപ്പ് | ഭദ്ര, രമ്യ, ഉമ, ആതിര, ഐശ്വര്യ |
| | മുണ്ടകൻ | നീരജ, ശ്വേത |
| | പുഞ്ച | അന്നപൂർണ്ണ, മട്ട ത്രിവേണി, ജ്യോതി |
| ഹൈറേഞ്ച് | നഞ്ച | ദീപ്തി, ആതിര, ഉമ |
| | പുഞ്ച | ദീപ്തി, ആതിര, ഉമ |



പാടത്തെ വെള്ളം വാർത്തു കളഞ്ഞ ശേഷം വേണം കുമ്മായം ചേർത്ത് കൊടുക്കുന്നത്. കുമ്മായം ചേർത്ത് 48 മണിക്കൂറിനു ശേഷം പാടത്തു വെള്ളം കയറ്റി നന്നായി കഴുകി ഇറക്കണം. കുമ്മായം ഇടുന്നതിനും രാസവളം കൊടുക്കുന്നതിനുമിടയിൽ ഒരാഴ്ച്ചത്തെ ഇടവേള കൊടുക്കണം.

### കളനിയന്ത്രണം

വിതച്ച് 45 ദിവസം വരെ നെല്ലിനു കളകളിൽ നിന്നും സംരക്ഷണം ആവശ്യമാണ്. മനുഷ്യാദ്ധ്വാനം വഴിയോ യന്ത്രമുപയോഗിച്ചോ, സുരക്ഷിതമായ കളനാശിനികളുടെ ഉപയോഗത്തിലൂടെയോ കളകളെ നീക്കം ചെയ്യണം.

### വളപ്രയോഗം

മണ്ണിൽ സൂക്ഷ്മജീവികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനു ജൈവവളങ്ങൾ ചേർക്കേണ്ടത് അത്യാവശ്യമാണ്. വിത്ത് വിതയ്ക്കുന്നതിനു മുമ്പ് അടിസ്ഥാന വളമായി കുറഞ്ഞത് 5 ടൺ ജൈവവളം/കംമ്പോസ്റ്റ്/പച്ചിലവളം മണ്ണിൽ ചേർക്കുക. ഇതിനായി കൃഷി തുടങ്ങുന്നതിനു രണ്ടുമാസം മുമ്പു തന്നെ പച്ചില വളച്ചെടികൾ/പയറുവർഗ്ഗ വിളകൾ പാടത്തു വളർത്തി 8–10 ആഴ്ചയ്ക്കകം ഉഴുതു ചേർക്കുകയോ അതല്ലെങ്കിൽ പുറമേ നിന്നു ശേഖരിച്ചു മണ്ണിൽ ചേർത്തു കൊടുക്കുകയോ വേണം. മണ്ണു പരിശോധന നടത്തി മണ്ണിന്റെ ഫലഭൂയിഷ്ഠതയെ അടിസ്ഥാനമാക്കി വേണം രാസവളപ്രയോഗം നടത്തേണ്ടത്. എങ്കിലും പൊതുവേ ഋതുബന്ധ സ്വഭാവമുള്ള ഇനങ്ങൾക്കു 40: 20:20 എന്ന നിരക്കിലും ഹ്രസ്വകാല ഇനങ്ങൾക്കു 70:35:35 എന്ന നിരക്കിലും മദ്ധ്യകാല ഇനങ്ങൾക്കു 90:45:45 എന്ന നിരക്കിലും നൈട്രജനും ഫോസ്ഫറസും പൊട്ടാഷും ചേർന്ന രാസവളങ്ങൾ വിതച്ചു 10 മുതൽ 15 ദിവസത്തിനുള്ളിൽ, ചിനപ്പു പൊട്ടുന്ന സമയം, അടിക്കണ സമയം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായി കൊടുക്കാം. ഫോസ്ഫറസ് വളങ്ങൾ അടിവളമായി കൊടുക്കുന്നതാണ് ഉത്തമം. വളമിടുന്നതിനു മുമ്പായി വെള്ളം വാർത്തു കളയുകയും 48 മണിക്കൂറിനു ശേഷം വീണ്ടും കയറ്റുകയും വേണം.

### സസ്യ സംരക്ഷണം

സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക, രോഗകീട പ്രതിരോധശേഷിയുള്ള ഇനങ്ങൾ തിരഞ്ഞെടുത്ത് കൃഷി ചെയ്യുക എന്നതാണ് സംയോജിത സസ്യസംരക്ഷണത്തിലെ ഏറ്റവും പ്രധാനപടി. ഉപയോഗിക്കുന്ന ഇനത്തിന്റെ പ്രതിരോധശേഷിയെപ്പറ്റി നന്നായിട്ടു മനസ്സിലാക്കുകയും ആവശ്യമെങ്കിൽ ചെലവു കുറഞ്ഞതും പരിസ്ഥിതിക്കു ദോഷം ചെയ്യാത്തതുമായ ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ അനുവർത്തിക്കുന്നതുമാണ് അഭികാമ്യം.

നെൽകൃഷിയിൽ ഉണ്ടാകാനിടയുള്ള പ്രധാന രോഗങ്ങൾ ഇലപ്പുള്ളി രോഗം, പോള രോഗം, പോളകരിച്ചിൽ, ലക്ഷ്മീ രോഗം എന്നീ കുമിൾ രോഗങ്ങളും ബാക്ടീരിയൽ ഇല കരിച്ചിലുമാണ്. ഫംഗസ് രോഗങ്ങൾ നിയന്ത്രിക്കുന്നതിന് വിത്തൊരുക്കുമ്പോൾ തന്നെ മുകളിൽ പറഞ്ഞ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പറിച്ചുനടീൽ സമ്പ്രദായം അനുവർത്തിക്കുന്ന സ്ഥലങ്ങളിൽ, നടുന്നതിനു മുമ്പ് പറിച്ച ഞാറുകൾ 100 ലിറ്റർ വെള്ളത്തിൽ 1 കിലോ എന്ന തോതിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് കലർത്തിയ ലായനിയിൽ കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും മുക്കിവച്ച ശേഷം നടുക. വിതച്ച് അല്ലെങ്കിൽ നട്ട് ഒരു മാസത്തിനു ശേഷം ഒരു ഹെക്ടറിലേക്കു 2.5 കിലോഗ്രാം സ്യൂഡോമൊണാസ് ഫ്ളൂറസെൻസ്, 50 കിലോഗ്രാം ഉണങ്ങിയ ചാണകപ്പൊടിയുമായോ മണലുമായോ കൂട്ടിക്കലർത്തി ഒരു ദിവസം വെച്ചശേഷം മണ്ണിൽ ചേർത്തു കൊടുക്കാം. കുമിൾ രോഗങ്ങളുടെ സാദ്ധ്യത കാണുന്നപക്ഷം 10–20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസെൻസ് 1 ലിറ്ററിന് എന്ന തോതിൽ

**പട്ടിക II**

**നെല്ലിനങ്ങളും അവയുടെ പ്രധാന സവിശേഷതകളും**

| ഇനം | മൂപ്പ് (ദിവസം) | യോജിച്ച കൃഷി സമയം | സവിശേഷതകൾ |
|---|---|---|---|
| അന്ന-പൂർണ്ണ | 95–100 | മൂന്നു പൂവും | ഉയർന്ന വിളവ്, എന്നാൽ മുഞ്ഞ, ഇലപ്പുള്ളി പോളരോഗം ഇവയുടെ ആക്രമണത്തിനു വേഗം വിധേയമാകുന്നു. |
| ജ്യോതി | 110–125 | മൂന്നു പൂവും | മുഞ്ഞയ്ക്കെതിരെ പ്രതിരോധശേഷി. ഇലപ്പുള്ളി, പോളരോഗം ഇവയുടെ ആക്രമണത്തിനു വേഗം വിധേയമാകുന്നു. |
| ശബരി | 130– 135 | വിരിപ്പ്, മുണ്ടകൻ | പോളരോഗത്തിനു വേഗം വഴിപ്പെടുന്നു. |
| ഭാരതി | 120–125 | വിരിപ്പ്, മുണ്ടകൻ | ഇലപ്പുള്ളി, പുള്ളിക്കുത്ത് എന്നീ രോഗങ്ങൾക്കെതിരെ പ്രതിരോധശേഷി. |
| മട്ട ത്രിവേണി | 100–105 | മൂന്നു പൂവും | മുഞ്ഞയ്ക്കെതിരെ പ്രതിരോധശേഷി. ഇലപ്പുള്ളി, പോളരോഗം ഇവയുടെ ആക്രമണത്തിനു വേഗം വിധേയമാകുന്നു. |
| നീരജ | 140–150 | വിരിപ്പ്, മുണ്ടകൻ | വെള്ളക്കെട്ടുള്ള പാടങ്ങൾക്കും പൂന്തൽപ്പാടങ്ങൾക്കും യോജിച്ച ഇനം. ഇലപ്പുള്ളി, പോളകരിച്ചിൽ, ഇലചുരുട്ടിപുഴു എന്നിവയ്ക്കെതിരെ പ്രതിരോധശേഷി. പോളരോഗത്തിനു വഴിപ്പെടുന്നു. |
| കാഞ്ചന | 105–110 | മൂന്നു പൂവും | ഇലപ്പുള്ളി, പുള്ളിക്കുത്ത്, തുംഗ്രൂ വൈറസ് ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| ആതിര | 120–130 | വിരിപ്പ്, മുണ്ടകൻ | മുഞ്ഞ, ഗാളീച്ച, ഇലപ്പുള്ളി, പോളരോഗം ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| ഐശ്വര്യ | 120–125 | വിരിപ്പ്, പുഞ്ച | മുഞ്ഞ, ഗാളീച്ച, ഇലപ്പുള്ളി, പോളരോഗം ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| കരുണ | 135–140 | മുണ്ടകൻ | തണ്ടുതുരപ്പൻ, ഇലപ്പുള്ളി, പോളരോഗം, ഇരുമ്പയിര് ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| ഹർഷ | 105–115 | വിരിപ്പ് | വരൾച്ചയ്ക്കും ഇലപ്പുള്ളി രോഗത്തിനുമെതിരെ പ്രതിരോധശേഷി.പൊടിവിതയ്ക്ക് അനുയോജ്യം |
| വർഷ | 110–120 | വിരിപ്പ്, മുണ്ടകൻ | വരൾച്ചയ്ക്കും ഇലപ്പുള്ളി രോഗത്തിനുമെതിരെ പ്രതിരോധശേഷി. പൊടിവിതയ്ക്കും നടിച്ചിലിനും അനുയോജ്യം |
| ശ്വേത | 130–135 | വിരിപ്പ്, മുണ്ടകൻ | വെള്ള അരി. പാലക്കാടിന്റെ കിഴക്കൻ പ്രദേശങ്ങളിലെ രണ്ടാംകൃഷിക്കു യോജിച്ചത് |
| അനശ്വര | 130–135 | മുണ്ടകൻ | ഗാളീച്ച, പോളരോഗം ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| സംയുക്ത | 115–120 | വിരിപ്പ് | കൂട്ടുമുണ്ടകൻ കൃഷിയിൽ ഒന്നംവിളയായി ഉപയോഗിക്കുവാൻ യോജിച്ചത് |
| വൈശാഖ് | 115–120 | വിരിപ്പ് | കരനെൽകൃഷിക്ക് യോജിച്ചത്. ഉയർന്ന പ്രകാശസംശ്ലേഷണശേഷി, വരൾച്ചയ്ക്കെതിരെ പ്രതിരോധശേഷി |
| ഭദ്ര | 110–140 | വിരിപ്പ്, മുണ്ടകൻ | മുഞ്ഞയ്ക്കെതിരെ പ്രതിരോധശേഷി. പോളരോഗത്തിനു വഴിപ്പെടുന്നു. |
| ആശ | 115–120 | വിരിപ്പ്, മുണ്ടകൻ | മുഞ്ഞ, പോളരോഗം, പോള കരിച്ചിൽ, ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| പവിഴം | 115–120 | വിരിപ്പ്, മുണ്ടകൻ | മുഞ്ഞ, പോളരോഗം, പോള കരിച്ചിൽ, ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| കാർത്തിക | 105–110 | മൂന്നു പൂവും | മുഞ്ഞ, പോളരോഗം, പോള കരിച്ചിൽ, ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| അരുണ | 100–110 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, തണ്ടുതുരപ്പൻ, പോളരോഗം, പുള്ളിക്കുത്ത്, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| മകം | 100 110 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു, പോളരോഗം, പുള്ളിക്കുത്ത്, പോള കരിച്ചിൽ, ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| രമ്യ | 115–120 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, പോളരോഗം, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| കനകം | 120–125 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, തണ്ടുതുരപ്പൻ, പോളരോഗം, ഇലപ്പുള്ളി,പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| രഞ്ജിനി | 120–130 | മൂന്നു പൂവും | ഇലപ്പുള്ളിരോഗത്തിനെതിരെ പ്രതിരോധശേഷി. |
| പവിത്ര | 115–120 | മൂന്നു പൂവും | ഗാളീച്ച, പോളരോഗം, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| പഞ്ചമി | 115–120 | മൂന്നു പൂവും | ഗാളീച്ച, പോളരോഗം, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| രമണിക | 105–110 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, പോളരോഗം, ഇലപ്പുള്ളി, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| ഉമ | 120–125 | വിരിപ്പ്, മുണ്ടകൻ | മുഞ്ഞ, ഗാളീച്ച ഇവയ്ക്കെതിരെ പ്രതിരോധശേഷി. ഒരു മാസം വരെ സുഷുപ്താവസ്ഥ. |
| രേവതി | 100–105 | മൂന്നു പൂവും | മുഞ്ഞയ്ക്കെതിരെ പ്രതിരോധശേഷി. ഒരു മാസം വരെ സുഷുപ്താവസ്ഥ. |
| കൃഷ്ണാഞ്ജന | 105–110 | മൂന്നു പൂവും | മുഞ്ഞ, ഗാളീച്ച, ഇരുമ്പയിര് ഇവയ്ക്കെതിരെ പ്രതിരോധശേഷി |
| ഗൗരി | 115–120 | മൂന്നു പൂവും | മുഞ്ഞ, തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു, പോളരോഗം, പോള കരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| പ്രത്യാശ | 102–105 | മൂന്നു പൂവും | കുട്ടനാട്ടിലെ ഇരുപ്പൂ പാടങ്ങൾക്കു യോജിച്ചത്. മുഞ്ഞ, ഗാളീച്ച, പോളരോഗം, പോള കരിച്ചിൽ, പുള്ളിക്കുത്ത്, ഇവയ്ക്കെതിരെ ഒരു പരിധിവരെ പ്രതിരോധശേഷി. |
| ഭാഗ്യ | 120–125 | വിരിപ്പ്, പുഞ്ച | മുഞ്ഞ, വെള്ള മുഞ്ഞ, പോള രോഗം, വരൾച്ച ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| ഓണം | 95–105 | മൂന്നു പൂവും | പോളരോഗം, ഇലപ്പുള്ളി, പോള കരിച്ചിൽ, വരൾച്ച ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| ധന്യ | 120–125 | മുണ്ടകൻ | തണ്ടുതുരപ്പൻ, ഇലചുരുട്ടിപ്പുഴു, പോളരോഗം, ഇലപ്പുള്ളി ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| സാഗര | 175–180 | മുണ്ടകൻ | ഉപ്പുരസത്തെ അതിജീവിക്കുന്നു. ഓണാട്ടുകരയിലെ ഓരുമുണ്ടകൻ പാടങ്ങൾക്കു യോജിച്ചത്. |
| ചിങ്ങം | 95–100 | വിരിപ്പ് | വരൾച്ചയെ അതിജീവിക്കുന്നു. പൊടിവിതയ്ക്ക് അനുയോജ്യം. |
| ധനു | 150–160 | മുണ്ടകൻ | പ്രധാന രോഗങ്ങൾക്കും കീടങ്ങൾക്കും എതിരെ പ്രതിരോധശേഷി. |
| മകരം | 150–160 | മുണ്ടകൻ | കേരളത്തിന്റെ തെക്കൻ ജില്ലകളിലെ ചേറാടി നിലങ്ങളിലേക്ക് രണ്ടാം കൃഷിക്ക് യോജിച്ചത്. |
| കുംഭം | 165–170 | മുണ്ടകൻ | കേരളത്തിന്റെ തെക്കൻ ജില്ലകളിലെ ചേറാടി നിലങ്ങളിലേക്ക് രണ്ടാം കൃഷിക്ക് യോജിച്ചത് |
| തുലാം | 135–140 | മുണ്ടകൻ | ഓണാട്ടുകരയിലെ രണ്ടാം കൃഷിക്ക് യോജിച്ച ഇനം. |
| വൈറ്റില 4 | 120–125 | വിരിപ്പ് | ഉപ്പുരസത്തെ അതിജീവിക്കുന്നു. പൊക്കാളിപ്പാടങ്ങൾക്ക് അനുയോജ്യം. |
| വൈറ്റില 6 | 115–120 | വിരിപ്പ് | |
| ഹ്രസ്വ | 70–75 | മൂന്നു പൂവും | വളരെ മൂപ്പു കുറഞ്ഞത്. |
| അഹല്യ | 90–105 | മൂന്നു പൂവും | പോളരോഗം, ഇലചുരുട്ടിപ്പുഴു ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| കുഞ്ഞുകുഞ്ഞു പ്രിയ | 115–120 | മൂന്നു പൂവും | പ്രധാന രോഗങ്ങൾക്കും കീടങ്ങൾക്കും എതിരെ പ്രതിരോധശേഷി, സ്വാദേറിയ ചോറ്. |
| എഴോം 1 | 135–140 | വിരിപ്പ് | കൈപ്പാട് നിലങ്ങൾക്ക് യോജിച്ചത്. ഉപ്പുരസത്തെ അതിജീവിക്കുന്നു. ഗാളീച്ച, കുഴൽപ്പുഴു, ഇലചുരുട്ടിപ്പുഴു പോളരോഗം, ബാക്ടീരിയൽ ഇലകരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |
| എഴോം 2 | 120–125 | വിരിപ്പ്, മുണ്ടകൻ | കൈപ്പാട് നിലങ്ങൾക്ക് യോജിച്ചത്. ഉപ്പുരസത്തെ അതിജീവിക്കുന്നു. ഗാളീച്ച, ഇലചുരുട്ടിപ്പുഴു പോളരോഗം, ബാക്ടീരിയൽ ഇലകരിച്ചിൽ ഇവയ്ക്കെതിരെ പ്രതിരോധശേഷി. |



**നെൽവിത്ത് ലഭ്യമാകുന്ന കേന്ദ്രങ്ങൾ**

| ഗവേഷണകേന്ദ്രം | വിത്തിനം |
|---|---|
| പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം, പട്ടാമ്പി | അന്നപൂർണ്ണ, ജ്യോതി, ശബരി, ഭാരതി, മട്ട ത്രിവേണി, കാഞ്ചന, ആതിര, ഐശ്വര്യ, കരുണ, ഹർഷ, വർഷ, അനശ്വര, ശ്വേത, കുഞ്ഞുകുഞ്ഞ് പ്രിയ, വൈശാഖ്, സംയുക്ത |
| നെല്ലു ഗവേഷണകേന്ദ്രം, മങ്കൊമ്പ് | ഭദ്ര, പവിഴം, കാർത്തിക, അരുണ, മകം, രമ്യ, കനകം, രഞ്ജിനി, പവിത്ര, പഞ്ചമി, രമണിക, ഉമ, രേവതി, കൃഷ്ണാഞ്ജന, ഗൗരി, പ്രത്യാശ |
| മേഖലാ കാർഷിക ഗവേഷണകേന്ദ്രം, ഓണാട്ടുകര | ചിങ്ങം, ഓണം, ഭാഗ്യ, ധനു, ധന്യ, മകരം, കുംഭം, സാഗര, തുലാം |
| നെല്ലു ഗവേഷണകേന്ദ്രം, വൈറ്റില | വൈറ്റില 4, വൈററില 6 |
| കാർഷിക ഗവേഷണകേന്ദ്രം, മണ്ണുത്തി | അഹല്യ, ഹ്രസ്വ, മനുപ്രിയ |
| പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ | ദീപ്തി |

വെള്ളത്തിൽ കലക്കി വിതച്ച് 45 ദിവസത്തിനു ശേഷം ഇലയിൽ തളിക്കാവുന്നതുമാണ്.

ബാക്ടീരിയൽ ഇല കരിച്ചിൽ കണ്ടാൽ പച്ചച്ചാണകം വെള്ളത്തിൽ കലക്കി തെളിയൂറ്റി അരിച്ചു തളിക്കുന്നതു രോഗം പടർന്നു പിടിക്കുന്നതു തടയാൻ സഹായിക്കും. ഒരു ഹെക്ടറിനു 2 കി ഗ്രാം എന്ന തോതിൽ ബ്ളീച്ചിംഗ് പൗഡർ ചെറിയ കിഴികളായിക്കെട്ടി ജലസേചനച്ചാലുകളിൽ ഇടുന്നതും രോഗം പടരുന്നതിനെ തടയും.

### കീടനിയന്ത്രണം

കുഴൽപ്പുഴു, തണ്ടുതുരപ്പൻ,ഇലചുരുട്ടി, മുഞ്ഞ, ചാഴി തുടങ്ങിയവയാണു നെല്ലിനെ ആക്രമിക്കുന്ന പ്രധാന കീടങ്ങൾ.

കുഴൽപ്പുഴുവിനെ നിയന്ത്രിക്കുന്നതിനു മണ്ണെണ്ണ പുരട്ടിയ കയറുപയോഗിച്ച് ആക്രമണം ബാധിച്ച നെല്ലോലകളിലൂടെ വലിക്കുകയും വെള്ളം വാർത്തുകളയുകയും ഒഴുകി വരുന്ന കുഴലുകൾ ശേഖരിച്ച് നശിപ്പിക്കുകയും ചെയ്യുക. 48 മണിക്കൂർ പാടത്തെ വെള്ളം വറ്റിക്കുക. വെള്ളക്കെട്ടുള്ള പാടങ്ങളിൽ ആക്രമണം രൂക്ഷമായി കാണുന്നതിനാൽ 2-3 ദിവസം ഇടവിട്ട് വെള്ളം കയറ്റിയിറക്കുന്നതു കീടബാധയെ ചെറുക്കും. വെള്ളത്തിനു മുകളിൽ നേരിയ പാട വരത്തക്കവണ്ണം ഏക്കറിന് ഒരു ലിറ്റർ മണ്ണെണ്ണ/2 ലിറ്റർ കരിഓയിൽ ചെടികളിൽ വീഴാത്ത വണ്ണം പാടത്തേക്കു വെള്ളം കയറുന്ന ചാലിന്റെ ഭാഗത്തേക്ക് ഒഴിച്ചു കൊടുക്കുക. 1:50 അനുപാതത്തിൽ മണ്ണെണ്ണ അറക്കപ്പൊടി മിശ്രിതം ജല നിർഗ്ഗമനം സാദ്ധ്യമാകാത്ത പാടങ്ങളിൽ കീടാക്രമണമുള്ളപ്പോൾ വിതറുക.

തണ്ടുതുരപ്പനേയും ഇലചുരുട്ടിയേയും പ്രതിരോധിക്കുന്നതിനു ട്രൈക്കോകാർഡുകൾ ഉപയോഗിക്കാം. നട്ട് ഒരാഴ്ചയ്ക്കും 20 ദിവസത്തിനും ശേഷം മുട്ടകാർഡുകൾ നെല്ലോലകളിൽ നിക്ഷേപിക്കുന്നതു തണ്ടുതുരപ്പനേയും ഇലചുരുട്ടിയേയും യഥാക്രമം നിയന്ത്രിക്കുന്നതിനുത്തമമാണ്.

മുഞ്ഞയെ നിയന്ത്രിക്കുന്നതിനു പാടത്ത് 3 മീറ്റർ ഇടവിട്ട് 30 സെ.മീ വീതിയിൽ ചാലെടുത്ത്, വെളിച്ചം, വായുസഞ്ചാരം എന്നിവ ഉറപ്പാക്കുക.1 ചാക്ക് ഉമി/അറക്കപ്പൊടിയിൽ 1 ലിറ്റർ മണ്ണെണ്ണയോ 2 ലിറ്റർ കരിഓയിലോ ഏതെങ്കിലുമൊന്നു കൂട്ടികലർത്തി പാടങ്ങളിൽ വിതറുക. 100 ഗ്രാം വെളുത്തുള്ളി അരച്ച് 10 ലിറ്റർ വെള്ളത്തിൽ കലക്കി വെളുത്തുള്ളി മിശ്രിതം ലായനി ഉണ്ടാക്കി തളിക്കുക.വേപ്പില കഷായം, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക് എന്നിവ ഉപയോഗിച്ചും മുഞ്ഞയെ നിയന്ത്രിക്കാം.

കതിരിടുന്ന സമയത്തുണ്ടാകുന്ന ചാഴിയുടെ ഉപദ്രവം തടയുന്നതിനായി വേപ്പെണ്ണയും വെളുത്തുള്ളിയും കലർന്ന മിശ്രിതം ഉപയോഗിക്കാം. സന്ധ്യാസമയത്ത് പുരയിടത്തിനു സമീപം കരിയിലകളും മറ്റും കൂട്ടിയിട്ട് തീ കൊടുക്കുന്നത് ചാഴിയുടെ ശല്യം കുറയ്ക്കാൻ സഹായിക്കും.

### കൊയ്ത്ത്

കതിരിട്ട് 25 മുതൽ 30 ദിവസത്തിനുള്ളിൽ വിള കൊയ്യാൻ പാകമാകും. മനുഷ്യാദ്ധ്വാനത്തിലൂടെയോ യന്ത്രമുപയോഗിച്ചോ കൊയ്ത്തു നടത്താം. കഴിയുന്നതും കൊയ്തെടുത്ത് അന്നു തന്നെ മെതിച്ചെടുക്കുന്നത് നെല്ലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സഹായിക്കും.

*ലേഖിക ആലപ്പുഴ മങ്കൊമ്പ് നെല്ലുഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രജ്ഞയാണ്*
*e-mail: leenakumarys@rediffmail.com*







# കരയെ കതിരണിയിക്കും

## അനിത സി.എസ്

*അരിയുണ്ടെങ്കിലേ ശ്രീയുള്ളു*
*പുന്നെല്ലിൻ അരിവെന്ത വെള്ളവും*
*അമൃതല്ലേ ................*

അരിയുണ്ടെങ്കിലെ ഐശ്വര്യമുള്ളു എന്നാണ് പ്രശസ്ത കവിയും ജ്ഞാനപീഠ ജേതാവുമായ പ്രൊഫ. ഒ.എൻ.വി. കുറുപ്പിന്റെ ഈ വരികൾ നമ്മെ ഓർമ്മപ്പെടുത്തുന്നത്. നെൽകൃഷിയുടെ മൂല്യവും പ്രാധാന്യവുമാണ് ഇതിലൂടെ അദ്ദേഹം വ്യക്തമാക്കുന്നത്. നെല്ല് ഒരു ഭക്ഷ്യധാന്യം എന്നതിലുപരി നമ്മുടെ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആചാരവിശ്വാസങ്ങളുടെയും നൂലിഴകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന കണ്ണിയാണ്. നെൽവയലുകളുടെ പച്ചപ്പും നെല്ലിന്റെ മണവും എല്ലാ മലയാളികളുടെ മനസ്സിലും എന്നും ഗൃഹാതുരത്വം നിറഞ്ഞ ഓർമകളാണ് ഓരോ നെൽവയൽ നികരുമ്പോഴും അതിന്റെ കാരണമെന്തായാലും ഒരു നെടുവീർപ്പ് തീർച്ചയായും നമ്മുടെ മനസ്സിലുണ്ടാകും. അത്ര അഭേദ്യമാണ് നെൽകൃഷിയുമായി നമുക്കുള്ള ബന്ധം. അതുകൊണ്ട് തന്നെയാണു നെൽകൃഷി പുനരുജ്ജീവിപ്പിക്കാനുള്ള ഓരോ സാധ്യതകളും നാം ഇരുകൈയ്യും നീട്ടി സ്വീകരിക്കുന്നത്. ഭാവിയുടെ ഭക്ഷ്യക്കലവറകളും തണ്ണീർത്തടങ്ങളുമായ നെൽവയലുകൾ നികത്തുന്നതു തടയുന്നതിനൊപ്പം സാധ്യമായ സ്ഥലത്തൊക്കെ നെൽകൃഷി വ്യാപിപ്പിക്കേണ്ടതും നമ്മുടെ ഭക്ഷ്യ-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇവിടെയാണ് കരനെൽകൃഷിയുടെ പ്രസക്തിയും പ്രാധാന്യവും.

മഴയെ ആശ്രയിച്ചുള്ള കരപ്രദേശങ്ങളിൽ ചെയ്യുന്ന കൃഷിയാണ് കരനെൽകൃഷി. മലമ്പ്രദേശങ്ങളിലെ കുറ്റിക്കാടുകൾ തീയിട്ട് നശിപ്പിച്ച് പുതുമഴയോടെ നെൽവിത്തിടുന്ന പുനം കൃഷി ആദിവാസി സമൂഹങ്ങൾക്കിടയിൽ വ്യാപകമായിരുന്നു. ഇന്നും ഈ രീതി പരിമിതമായി ചെയ്തു വരുന്നവരുണ്ട്. മോടൻ കൃഷി ചെയ്യുന്ന കരപ്പറമ്പുകളും തട്ടുതട്ടായി തിരിച്ച പള്ള്യാലുകളും കരനെല്ലിന്റെ വിളനിലങ്ങളായിരുന്നു. നാടൻ ഇനങ്ങളായ കട്ടമോടൻ, കറുത്തമോടൻ, ചുവന്നമോടൻ, കൊച്ചുവിത്ത്, കരവാള തുടങ്ങിയ ഇനങ്ങളായിരുന്നു അന്ന് കരനെൽകൃഷിക്ക് ഉപയോഗിച്ചിരുന്നത്. ആദിവാസി സമൂഹങ്ങളിലും കേരളത്തിലെ ചില പ്രത്യേകപ്രദേശങ്ങളിലും ഒതുങ്ങി നിന്ന കരനെൽ കൃഷി ഇന്നു കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പ്രവർത്തനഫലമായി സംസ്ഥാനമെങ്ങും വേരോടിക്കഴിഞ്ഞു.

തെങ്ങിൻതോപ്പുകൾ, റബ്ബർ തോട്ടങ്ങൾ, മലയോരപ്രദേശങ്ങൾ, പാഴ്സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, വീട്ടുവളപ്പുകൾ, പാറപ്രദേശങ്ങൾ തുടങ്ങി എല്ലായിടത്തും കരനെല്ല് കൃഷി ചെയ്യാം. കരനെൽകൃഷിയിലൂടെ ഹെക്ടറിന് ഒരു ടൺ മുതൽ 3 ടൺ വരെ വിളവു ലഭിക്കുമെന്നു പഠനങ്ങൾ തെളിയിക്കുന്നു. ഭക്ഷ്യസുരക്ഷയ്ക്ക് ഒരു മുതൽക്കൂട്ടാകുമെന്നതിലുപരി പശുവളർത്തലിലധിഷ്ഠിതമായ സംയോജിതകൃഷിക്ക് ഒരു കൈത്താങ്ങ് കൂടിയാകും കരനെൽകൃഷി.

സാധാരണയായി മേടപ്പത്തിന് ലഭിക്കുന്ന പുതുമഴയോടെയാണു കരനെൽകൃഷിക്കു തുടക്കമിടുന്നത്. ഏപ്രിൽ - മേയ് മാസമാണു കൃഷി തുടങ്ങാൻ അനുയോജ്യം. നാടനിനങ്ങൾക്കു പുറമേ അത്യുത്പാദനശേഷിയുള്ള അന്നപൂർണ്ണ, രോഹിണി, സുവർണ്ണമോടൻ, സ്വർണ്ണപ്രഭ, മട്ടത്രിവേണി, ജ്യോതി, ഹർഷ, ഐശ്വര്യ, ചിങ്ങം, വർഷം, കാർത്തിക, അരുണ, മകം, രേവതി, രമണിക തുടങ്ങിയ ഇനങ്ങളും ശുപാർശ ചെയ്യുന്നുണ്ട്. പുതുമഴ കിട്ടി തുടങ്ങുന്നതോടെ കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലം നല്ലതുപോലെ കിളച്ച് കട്ടയെല്ലാം ഉടച്ച് കളകൾ നീക്കം ചെയ്ത് പരുവപ്പെടുത്തണം. കൈകൊണ്ട് നുരിയിടുകയാണെങ്കിൽ ഏക്കറിന് 24 മുതൽ 26 കിലോയും വിതയ്ക്കുകയാണെങ്കിൽ ഏക്കറിന് 32 മുതൽ 40 കിലോയും വിത്ത് വേണ്ടിവരും. വിത്ത് വിതയ്ക്കുന്നതിനു മുമ്പ് ഏക്കറിന് 2 ടൺ എന്ന തോതിൽ ജൈവവളങ്ങളിലേതെങ്കിലും മണ്ണിൽ ചേർത്തുകൊടുക്കുക. രാസവളപ്രയോഗം നെല്ലിന്റെ വളർച്ചയുടെ മൂന്നു ഘട്ടങ്ങളിലായാണ് നൽകേണ്ടത്. അടിവളമായി നൽകിയതിനു ശേഷം ചിനച്ചു പൊട്ടുന്ന സമയത്തും അടിക്കണ സമയത്തും രാസവളം നൽകണം. ഫോസ്ഫറസ് വളം മൊത്തം അടിവളമായി നൽകണം. പൊട്ടാഷ് അടിവളമായും അടിക്കണ സമയത്തും തുല്യപകുതിയിൽ നൽകണം. യൂറിയ 3 ഘട്ടങ്ങളിലും മൊത്തം ശുപാർശയുടെ മൂന്നിലൊന്ന് വീതം നൽകണം. യൂറിയ, മസൂറിഫോസ്, പൊട്ടാഷ് എന്നിവ ഹ്രസ്വകാലയിനങ്ങൾക്ക് ഏക്കറിന് 60 കി.ഗ്രാം, 70 കി.ഗ്രാം, 23 കി.ഗ്രാം വീതവും ഇടത്തരം മൂപ്പുള്ള ഇനങ്ങൾക്ക് ഏക്കറിന് 78 കി.ഗ്രാം, 90 കി.ഗ്രാം, 30 കി.ഗ്രാ വീതവും നാടൻ പരമ്പരാഗത ഇനങ്ങൾക്ക് ഏക്കറിന് 35 കി.ഗ്രാം, 40 കി.ഗ്രാം, 13 കി.ഗ്രാം വീതവും നൽകണം. രാസവളപ്രയോഗം നടത്തുമ്പോൾ മഴ തീരെ കുറവാണെങ്കിൽ ഒന്നു നനച്ചു കൊടുക്കുന്നതു നല്ലതാണ്. കരനെൽക്കൃഷിയിൽ കാര്യമായ രോഗകീടബാധകളുണ്ടാകാറില്ല. ചാഴി ശല്യത്തിന് വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം ഫലപ്രദമാണ്.

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തികവർഷം 4 കോടിരൂപയുടെ കരനെൽകൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്. കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകി എല്ലാ ജില്ലകളിലും കൂടി 8000 ഹെക്ടർ സ്ഥലത്താണ് കരനെൽകൃഷി പദ്ധതി നടപ്പിലാക്കുന്നത്. ഹെക്ടറിന് 5000 രൂപയാണ് ധനസഹായമായി നൽകുക. വിത്ത്, വളം, സസ്യസംരക്ഷണ മരുന്നുകൾ, മണ്ണിരകമ്പോസ്റ്റ് തുടങ്ങിയ ഉത്പാദനോപാധികൾക്കാണ് ധനസഹായം ലഭ്യമാക്കുക. പദ്ധതിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങളറിയാൻ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

തരിശുഭൂമിയിലും പാറപ്രദേശങ്ങളിലും വിദ്യാലയമുറ്റങ്ങളിലും മറ്റും കരനെല്ല് വിജയകരമായി കൃഷി ചെയ്യാം. കുടുംബശ്രീ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, വനിതാ ഗ്രൂപ്പുകൾ, പുരുഷസംഘങ്ങൾ തുടങ്ങിയ സംഘങ്ങൾ മുഖേന കരനെൽകൃഷി നടപ്പാക്കാം. അധികം ആയാസമില്ലാതെ കരയിലും നെല്ല് വിളയിച്ചെടുത്താൽ ഭക്ഷ്യസുരക്ഷയ്ക്ക് അതു തീർച്ചയായും ഒരു മുതൽക്കൂട്ടാകും.

*ലേഖിക ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ അഗ്രികൾച്ചറൽ ഓഫീസറാണ്*
*e-mail: anithacs1@gmail.com*

**തരിശുഭൂമിയിലും പാറപ്രദേശങ്ങളിലും വിദ്യാലയമുറ്റങ്ങളിലും മറ്റും കരനെല്ല് വിജയകരമായി കൃഷി ചെയ്യാം. കുടുംബശ്രീ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, വനിതാ ഗ്രൂപ്പുകൾ, പുരുഷസംഘങ്ങൾ തുടങ്ങിയ സംഘങ്ങൾ മുഖേന കരനെൽകൃഷി നടപ്പാക്കാം. അധികം ആയാസമില്ലാത്ത കരയിലും നെല്ല് വിളയിച്ചെടുത്താൽ ഭക്ഷ്യസുരക്ഷയ്ക്ക് അത് തീർച്ചയായും ഒരു മുതൽ കൂട്ടാകും.**



മിനി മാത്യു

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

## പരിശീലനപരിപാടി ചിങ്ങം 1 മുതൽ

**തെങ്ങു കയറ്റക്കാരെ കിട്ടാനില്ലാതെ നാടെങ്ങും നേരിടുന്ന ദുരവസ്ഥയ്ക്കൊരു പരിഹാരമാണ് യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലന പരിപാടി. യന്ത്രമുപയോഗിച്ചു തെങ്ങുകയറുകയും തെങ്ങിന്റെ ശാസ്ത്രീയ പരിചരണമുറകൾ നടത്തുന്നതിനു കർഷകരെ സഹായിക്കുകയും ചെയ്യുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ കേരളത്തിലുടനീളം സജ്ജരാക്കുന്ന പരിശീലനപരിപാടി ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ ആരംഭിക്കുകയാണ്.**



പഴമക്കാർക്ക് പരമ്പരാഗതമായി തെങ്ങുകയറ്റം സ്വയാർജ്ജിത തൊഴിലായിരുന്നു. ഇന്നാകട്ടെ തളപ്പിട്ടു തെങ്ങിൽ കയറി തേങ്ങയിടുന്നവരുടെ എണ്ണം നന്നേ വിരളം. ഇതിനൊരു പരിഹാരമായി തെങ്ങുകയറ്റമേഖലയിലും ടെക്നോളജിയുടെ പുത്തനുണർവുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള തീവ്ര ശ്രമത്തിലാണു നാളികേര വികസന ബോർഡ്. യന്ത്രമുപയോഗിച്ചു തെങ്ങുകയറാൻ 5000 യുവാക്കളെ കണ്ടെത്തി ഈ മേഖലയിലെ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ ഒരു നൂതന പദ്ധതിക്കു രൂപം നൽകിയിരിക്കുകയാണു ബോർഡ്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ എന്നു പ്രിന്റു ചെയ്ത ജേഴ്സിയും ട്രാക്ക് സ്യൂട്ടും ക്യാപ്പുമണിഞ്ഞു ടൂൾ ബാഗിൽ തെങ്ങുകയറ്റ യന്ത്രവും കരുതി ടൂ വീലറിലെത്തുന്ന ഇവരെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടമെന്നു നാമകരണം ചെയ്തിരിക്കുന്നു.

കേരകൃഷി വ്യവസായമേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്കു തൊഴിലും വരുമാനവും ഉറപ്പാക്കാൻ വിവിധപദ്ധതികളായ സമഗ്ര കേര വികസന പദ്ധതി, ടെക്നോളജി മിഷൻ എന്നിവയെല്ലാം ഇക്കാലമത്രയും നടപ്പിലാക്കി വരികയായിരുന്നു നാളികേര വികസന ബോർഡ്. ഈ പദ്ധതികൾ വിജയകരമായി നടപ്പാക്കണമെങ്കിൽ ഉല്പാദനവർദ്ധനവിനൊപ്പം തെങ്ങിന്റെ വിളവെടുപ്പു കാലാകാലങ്ങളിൽ നടത്തിയേ തീരൂ. ഇതോടൊപ്പം ഉല്പാദനച്ചെലവും കുറയ്ക്കണം. 45–60 ദിവസങ്ങൾക്കുള്ളിൽ നടത്തിയിരുന്ന തേങ്ങയിടീൽ ഇപ്പോൾ നാലും അഞ്ചും മാസത്തിലൊരിക്കലായി മാറിക്കഴിഞ്ഞു. വിളവെടുപ്പിലുണ്ടാകുന്ന കാലതാമസവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലിച്ചെലവും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തെങ്ങിൽ കയറാൻ ആളെ കിട്ടണമെങ്കിൽ അപേക്ഷ നൽകി കാത്തിരിക്കേണ്ട അവസ്ഥയാണ് മിക്ക കേരകർഷകർക്കും. ഒരു തെങ്ങിൽ കയറാൻ 25 രൂപ വരെ കൊടുക്കാൻ തയ്യാറായാൽ പോലും ആളെ കിട്ടാനില്ല. കേരളത്തിൽ മാത്രമല്ല തെങ്ങുകൃഷിയുള്ള മറ്റു സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര, ഗോവ എന്നിവിടങ്ങളിലും കേരകർഷകർ അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നമാണിത്. തെങ്ങു കയറ്റക്കാരെ കിട്ടാനില്ലാതെ





നാടെങ്ങും നേരിടുന്ന ദുരവസ്ഥയ്ക്കൊരു പരിഹാരമാണ് ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലന പരിപാടി. യന്ത്രമുപയോഗിച്ചു തെങ്ങുകയറുകയും തെങ്ങിന്റെ ശാസ്ത്രീയ പരിചരണമുറകൾ നടത്തുന്നതിനു കർഷകരെ സഹായിക്കുകയും ചെയ്യുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ കേരളത്തിലുടനീളം സജ്ജരാക്കുന്ന പരിശീലനപരിപാടി ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ ആരംഭിക്കുകയാണ്.

18 മുതൽ 40 വയസ്സുവരെ പ്രായമുള്ള പൂർണ്ണ ആരോഗ്യവാന്മാരായ അംഗവൈകല്യമില്ലാത്ത യുവജനങ്ങളായിരിക്കണം അപേക്ഷകർ. കുറഞ്ഞത് ഏഴാം ക്ലാസ്സെങ്കിലും വിദ്യാഭ്യാസ യോഗ്യതയുണ്ടായിരിക്കണം. ഇരുപതു ബാച്ചുകളിലായി ആഴ്ചയിൽ ആറു ദിവസമായിരിക്കും പരിശീലന പരിപാടി. പരിശീലനാർത്ഥികൾക്ക് താമസസൗകര്യം ലഭ്യമായിരിക്കും. സാങ്കേതികവും കാര്യനിർവ്വഹണശേഷി വളർത്തുന്നതും പ്രായോഗികവുമായ പരിശീലനമാണു നൽകുന്നത്. തെങ്ങു കയറ്റം, തേങ്ങയിടീൽ, മണ്ടവൃത്തിയാക്കൽ, കീട–രോഗ നിയന്ത്രണത്തിനായി മരുന്നു തളിയ്ക്കൽ, കൃത്രിമ പരാഗണ–സങ്കരണവിദ്യ, കേര സംരക്ഷണോപായങ്ങൾ, കരിക്ക്, തേങ്ങ, വിത്തു തേങ്ങ എന്നിവ തിരിച്ചറിയൽ, വെട്ടിയിറക്കൽ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതിൽ ഊന്നൽ കൊടുത്തിരിക്കുന്നു. കൂടാതെ പരിശീലനാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിശീലന, നേതൃത്വപാടവവും ആശയവിനിമയശേഷിയും വികസിപ്പിക്കൽ, സംരംഭകത്വശേഷി വളർത്തൽ, സമ്പാദ്യശീലം വളർത്തുക തുടങ്ങിയ വ്യക്തിഗത വികസന പരിപാടികൾ തുടങ്ങിയവയ്ക്കും ഊന്നൽ നൽകുന്നു. ചിങ്ങം ഒന്നു മുതൽ ചങ്ങാതിക്കൂട്ടത്തിന് കാര്യമായ വരവേല്പു ലഭിക്കുമെന്ന പ്രതീക്ഷയോടെയാണ് ബോർഡ് പരിശീലന പരിപാടി ആരംഭിക്കുന്നത്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഓരോ കേരചങ്ങാതിക്കും കുറഞ്ഞത് 600 രൂപയെങ്കിലും ദിവസവേതനം ലഭിക്കുവാനും വർഷത്തിൽ കുറഞ്ഞത് 300 ദിനങ്ങളിൽ തൊഴിലുറപ്പു വരുത്തുവാനുമാണു ലക്ഷ്യമിടുന്നത്. അറുപതു മുതൽ 90 വരെ തെങ്ങുകളിൽ കയറുക എന്ന ലക്ഷ്യത്തോടെയുള്ള പ്രായോഗിക പരിശീലനമാണ് നൽകുക. ചങ്ങാതിക്കൂട്ടത്തിൽ 30 ശതമാനം വനിതകളായിരിക്കും.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള കുടുംബശ്രീകൾ, കേരകർഷക സമിതികൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ക്ലസ്റ്ററുകൾ,



*യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറുന്നു.*

**ഈ ജോലിയിലേർപ്പെടുന്നവർക്കു സ്ഥിരമായ തൊഴിലും ആദായവും ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ കേരകർഷകർ ഇന്നു നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാനുമാണു നാളികേരവികസന ബോർഡ് ലക്ഷ്യമിടുന്നത്. കാലതാമസമന്യേ ചങ്ങാതിക്കൂട്ടത്തിനു പെൻഷൻ, പി.എഫ്, എന്നിവ നടപ്പാക്കി സാമ്പത്തികസുരക്ഷയും ഉറപ്പാക്കും. ഇതോടൊപ്പം ജോലിയോടുള്ള ആഭിമുഖ്യം നിരീക്ഷിച്ചശേഷം ബൈക്കും മൊബൈൽ ഫോണും 25 ശതമാനം സബ്സിഡി നൽകി ബാങ്കു വായ്പയോടെ നൽകും.**

കേരോത്പാദക സമിതികൾ, നെഹ്റു യുവകേന്ദ്രയ്ക്കു കീഴിലുള്ള യൂത്ത് ക്ലബ്ബുകൾ, നബാർഡിന്റെ വികാസ് വാഹിനി വോളണ്ടിയർ ക്ലബ്ബുകൾ, പ്രാഥമിക കർഷക സമിതികൾ, കേരകർഷക സഹകരണ സംഘങ്ങൾ, സർക്കാരേതര സംഘടനകൾ, സ്വാശ്രയസംഘങ്ങൾ മുതലായവ മുഖേനയായിരിക്കും യുവാക്കളെ തെരഞ്ഞെടുക്കുക.

ഇതു കണക്കിലെടുത്ത് ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും കാർഷികരംഗത്തെ പദ്ധതിത്തുകയുടെ ഒരു പങ്ക് തെങ്ങുകളുടെ ചങ്ങാതിക്കൂട്ടത്തിനായി മാറ്റിവെയ്ക്കുകയും അനുയോജ്യരായ യുവതീയുവാക്കളെ കണ്ടെത്തി ഈ രംഗത്തേക്കു പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും. കേരളത്തിലെ മലയോര ജില്ലകളായ ഇടുക്കി, വയനാട്, എന്നിവയൊഴികെയുള്ള ജില്ലകളിൽ നിന്നാണു പരിശീലനാർത്ഥികളെ കണ്ടെത്തുന്നത്. ഒരു ജില്ലയിൽ നിന്നും 500 പേർ



ക്കാണ് പരിശീലനം നൽകുന്നത്. ഈ സാമ്പത്തികവർഷം 20 പേരടങ്ങുന്ന 25 ബാച്ചുകൾക്ക് ഓരോ ജില്ലയിലും പരിശീലനം നൽകും. പരിശീലനം നൽകാൻ അമ്പതിൽപരം മാസ്റ്റർ ട്രെയിനർമാർ അഥവാ പരിശീലനാദ്ധ്യാപകരെ തിരഞ്ഞെടുക്കും. ഇതിലേക്ക് കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷിവിജ്ഞാനകേന്ദ്രങ്ങളുടെയും സഹായം ഉറപ്പാക്കിയിട്ടുണ്ട്. ചങ്ങാതിക്കൂട്ടത്തിൽ പങ്കാളിയാവാൻ കോഴിക്കോട് ജില്ലയിലെ കാട്ടൂർ പഞ്ചായത്തിലെ കൂട്ടാലിടഗ്രാമത്തിലെ ചെറുകിട വ്യവസായ സ്ഥാപനമായ മാർഷൽ ഇൻഡസ്ട്രീസും സർക്കാരേതര സ്ഥാപനമായ തൃശൂരിലെ മൈത്രിയും നാളികേര വികസന ബോർഡിനൊപ്പം സഹകരിക്കുന്നുണ്ട്.

ആറു ദിവസം നടക്കുന്ന പരിശീലന ക്ലാസ്സുകളുടെ ഓരോ സെഷനും ആകർഷകവും വിജ്ഞാനപ്രദവും ആയിതീരുവാൻ തക്കവണ്ണമാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രാവിലെയും ഉച്ചയ്ക്കുശേഷവുമുള്ള തെങ്ങുകയറ്റ പരിശീലനത്തോടൊപ്പം 3 സെഷനുകളിലായി സാങ്കേതിക വിദഗ്ധർ വിവിധ വിഷയങ്ങളെ സംബന്ധിച്ചു ക്ലാസ്സെടുക്കും. കൂടാതെ ഇൻഷ്വറൻസ്, ബാങ്കിംഗ് രംഗത്തുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് കേരചങ്ങാതിക്കൂട്ടത്തിന് ക്ലാസ്സുകളെടുക്കും. പരിശീലനപരിപാടിയുടെ അവസാന ദിവസം പരിശീലനാർത്ഥികൾക്ക് ഒരു കോക്കനട്ട് ഒളിംപിക്സ് സംഘടിപ്പിച്ച് ഇതിലെ വിജയികൾക്ക് പ്രത്യേക ക്യാഷ് പ്രൈസുകൾ നൽകുന്നതാണ്. പിന്നീട് പരിശീലന കേന്ദ്രത്തിനു സമീപമുള്ള നല്ലൊരു തെങ്ങിൻ തോട്ടത്തിലേക്കു ഫീൽഡു വിസിറ്റും നടത്തും. ഉച്ചയ്ക്കുശേഷം നടത്തുന്ന സമാപന പരിപാടിയിൽ സൗജന്യമായി തെങ്ങുകയറ്റ യന്ത്രവും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്. പരിശീലനാർത്ഥികൾ ഈ രംഗത്തു ഭാവിയിലും പ്രവർത്തനനിരതരാവുന്നതിന് ഇവരുമായി ഒരു ഉടമ്പടി ഉണ്ടാക്കും.

അടുത്തകാലത്ത് തെങ്ങിൽ അനായാസം കയറുവാൻ ഉതകുന്ന വിധം നിരവധി യന്ത്രങ്ങൾ രൂപകൽപന ചെയ്യപ്പെടുകയുണ്ടായി. ഗവേഷണ സ്ഥാപനങ്ങളും കാർഷിക സർവ്വകലാശാലകളും സർക്കാരേതര സംഘടനകളും വികസിപ്പിച്ചെടുത്ത ഇത്തരം യന്ത്രങ്ങൾ സുരക്ഷിതവും അനായാസം ഉപയോഗിക്കാവുന്നതുമാണെന്ന് അവർ അവകാശപ്പെടുന്നു. ഉദ്യോഗസ്ഥർക്കും ഗൃഹനാഥന്മാർക്കും വീട്ടമ്മമാരുൾപ്പെടെയുള്ളവർക്കും യന്ത്രത്തിലിരുന്ന് തേങ്ങ പറിക്കാവുന്ന സംവിധാനമാണ് കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി റിസർച്ച് സ്റ്റേഷനിലെ ഡോ. ജയകുമാർ രൂപപ്പെടുത്തിയിരിക്കുന്നത്. യന്ത്രമുപയോഗിച്ച് പ്രത്യേക പരിശീലനവും നൽകി വരുന്നു. 8000 രൂപയോളം വില വരുമിതിന്. ചെന്നൈയിലെ ട്രാക്ടർ മാനുഫാക്ചറിംഗ് യൂണിറ്റായ Tafe ട്രാക്ടറിൽ ഉറപ്പിച്ച ട്രോളിയിലിരുന്നു തേങ്ങ പറിക്കാവുന്ന യന്ത്രമാണു വിപണിയിലിറക്കിയിട്ടുള്ളത്. തോട്ടം മേഖലകളിൽ തേങ്ങ പറിക്കാൻ ഏറ്റവും ഉപകാരപ്രദമായ മെഷീനാണിത്.

ഈ ജോലിയിലേർപ്പെടുന്നവർക്കു സ്ഥിരമായ തൊഴിലും ആദായവും ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ കേരകർഷകർ ഇന്നു നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണാനുമാണു നാളികേരവികസന ബോർഡ് ലക്ഷ്യമിടുന്നത്. കാലതാമസമന്യേ ചങ്ങാതിക്കൂട്ടത്തിനു പെൻഷൻ, പി.എഫ്, എന്നിവ നടപ്പാക്കി സാമ്പത്തികസുരക്ഷയും ഉറപ്പാക്കും. ഇതോടൊപ്പം ജോലിയോടുള്ള ആഭിമുഖ്യം നിരീക്ഷിച്ചശേഷം ബൈക്കും മൊബൈൽ ഫോണും 25 ശതമാനം സബ്സിഡി നൽകി ബാങ്കു വായ്പയോടെ നൽകും. പങ്കെടുക്കുന്ന 5000 പേർക്കു ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്താനാണു ബോർഡ് ഉദ്ദേശിക്കുന്നത്. പരിശീലനം പൂർത്തിയാക്കുന്നവർക്കു പ്രത്യേക ലോഗ് ബുക്കും ട്രിപ്പ് ഷീറ്റും നൽകിയാണ് വിടുക. തെങ്ങുകയറ്റം തുടരുന്നുവെന്നു പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളോ, കൃഷി ഓഫീസറോ സാക്ഷ്യപ്പെടുത്തിയാൽ ഇവരെ ബോർഡിന്റെ കേരസുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയിലും ചേർക്കും. ഓരോ ജില്ലയിലും നിയോഗിച്ചിട്ടുള്ള ചങ്ങാതിക്കൂട്ടത്തിന്റെ ബോർഡ് ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തും. ഈ നൂതന സംരംഭത്തിൽ പങ്കാളികളാകുന്ന കേരചങ്ങാതിക്കും തുടർന്നും ബോർഡ് സാങ്കേതിക സാമ്പത്തിക സഹായം നൽകുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. തുടർച്ചയായി തെങ്ങുകയറി വിളവെടുത്ത് ഉപജീവനം നടത്തുന്ന ഓരോ ചങ്ങാതിക്കും അവരുടെ വരുമാന വർദ്ധനവിനനുസരിച്ച് പുതിയ അനുബന്ധ സംരംഭങ്ങൾ തുടങ്ങുവാനും നാളികേര വികസന ബോർഡ് സഹായിക്കും. ■

*ലേഖിക കൊച്ചി നാളികേര വികസന ബോർഡിൽ പബ്ലിസിറ്റി ഓഫീസറാണ്*
*e-mail: cdbpub@gmail.com*







**കെ.എസ്. സെബാസ്റ്റ്യൻ**

# നാളികേര ഉത്പാദക സംഘങ്ങൾ



സഹകരണ പ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടമുള്ള സംസ്ഥാനമാണ് കേരളമെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം നാളികേര കർഷകരും അസംഘടിതരും ചെറുകിട നാമമാത്ര കർഷകരുടെ നിർവചനത്തിൽ ഉൾപ്പെട്ടവരുമാണ്. അതിനാൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാനും തങ്ങളുടെ കൃഷിയിടത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനുമുള്ള പ്രവർത്തനങ്ങൾ പലപ്പോഴും ഫലപ്രാപ്തിയിൽ എത്തിക്കുവാൻ കേരളത്തിലെ നാളികേര കർഷകർക്കു കഴിയുന്നില്ല. എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ കൂട്ടായ്മയിലൂടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. ഇത്തരുണത്തിലാണു നാളികേര വികസന ബോർഡ് സംസ്ഥാനമൊട്ടാകെ കർഷകരെ പ്രോൽസാഹിപ്പിക്കാൻ നാളികേര ഉത്പാദക സംഘങ്ങൾ രൂപീകരിക്കുവാൻ മുന്നിട്ടിറങ്ങിയിരിക്കുന്നത്. കൂടാതെ നാളികേര സംഭരണ-സംസ്ക്കരണ-വിപണന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഇത്തരം സംഘങ്ങൾക്കു കഴിയുമെന്നു പ്രതീക്ഷിക്കുന്നു. രാഷ്ട്രീയ ഉദ്യോഗസ്ഥ നിയന്ത്രണങ്ങൾക്കു വിധേയമല്ലാത്തതും ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതുമായ കർഷക കൂട്ടായ്മയാണു നാളികേര ഉത്പാദക സംഘം എന്നതുകൊണ്ട് ബോർഡ് വിവക്ഷിക്കുന്നത്.

### ഉത്പാദക സംഘങ്ങളിലൂടെ കർഷകർക്ക് നിലവിൽ ലഭിക്കുന്ന അവസരങ്ങൾ

1. ശാസ്ത്രീയമായി നിഷ്കർഷിച്ചിട്ടുള്ള കൃഷിരീതികൾ കൃഷിയിടത്തിൽ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നു.
2. ഉത്പാദനം, സസ്യ സംരക്ഷണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതനവിദ്യകൾ സായത്തമാക്കാനുള്ള അവസരം.
3. കൂട്ടായ പ്രവർത്തനങ്ങളിലൂടെ കൃഷി ചിലവുകൾ കുറയ്ക്കുവാൻ കഴിയുക.
4. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ന്യായവിലയ്ക്കു ലഭ്യമാക്കുവാനുള്ള സാഹചര്യം.
5. ജൈവവളങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള യൂണിറ്റുകൾ, കൊപ്രാ ഡ്രയർ മുതലായവ സ്ഥാപിക്കുവാനുള്ള സാമ്പത്തിക സഹായം.
6. പഠന പര്യടനങ്ങൾക്കുള്ള അവസരങ്ങൾ.

### ഭാവിയിൽ പ്രതീക്ഷിക്കാവുന്ന അവസരങ്ങൾ

1. നാളികേര സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതികവും സാമ്പത്തിവുമായ സഹായങ്ങൾക്കു മുൻഗണന.
2. നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിപണനം ചെയ്യുവാനുള്ള വർദ്ധിച്ച സൗകര്യങ്ങൾ.
3. ഉത്പാദക സംഘങ്ങളുടെ ഫെഡറേഷനുകൾ വഴി കൂടിയ മുതൽ മുടക്കും ഉയർന്ന സാങ്കേതിക വിദ്യയും ആവശ്യമായി വരുന്ന വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.
4. ഉത്പാദക സംഘങ്ങൾ വഴിയോ അവയുടെ ഫെഡറേഷൻ വഴിയോ നാളികേരവും നാളികേര ഉൽപന്നങ്ങളും കയറ്റുമതി ചെയ്യുവാനുള്ള അവസരങ്ങൾ.
5. അംഗീകൃത കൊപ്ര/നാളികേര സംഭരണ ഏജൻസികളായി പ്രവർത്തിച്ചു ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന താങ്ങുവിലയുടെ ആനുകൂല്യം അംഗങ്ങൾക്ക് നേടിയെടുക്കുവാനുള്ള അവസരം.



സ്വന്തമായി കായ്ഫലമുള്ള കുറഞ്ഞതു 10 തെങ്ങ് കൃഷി ചെയ്യുന്ന കർഷകരെ ഉൾപ്പെടുത്തി ഒരു പ്രദേശത്തെ 40 മുതൽ 60 വരെ കർഷകർ ചേർന്നു രൂപീകരിക്കുന്നതും ധർമ്മസ്ഥാപനമായി രജിസ്റ്റർ ചെയ്യേണ്ടതുമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘങ്ങൾ. സംഘത്തിന്റെ പ്രവർത്തന പരിധി വ്യക്തമായി നിർവചിക്കേണ്ടതും പ്രവർത്തന പരിധിയിൽപ്പെടുന്ന കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും സ്വന്തമായുള്ള എല്ലാ കർഷകരെയും അംഗങ്ങളായി ചേർക്കേണ്ടതുമാണ്. സംഘത്തിന്റെ പ്രവർത്തന പരിധി കഴിയുന്നിടത്തോളം സ്വാഭാവിക അതിരുകളാൽ (റോഡ്, തോട്, പുഴ മുതലായവ) വേർതിരിക്കപ്പെട്ടതായിരിക്കണം. സംഘത്തിൽ അംഗമാകുന്നതിനുള്ള ഫീസ് 100 രൂപയായും വാർഷിക വരിസംഖ്യ 20 രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു.

സംഘങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങൾ ഇല്ലാത്തതും തികച്ചും ജനാധിപത്യപരമായി പ്രവർത്തിക്കുന്നതുമായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയായിരിക്കും സംഘത്തിന്റെ പ്രവർത്തന പരിപാടികൾ നടത്തേണ്ടത്. ഇങ്ങനെ രൂപീകരിക്കുന്ന സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. ബൈലോയിൽ ഭേദഗതികൾ വരുത്തുന്നതിന് ബോർഡിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

ബോർഡിന്റെ സൂക്ഷ്മ പരിശോധനയിൽ രജിസ്ട്രേഷനു യോഗ്യമായി കാണുന്ന സംഘങ്ങൾ രജിസ്ട്രേഷൻ ഫീസായ 200 രൂപ ചെയർമാൻ, നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡിൽ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷന്റെ കാലാവധി. 2 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സംഘങ്ങൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിന് സംഘങ്ങൾ 100 രൂപ (2വർഷത്തിലൊരിക്കൽ) ഫീസ് നൽകേണ്ടതാണ്.

### അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1. സംഘം ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പ്.
2. സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പ്.
3. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുവാൻ തീരുമാനമെടുത്ത പൊതുയോഗത്തിന്റെ മിനിറ്റ്സ്.
4. അംഗങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ.
5. സംഘത്തിന്റെ പ്രവർത്തന പരിധിയുടെ അതിരുകൾ ശരിയായ രീതിയിൽ രേഖപ്പെടുത്തിയ, സ്വയം തയ്യാറാക്കിയ വ്യക്തതയാർന്ന സെക്ച്ച്.

അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം:

ചെയർമാൻ,
നാളികേര വികസന ബോർഡ്,
കേരഭവൻ, കൊച്ചി – 682 011 ■

*ലേഖകൻ നാളികേര വികസന ബോർഡിൽ അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസറാണ്*

## നാളികേര വികസന ബോർഡ്: കേരകർഷകന്റെ രക്ഷയ്ക്ക്

*പേജ് 13ൽ നിന്നും*

### നാളികേര ഉൽപാദക സംഘങ്ങൾ (Coconut Producers Society-CPS)

റബ്ബർ ഉൽപാദക സംഘങ്ങളുടെ മാതൃകയിൽ നാളികേര ഉൽപാദക സംഘങ്ങൾ രൂപീകരിച്ച് ഈ മേഖലയുടെ നിരവധി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പ്രതിവിധി കണ്ടെത്താൻ ശ്രമിക്കുകയാണ്. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

### തെങ്ങിൻതടി സംസ്ക്കരണം

തെങ്ങുപുനരുദ്ധാരണ പദ്ധതിയിലൂടെ കേരളത്തിൽ മാത്രമായി 9 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റാനുണ്ടെന്നു കണക്കാക്കുന്നു. ഇതിൽ നിന്നു 45 ലക്ഷം ഘന അടി തടി ലഭിക്കും. വീട്, ഫർണീച്ചർ, പ്ലൈവുഡ് തുടങ്ങിയവയ്ക്ക് ഇത് അനുയോജ്യമാണെന്നു പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. തേങ്ങയ്ക്കു പുറമേ, തടി, ചകിരി, ചിരട്ട തുടങ്ങിയവയെല്ലാം കൂടിയാകുമ്പോൾ, തെങ്ങ് അക്ഷരാർത്ഥത്തിൽ കർഷകന് കൽപവൃക്ഷം തന്നെ. കേരകർഷകൻെറ സാമ്പത്തികാഭിവൃദ്ധി ലക്ഷ്യമാക്കി വിവിധ കാർഷിക വ്യാവസായിക വാണിജ്യ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനുള്ള സമഗ്ര പദ്ധതിയാണ് ബോർഡ് ലക്ഷ്യമിടുന്നത്.

### നാളികേര വികസന ബോർഡിന് സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന പദ്ധതികൾ:

1. തെങ്ങിൻതൈ നഴ്സറി (ഒരേക്കറിൽ 25000 തൈകളുൽപ്പാദിപ്പിക്കാൻ രണ്ടു ലക്ഷം രൂപ-അപേക്ഷാഫോറം ബോർഡിൽ നിന്നും/വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്).
2. തൈകളുടെ വിപണനം ഏറ്റെടുക്കൽ – ബുക്കിങ്ങ് മുൻകൂറായി എടുത്തു കർഷകർക്കു നല്ല വിത്തു തൈകൾ ലഭ്യമാക്കുക.
3. തെങ്ങിൻതോപ്പിന്റെ സമഗ്ര പരിചരണത്തിനു ക്ലസ്റ്ററുകൾ ഏറ്റെടുത്തു നടത്തുവാനുള്ള അവസരം (35,000 രൂപ ഹെക്ടറൊന്നിനു നല്കുന്നു – 25 ഹെക്ടറുള്ള ക്ലസ്റ്ററുകൾ വഴി)
4. പുതുകൃഷിക്കു സ്ഥലമുണ്ടെങ്കിൽ, തെങ്ങു പുതുകൃഷി സബ്സിഡി, കുറഞ്ഞതു 10 തൈകൾക്കു വരെ യോഗ്യത, തൈ ഒന്നിന് 50 രൂപ സബ്സിഡി (ഹെക്ടറിന് പരമാവധി 8000 രൂപ).
5. ജൈവവള യൂണിറ്റു സ്ഥാപിക്കാൻ 15 x 1.5 x 0.7 മീറ്റർ അളവിലുള്ള കമ്പോസ്റ്റ് യൂണിറ്റുകൾക്കു ചെലവിന്റെ 50 ശതമാനമോ പരമാവധി 20,000 രൂപയോ നല്കും. (മേല്പറഞ്ഞ പദ്ധതികൾക്ക് ബന്ധപ്പെടേണ്ട ഓഫീസർ - ഡോ. ടി.ഐ. മാത്യുക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ, ഫോൺ: 9497758363)
6. തെങ്ങുകയറ്റ പരിശീലനം-'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' - 20 പേരുള്ള യുവാക്കളുടെ ഗ്രൂപ്പ് പരിശീലനം പൂർണ്ണമായും സൗജന്യമായി തെങ്ങുകയറ്റ മെഷീനും ബോർഡ് നല്കും (ബന്ധപ്പെടേണ്ട ഓഫീസർ- ശ്രീകുമാർ പൊതുവാൾ, പ്രോസസിങ്ങ് എഞ്ചിനീയർ, ഫോൺ: 9895816291/ മിനി മാത്യു, പബ്ലിസിറ്റി ഓഫീസർ, ഫോൺ: 9447665105)
7. ചെറുകിട കേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാം. പദ്ധതി ചിലവിന്റെ 25 ശതമാനമോ 50 ലക്ഷം രൂപയോ ഏതാണ് കുറവ് അതു സബ്സിഡിയായി നല്കുന്നു.
8. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങളുടെ നിർമ്മാണത്തിനു പരിശീലനം നല്കുന്നു. (ദിവസ/ആഴ്ച പരിശീലനം).
9. പ്രതിദിനം 15000 കരിക്കു സംസ്ക്കരിക്കാവുന്ന കരിക്കിൻവെള്ള പാക്കേജിങ്ങ് യൂണിറ്റിന് 25% (പരമാവധി 50 ലക്ഷം രൂപ) സബ്സിഡി നല്കുന്നു.
10. വെർജിൻ വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട് എന്നീ ഉല്പന്നങ്ങളുടെ നിർമ്മാണം ചെറിയ തോതിൽ വ്യക്തികൾക്കോ സഹകരണ സംഘങ്ങൾക്കോ എറ്റെടുക്കാം. (മേൽപ്പറഞ്ഞ പദ്ധതികൾക്കു (7-10) ബന്ധപ്പെടേണ്ട ഓഫീസർ - ഡോ.കെ. മുരളീധരൻ, ഡയറക്ടർ (9496119103) /ശ്രീകുമാർ പൊതുവാൾ, പ്രോസസിങ്ങ് എഞ്ചിനീയർ)
11. കൊപ്രാ ഡ്രയർ സ്ഥാപിക്കൽ – ചെറിയ ഡ്രയറുകൾക്ക് ചിലവിന്റെ 25% അഥവാ 10000 രൂപ സബസിഡി നൽകുന്നു. വലിയ ഡ്രയറുകൾക്ക് ചിലവിന്റെ 25% സബ്സിഡി.
12. നാളികേര ഉല്പാദക സംഘങ്ങൾ രൂപീകരിക്കാം. കുറഞ്ഞത് 10 തെങ്ങുകളെങ്കിലുമുള്ള കൃഷിക്കാർക്ക് അംഗങ്ങളാകാം (40 മുതൽ 100 വരെ കൃഷിക്കാർ ഒരു സൊസൈറ്റിയിൽ ആകാം). (മേല്പറഞ്ഞ പദ്ധതികൾക്ക് (11-12) ബന്ധപ്പെടേണ്ട ഓഫീസർ - ദീപ്തി നായർ എസ്, മാർക്കറ്റിംഗ് ഓഫീസർ (ഫോൺ-9495675679)/കെ.എസ്. സെബാസ്റ്റ്യൻ, അസി. മാർക്കറ്റിംഗ് ഓഫീസർ) (ഫോൺ - 9446211460). കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റ് (www.coconutboard.gov.in)സന്ദർശിക്കുക. ■

*ലേഖകൻ നാളികേര വികസന ബോർഡ് ചെയർമാനാണ്*



വിജയകഥ

# നാടൻ തെങ്ങുകൾ നീണാൾ വാഴട്ടെ

പാലക്കാട് കിഴക്കഞ്ചേരി, വണ്ടാഴി ചാമക്കാട് വീട്ടിലെ ഭവദാസിന് നാടൻ തെങ്ങുകളോട് വല്ലാത്തൊരിഷ്ടമാണ്. പുരയിടത്തിൽ തലയെടുപ്പോടെ എന്നാൽ അടക്കത്തോടും ഒതുക്കത്തോടും നിൽക്കുന്ന നാടൻ തെങ്ങുകളുടെ നിര കണ്ണിനിമ്പം പകരുന്ന കാഴ്ചയാണ്. ഈ നാടൻ തെങ്ങു സ്നേഹമാണ് സംസ്ഥാന സർക്കാരിന്റെ 2007-08 വർഷത്തെ കേരകേസരി അവാർഡിന് തന്നെ അർഹനാക്കിയതെന്ന് ഭവദാസ് തുറന്നു സമ്മതിക്കുന്നു.

പഠിച്ചത് സാമ്പത്തിക ശാസ്ത്രമെങ്കിലും ഭവദാസിന് എന്നും പ്രിയപ്പെട്ടത് നാളികേരകൃഷിയും വോളിബോളുമാണ്. എഴുപതുകളുടെ ആദ്യം ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നിന്നും ബിരുദപഠനം കഴിഞ്ഞു തിരിച്ചെത്തിയ രാമചന്ദ്രൻ രുക്മിണി ദമ്പതികളുടെ ഏക മകനായ ഭവദാസിനു കൃഷിയിലേക്കിറങ്ങാൻ പ്രചോദനമായതു മുത്തശ്ശി കുഞ്ചയാണ്. കൃഷികാര്യങ്ങൾ നോക്കി നടത്താൻ മുത്തശ്ശിക്കു കൂട്ടായെത്തിയ കൊച്ചുമകൻ, ചിട്ടയോടെ ശാസ്ത്രീയമായി ചെയ്ത നാടൻതെങ്ങുകൃഷി ഇന്നു നേട്ടം കൊയ്യുന്നു.

എഴുപതുകളുടെ തുടക്കത്തിൽ കൃഷി വകുപ്പിന്റെ എരുത്തിയാമ്പതി ഫാമിൽ നിന്നും ഇദ്ദേഹം വാങ്ങി നട്ട വെസ്റ്റ്കോസ്റ്റ് ടാൾ ഇനത്തിൽപ്പെട്ട തെങ്ങ് ഇപ്പോഴും നല്ല വിളവ് നൽകുന്നു. നാടൻ തെങ്ങുകൾ നീണ്ട കാലം വിളവു നൽകുന്നുവെന്നതാണ് നാടൻ തെങ്ങുകളോടുള്ള താത്പര്യം വർദ്ധിക്കാൻ കാര്യം. വൃത്തിയും വെടിപ്പും അടുക്കും ചിട്ടയുമുള്ള തെങ്ങിൻ തോപ്പ് ആരെയും ആകർഷിക്കും.

നാടൻ തെങ്ങുകൃഷി തനിക്ക് ലാഭകരമാണെന്ന് കേരകേസരി സാക്ഷ്യപ്പെടുത്തുന്നു. ഒരു തെങ്ങിൽ നിന്നും പ്രതിവർഷം ശരാശരി 140 തേങ്ങകൾ ലഭിക്കും. 260 തേങ്ങകൾ വരെ വിളവ് നൽകുന്ന നാടൻ തെങ്ങുകൾ ഇവിടുണ്ട്. 30 അടി അകലം പാലിച്ചാണ് തെങ്ങുകൾ നട്ടിരിക്കുന്നത്. 1 ഏക്കറിൽ 65 തെങ്ങുകൾ വരെ നട്ടിട്ടുണ്ട്. 10 ഏക്കറിൽ നാളികേര കൃഷിയുണ്ട്. ഇടവിളയായി ജാതിയും അരികുകളിൽ കവുങ്ങും നട്ടു പിടിപ്പിച്ചിട്ടുണ്ട്. കൂടാതെ 6 ഏക്കറിൽ നെൽക്കൃഷിയുമുണ്ട്.

ചിട്ടയായ വളപ്രയോഗവും ജലസേചനവും നടത്തുന്നതിനും തോട്ടം വൃത്തിയായി സൂക്ഷിക്കുന്നതിനും ഇദ്ദേഹം ഏറെ ശ്രദ്ധിക്കുന്നു. ശരിയായ പരിപാലനമുണ്ടെങ്കിൽ നാടൻ തെങ്ങുകളിൽ നിന്നും നല്ല ആദായം ലഭിക്കുമെന്നാണ് ഭവദാസിന്റെ അനുഭവസാക്ഷ്യം. ജൈവവളം കൂടുതൽ ഉപയോഗിക്കുന്നതിനാൽ കാമ്പിന് കനവും തേങ്ങയ്ക്ക് കൂടുതൽ തൂക്കവും കൂടുതൽ വെളിച്ചെണ്ണയും ലഭിക്കും. കൂലിച്ചെലവ് കൂടുതലായതിനാൽ തെങ്ങിന്റെ തടം തുറക്കാറില്ല. പകരം 5-6 തെങ്ങുകൾക്ക് ചുറ്റും വരമ്പ് കെട്ടിനിർത്തി നനച്ചു കെടുക്കാറാണ് പതിവ്.

വളപ്രയോഗത്തിന്റെ കാര്യത്തിലും ഇദ്ദേഹം ഏറെ നിഷ്ഠ പുലർത്തുന്നു. വർഷം തോറും തെങ്ങൊന്നിന് ഒന്നര കിലോ പൊട്ടാഷും രണ്ടുവർഷത്തിലൊരിക്കൽ അരകിലോ മഗ്നീഷ്യം സൾഫേറ്റും മാത്രം രാസവളമായി നൽകൂ. കൂടാതെ 6 കുട്ട ചാണകം, 3 കിലോ വേപ്പിൻപിണ്ണാക്ക്, 1 കിലോ ആട്ടിൻ കാഷ്ഠം, അല്ലെങ്കിൽ കോഴിവളം എന്നിവ ചേർത്തു കൊടുക്കും. വളമിട്ടു കൊടുക്കുന്നതിനും ഓരോ കാലക്രമമുണ്ട്. വേനലിൽ ചാണകമിട്ടു കൊടുത്ത ശേഷം മഴക്കാലത്ത് തടത്തിന്റെ നാല് മൂലയിലും ചെറിയ കുഴികളെടുത്ത് പൊട്ടാഷ് ഇട്ട് മൂടും. രണ്ട് മാസം കഴിഞ്ഞ് വേപ്പിൻ പിണ്ണാക്കും ഡിസംബർ മാസത്തോടെ ആട്ടിൻ കാഷ്ഠവും ഇട്ടുകൊടുക്കും.

നനയുടെ കാര്യത്തിലും ഒരു നീക്കുപോക്കിനും ഇദ്ദേഹം തയ്യാറല്ല. തോട്ടത്തിലെ തെങ്ങുകൾക്കെല്ലാം കൃത്യമായി ജലസേചനം നടത്താനുള്ള സംവിധാനവും ദാസൊരുക്കിയിട്ടുണ്ട്. വേനൽക്കാലത്ത് തെങ്ങിൻ തടിയിൽ കുമ്മായം തേച്ചുകൊടുക്കുന്നത് വേനൽച്ചൂടിൽ നിന്നും തെങ്ങുകളെ രക്ഷിക്കുമെന്ന് മാത്രമല്ല, മഴക്കാലത്ത് ഇവ മണ്ണിൽ ഒലിച്ചിറങ്ങി തെങ്ങിനാവശ്യമായ കാത്സ്യവും ലഭ്യമാക്കും. തോട്ടത്തിൽ കീടരോഗ ബാധയൊന്നും കാര്യമായിട്ടില്ല. കൊമ്പൻ ചെല്ലിയുടെ ഉപദ്രവം കാണുമ്പോൾ വേണ്ട പ്രതിവിധി അപ്പപ്പോൾ എടുക്കും. ചെന്നീരൊലിപ്പിന് കോൾട്ടാർ തേച്ചുകൊടുക്കാറുണ്ട്.

ജൈവവള പ്രയോഗം നന്നായി നടത്തുന്നതിനാൽ തേങ്ങയൊന്നിന് കുറഞ്ഞത് 500 ഗ്രാം തൂക്കമെങ്കിലും കിട്ടുന്നു. കാമ്പിന് നല്ല കനവുമുണ്ട്. എണ്ണയുടെ അംശവും കൂടുതലാണ്. കച്ചവടക്കാർ ന്യായമായ വില നല്കി കൃത്യമായി എടുക്കുന്നതിനാൽ വിപണനം ഒരു പ്രശ്നമേയല്ല. നാളികേര കൃഷിയിൽനിന്നും ഇതുവരെ ലാഭക്കണക്കുകളേ ദാസിന് ലഭിച്ചിട്ടുള്ളൂ.

കേരകർഷകസംഘം ജില്ലാ ഭാരവാഹിയായ ഇദ്ദേഹം നല്ലൊരു കായികതാരം കൂടിയാണ്. കേരള വോളിബാൾ അസോസിയേഷൻ മുൻപ്രസിഡന്റും ഇപ്പോൾ രക്ഷാധികാരിയുമാണ്. സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കും ഇദ്ദേഹം സമയം കണ്ടെത്താറുണ്ട്. (ഫോൺ: 9846191444). ■

**എ.സി.എസ്**



*ഭവദാസ്*



കെ.എൽ. പൗലോസ്

# സമഗ്ര വനിതാ വികസനം ലക്ഷ്യമിട്ട് വയനാട് ജില്ല

**വയനാട് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റിയെയും ചേർത്ത് വനിതാസമഗ്ര വികസന പദ്ധതിയും വയോജനക്ഷേമ സമഗ്ര പദ്ധതിയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസന പദ്ധതിയും തയ്യാറാക്കാനുള്ള പരിപാടിക്ക് രൂപം നല്കിയിരിക്കുന്നു.**

വയനാട് ജില്ല പലകാരണങ്ങളാൽ മറ്റു ജില്ലകളേക്കാൾ പിന്നോക്കമാണ്. കേന്ദ്ര സർക്കാർ പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ച കേരളത്തിലെ രണ്ടു ജില്ലകളിൽ ഒന്നാണ് വയനാട്. ഈ ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 1,36,062 ആണ്. ഈ വിഭാഗത്തിൽ തന്നെ വളരെയേറെ പിന്നോക്കാവസ്ഥയും പ്രശ്നങ്ങളും അനുഭവിക്കുന്നതു സ്ത്രീകളാണ്. കൂടാതെ വിവിധ തരത്തിലുള്ള ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്നവരും ഉണ്ട്. അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും കേരളത്തിൽ നടപ്പിലാക്കിയിട്ടു പതിനഞ്ചു വർഷം പിന്നിടുകയാണ്. വികേന്ദ്രീകൃതാസൂത്രണം വഴിയും കുടുംബശ്രീ വഴിയും സ്ത്രീജനങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാനും അവരുടെ സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക നിലമെച്ചപ്പെടുത്താനും ഒട്ടനവധി ശ്രമങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. എന്നാൽ ഉദ്ദേശിച്ച രീതിയിൽ പ്രശ്നങ്ങൾ കണ്ടെത്താനും അതിനു ശാശ്വത പരിഹാരം കാണാനും നമുക്കു കഴിഞ്ഞിട്ടില്ല. നമ്മുടെ പ്രദേശത്തുള്ള ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെയും വയോജനങ്ങളുടെയും പ്രശ്നങ്ങൾ കണ്ടെത്തി അതു പരിഹരിക്കാൻ വേണ്ട സമഗ്ര പരിപാടി ദീർഘകാല കാഴ്ചപ്പാടോടെ രൂപീകരിച്ച് നടപ്പിലാക്കാൻ നമുക്കു കഴിയുന്നില്ല എന്നതാണ് സത്യം. അതു പരിഹരിക്കണമെങ്കിൽ എല്ലാ പരിപാടികളിലും പദ്ധതികളിലും സ്ഥാപനങ്ങളിലും സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയണം. നമ്മുടെ സ്ഥാപനങ്ങളെ സ്ത്രീ സൗഹൃദമാക്കാനും നിരാലംബർക്കും വയോജനങ്ങൾക്കും മറ്റു പ്രത്യേക പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും തണലാകാനും അധികാരവികേന്ദ്രീകരണം വഴി ലഭിച്ച അധികാരവും സമ്പത്തും വിനിയോഗിക്കുവാൻ കഴിയണം. ഇതു സാദ്ധ്യമാകണമെങ്കിൽ വിവരാധിഷ്ഠിത ആസൂത്രണം (Data based planning) അനിവാര്യമാണ്.ഞ

വയനാട് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റിയെയും ചേർത്ത് വനിതാസമഗ്ര വികസന പദ്ധതിയും വയോജനക്ഷേമ സമഗ്ര പദ്ധതിയും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസന പദ്ധതിയും തയ്യാറാക്കാനുള്ള പരിപാടിക്ക് രൂപം നല്കിയിരിക്കുന്നു. ഇതോടൊപ്പം ഈ മേഖലകളിലെ പെർസ്പെക്ടീവ് പ്ലാൻ വയനാട് ജില്ലാ ആസൂത്രണ സമിതിയും തയ്യാറാക്കും. ഇതിനാവശ്യമായ പരിശീലനം നടത്തുന്നതിന് വേണ്ട സഹായം കിലയും സാങ്കേതിക സഹായം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അക്കാദമിക് വിഭാഗവും നൽകും.

ഈ പരിപാടി പൂർത്തിയാക്കുമ്പോൾ ചുവടെ കൊടുത്തിട്ടുള്ള ഫലം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

- എല്ലാ മുനിസിപ്പാലിറ്റിയിലും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലും സമഗ്ര വനിത വികസന പദ്ധതി, സമഗ്ര വയോജനക്ഷേമ പദ്ധതി ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സമഗ്ര പദ്ധതി.
- വനിത, വയോജന, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ പെർസ്പെക്റ്റീവ് പ്ലാൻ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കും.
- ഓരോ തലത്തിലും ഒറ്റയ്ക്കും കൂട്ടായും ഏറ്റെടുക്കാവുന്ന പരിപാടികൾ, പ്രോജക്ട് ആശയങ്ങൾ എന്നിവ വികസിപ്പിക്കും.
- എല്ലാ തലത്തിലുമുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകും.
- എല്ലാ തലത്തിലും വയോജന ക്ലബ്ബ് ശക്തമാക്കും, വയോജന ജാഗ്രതാ സമിതികൾക്കു രൂപം നൽകും.
- പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു വിവിധ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാകും.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്രമേണ ജൻഡർ ബജറ്റിംഗിലേക്കും ജൻഡർ പ്ലാനിംഗിലേക്കും എത്താൻ വേണ്ട പരിപാടികളും ഇതു വഴി ആവിഷ്കരിച്ച് നടപ്പാക്കും.

ഇതു നടപ്പിലാക്കുന്നതിനു നിലവിലുള്ള വിവരങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം പ്രാഥമിക വിവരം ശേഖരിക്കൽ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, ചരിത്ര അന്വേഷണം, ലിറ്ററേച്ചർ റിവ്യു, സ്ഥാപന വിശകലനം, തുടങ്ങിയ രീതി ശാസ്ത്രങ്ങളും ഉപയോഗിക്കും. ഗ്രാമസഭകളിൽ ചർച്ച ചെയ്തു രേഖ സംപുഷ്ടമാക്കും. ഇത്തരത്തിൽ തികച്ചും ജനകീയമായിട്ടായിരിക്കും ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വലിയൊരു മുന്നേറ്റമാകും ഈ പദ്ധതി എന്നു പ്രതീക്ഷിക്കുന്നു. ■

*ലേഖകൻ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്.*







ഡോ. ജോസ് പാറക്കടവിൽ



**ഓണം വൈവിധ്യപൂർണ്ണമായ അതിന്റെ അനുഷ്ഠാനങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും ഭൂതകാലത്തിലെ നന്മകളുടെ നിറവാർന്ന ലോകത്തിലേക്കു നമ്മെ മടക്കികൊണ്ടുപോകുന്നു. ആ നന്മകൾ വർത്തമാനത്തിന്റെ ശൂന്യതകളിൽ നിറച്ചുകൊണ്ട് ഭാവിയിലേക്കു കുതിക്കുവാൻ ഓണം നമ്മെ ക്ഷണിക്കുന്നു.**

*'ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ*
*പൂവിരിപ്പിവിടെപ്പോൽ കാണുമോ മറ്റെങ്ങാനും?*

എന്നു വൈലോപ്പിള്ളി ചോദിച്ചതു വെറുതെയല്ല. ജീവിതം ക്ലേശനിർഭരമായിരുന്ന മലയാളിയുടെ ഭൂതകാലത്തിൽ ആഹ്ലാദ കലവികൾ നിറച്ചുകൊണ്ട് ഓണവും തിരുവാതിരയും വിഷുവും ഒപ്പമുണ്ടായിരുന്നു.

ഗ്രാമീണതയുടെയും കാർഷികസംസ്കൃതിയുടെയും വർണനാദരസഗന്ധങ്ങളായിരുന്നു ഈ ഉത്സവങ്ങളുടെ ആസ്വാദ്യതയിലെ അടിസ്ഥാനഘടകങ്ങൾ. അതോടൊപ്പം പ്രകൃതിയുമായുള്ള മനുഷ്യന്റെ അഭേദ്യബന്ധത്തെ ഓർമ്മിപ്പിക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്തു ഈ ആഘോഷങ്ങൾ.

ഗ്രാമജീവിതത്തിന്റെ ആധാരശിലയായ മനുഷ്യകൂട്ടായ്മകൾക്ക് ഓരോ ഉത്സവവും നവോന്മേഷം പകർന്നു. ഓണം മലയാളികളുടെ സാമൂഹികജീവിതത്തിനു നല്കിയ മഹത്തായ ഈടുവയ്പു സൗഹൃദങ്ങളുടെയും പങ്കുവയ്ക്കലിന്റെയും അനുഭവ സമ്പന്നതയായിരുന്നു. ഓണത്തിന്റെ എല്ലാ ഒരുക്കങ്ങളിലും ഒരുമയുടെ ചാരുത നിറഞ്ഞുനിന്നതാണ് പോയകാലത്തെ ഓണത്തിന്റെ സവിശേഷത. ഏകാന്തതയുടെ തുരുത്തിൽപെട്ടുപോകാതെ വ്യക്തികളെ സാമൂഹികജീവിതത്തിന്റെ ഇഴകളാക്കി പിടിച്ചടുപ്പിക്കുന്നതായി ഓണത്തിന്റെ ഓരോ അംശവും. ഓണസദ്യയായാലും ഓണക്കളികളായാലും ഏതിലുമുണ്ട് പങ്കുകൊള്ളലിന്റെ ഹൃദ്യമായ

# ഓണം ഭൂതഭാവികൾക്കിടയിൽ ഒരു ഊഞ്ഞാൽ



> ഓണസദ്യയുടെ രുചികളാസ്വദിക്കുന്നതോടൊപ്പം വീടിന്റെ ഭാഗമായിരുന്ന തൊഴുത്തിലെ പശുക്കളെയും ഓണമൂട്ടുവാൻ മറന്നിരുന്നില്ല മലയാളിയുടെ മനസ്സ്. സമസ്ത ജീവജാലങ്ങളെയും ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്ന ഒരു ഭൂതകാലത്തിന്റെ ചില അടയാളങ്ങൾ ഓണാഘോഷങ്ങളിൽ അരനൂറ്റാണ്ടു മുമ്പുവരെ അവശേഷിച്ചിരുന്നു. അതിലൊന്നാണ് ഉറുമ്പൂട്ട്.



അനുഭവം. 'വല്ലതുമൊന്നു കൊടുക്കാൻ, കൊള്ളാൻ, ഇല്ലാതില്ലൊരു മുൾച്ചെടിയും' എന്നത് ഓണക്കാലത്തെ സാമൂഹികാവസ്ഥയായി പരിണമിച്ചു. ഓണം മലയാളികളുടെ മഹോത്സവമാണെന്നു പറയുമ്പോൾ അതിൽ നിന്നു മാറി നില്ക്കുന്ന ഒരു മലയാളിയും ഉണ്ടായിരുന്നില്ല എന്നതായിരുന്നു പണ്ടത്തെ സ്ഥിതി.

ഓണത്തിനു മുന്നോടിയായി വീടും പരിസരവും ശുചിയാക്കുമ്പോഴും പൂക്കളം തീർക്കുമ്പോഴും ഊഞ്ഞാലിടുവാൻ കാട്ടുവള്ളികൾ തേടി അലയുമ്പോഴും സദ്യയ്ക്കു വിഭവങ്ങൾ ഒരുക്കുമ്പോഴും ഓണക്കളികളിൽ പങ്കെടുക്കുമ്പോഴും കൊച്ചുകുട്ടികൾ മുതൽ വൃദ്ധജനങ്ങൾ വരെ അതിൽ പങ്കുകാരായി: ഓണം ആഘോഷിക്കുക എന്ന ഒരേ ലക്ഷ്യത്തോടെ ഒരു സമൂഹമാകെ ഒന്നായി ചേരുകയാണ്. ഓരോ വീട്ടിലും ആഘോഷമാണെങ്കിലും അതു നാടാകെ ഒന്നിച്ചു ചേരുന്ന ഉത്സവമാണ്. വിഭവങ്ങളും പ്രയത്നങ്ങളും പങ്കുവച്ചുകൊണ്ട് ഇല്ലായ്മകൾക്കു നടുവിലും അവർ സമൃദ്ധിയുടെ മാധുര്യം നുണഞ്ഞു. എന്തും വിലകൊടുത്തു വാങ്ങുന്ന സംസ്ക്കാരത്തിൽ നിന്നും ഭിന്നമായിരുന്നു അത്. ഒറ്റപ്പെട്ടു പോകുവാനുള്ള മനുഷ്യമനസ്സിന്റെ ആന്തരിക പ്രേരണയെ തോല്പ്പിക്കുവാനുതകുന്നതായിരുന്നു ഓണത്തിന്റെ പിന്നിലെ സംഘാതമായ പരിശ്രമങ്ങളും ആഹ്ലാദങ്ങളുടെ പങ്കുവയ്ക്കലും. താൻ ഏകാകിയാണ് എന്ന ഭീതിദമായ മാനസികാവസ്ഥയിൽ നിന്ന് ഓരോ വ്യക്തിയെയും രക്ഷിച്ചെടുക്കാൻ ഓണാഘോഷങ്ങൾ ഉപാധിയായപ്പോൾ ഒരു സമൂഹം രോഗാതുരമാകാതെ കാത്തുസൂക്ഷിക്കുന്ന ദേഷജകർത്തവ്യമാണ് ഓണം നിർവ്വഹിച്ചത്.

ഓണം മലയാളികളുടെ വസന്തോത്സവവും കേരളത്തിന്റെ വിളവെടുപ്പു മഹോത്സവവും ആണെന്നു പറയാറുണ്ട്. ഇതു രണ്ടും ശരിയാണുതാനും. എന്നാൽ വസന്തത്തിന്റെയും വിളവെടുപ്പിന്റെയും കാലയളവിനെ പ്രകൃതിയോടുള്ള മനുഷ്യന്റെ നാഭീനാളബന്ധത്തെ അനുസ്മരിക്കുന്ന ഒരുത്സവമാക്കി മാറ്റുകയായിരുന്നു പൂർവ്വികർ.

ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് അത്തം മുതൽ പൂക്കളം ഒരുക്കുമ്പോൾ മലയാളി സൗന്ദര്യപക്ഷപാതിയാകുന്നു. ഓണവിഭവങ്ങൾ കൊണ്ടു സദ്യയൊരുക്കി വിളവെടുപ്പു മഹോത്സവമാഘോഷിക്കുമ്പോൾ തന്നെ പ്രകൃതി മനുഷ്യന്റെ വിശപ്പടക്കുവാൻ മാത്രമുള്ളതല്ല, അവയ്ക്കുള്ളിലെ ലാവണ്യസങ്കല്പങ്ങളെ ഊട്ടിവളർത്തുവാനും കൂടിയുള്ളതാണെന്ന ഓർമപ്പെടുത്തലായി അത്തപ്പൂക്കളങ്ങൾ വീട്ടുമുറ്റങ്ങളിൽ വർണചാരുത നിറച്ചു. പൊന്തപ്പടർപ്പുകളിൽ വിരിയുന്ന കാട്ടുപൂക്കൾക്കുപോലും മനുഷ്യജീവിതത്തിൽ ഒരിടമുണ്ട് എന്നു സ്ഥാപിക്കുന്നതായിരുന്നു പണ്ടത്തെ അത്തപ്പൂക്കളങ്ങൾ. ആരുടെയും പരിചരണമില്ലാതെ, മനുഷ്യന്റെ പാദസ്പർശമേല്ക്കാത്ത പുറമ്പോക്കുകളിലും തോട്ടുവക്കിലും വയലോരങ്ങളിലും വിടരുന്ന കാട്ടുപൂവുകൾ ഓണക്കാലത്തു ഭവനാങ്കണങ്ങളിലെ പൂക്കളങ്ങളിൽ മാവേലി മന്നനെ വരവേല്ക്കുന്ന വിശിഷ്ടാതിഥികളായി!

ഓണക്കാലത്ത് കാവുകളിലും കാടുകളിലും ഊഞ്ഞാൽ വള്ളികൾ തേടി നടക്കുമ്പോഴും അതു പ്രകൃതിയിലേക്കുള്ള ഒരു മടക്കയാത്രയായി. വൻമരങ്ങളിൽ പടർന്നുകയറിക്കിടക്കുന്ന ഊഞ്ഞാൽവള്ളികൾ മുറിച്ചെടുത്താണു പണ്ടു മരക്കൊമ്പുകളിൽ ഊഞ്ഞാൽ കെട്ടിയിരുന്നത്. വനാന്തർഭാഗങ്ങളിൽ മരങ്ങളിൽ നിന്നു താഴേക്കു വളർന്നിറങ്ങിയ വള്ളിത്തലപ്പുകളിൽ ഊഞ്ഞാലാടിയിരുന്ന മനുഷ്യവംശത്തിന്റെ വിദൂരമായ ഒരു ഭൂതകാലത്തെ അനുസ്മരിപ്പിക്കുന്ന ഊഞ്ഞാലാട്ടം ഓണത്തിന്റെ ആഘോഷങ്ങളിൽ ഒഴിവാക്കാനാവാത്തതായി. പ്രകൃതിയുടെ രമണീയകങ്ങളിലും കൗതുകങ്ങളിലും ഉള്ളുതുറന്ന് അഭിരമിച്ചിരുന്ന പ്രാക്തനസംസ്കൃതിയെ ചേർത്തും പേർത്തും അനുസ്മരിപ്പിച്ചുകൊണ്ടാണ് ഓരോ ഓണക്കാലവും പൂക്കളങ്ങളും ഊഞ്ഞാലുകളും ഒരുക്കിയിരുന്നത്.

പ്രകൃതിയിലേക്കുള്ള മടക്കയാത്രയുടെ മറ്റൊരു അനുഭവമായിരുന്നു ഓണത്തോടനുബന്ധിച്ചുള്ള ജലകേളികൾ. കേരളത്തിലെ പ്രസിദ്ധങ്ങളായ വള്ളംകളികളെല്ലാം ഓണക്കാലത്ത് ഓണാഘോഷത്തെ ജലോത്സവവും കൂടിയാക്കി മാറ്റുകയായിരുന്നു. ഇപ്പോൾ ആ ജലോത്സവങ്ങൾ മത്സരവേദികളായി മാറിയിട്ടുണ്ട്. അവ ആരംഭിച്ചത് മത്സരിക്കാൻ വേണ്ടിയല്ല, സൗഹൃദത്തിനുവേണ്ടിയാണ്. ചിരകാലപ്രശസ്തമായ ആറന്മുള വള്ളംകളിയുടെ ആരംഭം തിരുവോണസദ്യയുമായി കാട്ടൂർ നിന്ന് ആറന്മുള ക്ഷേത്രത്തിലേക്കു പുറപ്പെട്ടിരുന്ന തിരുവോണത്തോണിയുടെ യാത്രയോടെയാണ്. അകമ്പടിയായി നിരവധി വള്ളങ്ങൾ ആറന്മുളയിൽ എത്തിച്ചേർന്നു. നദീതീരത്തെ മിക്ക വീടുകളിലും പലതരം വള്ളങ്ങൾ ഉണ്ടായിരുന്നു. പണ്ട് ഒറ്റയാൾക്കു കഷ്ടിച്ച് ഇരിക്കാൻ പാകത്തിലുള്ള കൊതുമ്പുവള്ളങ്ങൾ മുതൽ കുടുംബാംഗങ്ങൾക്കു യാത്ര ചെയ്യാനുതകുന്ന ഇടത്തരം വള്ളങ്ങളും കൂടുതൽ ആളുകളെ കയറ്റുന്ന





വലിയ കെട്ടുവള്ളങ്ങളും ധാരാളമുണ്ടായിരുന്നു. ഇവയെല്ലാം കൂടി ആറന്മുളയിൽ പമ്പാനദിയുടെ വിരിമാറിലൂടെ തുഴഞ്ഞെത്തിയപ്പോഴാണ് ആറന്മുള വള്ളംകളി ആവിർഭവിച്ചത്. മത്സരമോ വാശിയോ ഇല്ലാതെ നതോന്നതവൃത്തത്തിലുള്ള ഭക്തികീർത്തനങ്ങൾ ആലപിച്ചുകൊണ്ടായിരുന്നു പഴയ കാലത്തെ വള്ളംകളി. പില്ക്കാലത്ത് ഈ വള്ളംകളിയിൽ പങ്കെടുക്കുവാൻ ഓരോ കരയിലും ചുണ്ടൻ വള്ളങ്ങൾ ഇറക്കിത്തുടങ്ങിയപ്പോഴും അവിടെ മത്സരമുണ്ടായിരുന്നില്ല. ജാതിമതചിന്തകൾക്കതീതമായ സൗഹൃദത്തിന്റെ കുളിരുറ്റ അന്തരീക്ഷത്തിലായിരുന്നു വള്ളംകളികൾ.

പ്രകൃതിയുടെ വൈവിധ്യമാർന്ന സൗന്ദര്യങ്ങളും അനുഗ്രഹങ്ങളും നുകരുവാനുതകുന്ന ഓണക്കാലത്ത് പ്രകൃതിയുടെ രുചികൾ ആസ്വദിക്കുവാനും മലയാളികൾ മറന്നില്ല. രുചികളുടെ ഒരുത്സവം തന്നെയായി ഓണക്കാലം. ഉപ്പേരിയും ശർക്കരവരട്ടിയും എള്ളുണ്ടയും കളിയടയ്ക്കയും ഓണക്കാലത്ത് കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസം പകർന്നു. നാനാതരം വിഭവങ്ങൾ നിറഞ്ഞ ഓണസദ്യ വിളവെടുപ്പിന്റെ ഉത്സവാഘോഷമാണ് ഓണം എന്ന് ഓർമ്മിപ്പിച്ചതോടൊപ്പം വാഴയിലയിൽ വിളമ്പുന്ന സദ്യവിഭവങ്ങൾ പ്രകൃതിയിൽ നിന്നു നാം ഏറെ അകലെയായി എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്, ഇപ്പോഴും.

ഓണസദ്യയുടെ രുചികളാസ്വദിക്കുന്നതോടൊപ്പം വീടിന്റെ ഭാഗമായിരുന്ന തൊഴുത്തിലെ പശുക്കളെയും ഓണമൂട്ടുവാൻ മറന്നിരുന്നില്ല മലയാളിയുടെ മനസ്സ്. സമസ്ത ജീവജാലങ്ങളെയും ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്ന ഒരു ഭൂതകാലത്തിന്റെ ചില അടയാളങ്ങൾ ഓണാഘോഷങ്ങളിൽ അരനൂറ്റാണ്ടു മുമ്പുവരെ അവശേഷിച്ചിരുന്നു. അതിലൊന്നാണ് ഉറുമ്പൂട്ട്. കൈപ്പത്തി അരിമാവിൽ മുക്കി ചാണകം പൂശിയ മൺചുവരുകളിൽ ചിത്രവേലകൾ പോലെ പതിക്കുക ഓണക്കാലത്തെ പതിവായിരുന്നു. ഉറുമ്പുകൾക്കു ഓണമുണ്ണുവാനാണത്രേ ഇങ്ങനെ അരിമാവ് ചുമരിൽ പതിച്ചിരുന്നത്!.

വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാനുള്ള ഭാരതീയ മനസ്സിന്റെ ഉദാരത മലയാളികളുടെ ഓണാഘോഷങ്ങളിൽ നിറയുന്നു. കേരളത്തിലൊട്ടാകെ നടക്കുന്ന ഓണാഘോഷങ്ങൾ നിരീക്ഷിച്ചാൽ പ്രാദേശികമായ അസംഖ്യം ആചാരങ്ങളും വിനോദങ്ങളും ഓണത്തിന്റെ ഭാഗമായി അരങ്ങേറുന്നതു കാണാം. തൃശൂർ ഭാഗത്തെ കുമ്മാട്ടിയും മറ്റു ചിലയിടങ്ങളിലെ പുലികളിയും വേറെ ചില പ്രദേശങ്ങളിലെ കടുവാകളിയും ഓണക്കാല വിനോദങ്ങളായി അരങ്ങുകൊഴുപ്പിക്കുന്നു. പുരുഷന്മാർക്കു വടംവലിയും സ്ത്രീകൾക്ക് തണുങ്ങുപിടുത്തവും ഓണത്തിന്റെ വിനോദങ്ങളായുണ്ട്. ഓണപ്പൂക്കളത്തിലെ നിറങ്ങളുടെ വൈവിധ്യവും ഓണസദ്യയിലെ വിഭവങ്ങളുടെ വൈവിധ്യവും പോലെ നിരവധി വൈവിധ്യങ്ങൾ കൂടിച്ചേർന്ന് ഓണാഘോഷത്തിനു പൂർണ്ണത നല്കുമ്പോൾ വൈവിധ്യങ്ങളെ ഹൃദയപൂർവ്വം ലാളിക്കുന്ന നമ്മുടെ നാടിന്റെ സംസ്കൃതിയാണ് വെളിപ്പെടുന്നത്.

ഓണാഘോഷങ്ങളിൽ ഒഴിവാക്കാനാവാത്തതാണ് ഊഞ്ഞാലാട്ടം. വീട്ടുമുറ്റത്തെ മരക്കൊമ്പിലോ കാർപോർച്ചിലെ കൊളുത്തിലോ ഒരു ഊഞ്ഞാൽ കെട്ടിയിട്ടാണെങ്കിലും നാമിന്നും നഗരപരിസരങ്ങളിൽപോലും ഓണത്തെ അണിയിച്ചൊരുക്കുന്നു. ഇപ്പോൾ ഊഞ്ഞാലാട്ടം കുട്ടികൾക്കു മാത്രമായി പരിമിതപ്പെട്ടുവെങ്കിൽ, നാലഞ്ചു ദശകങ്ങൾക്കു മുമ്പ് അതു മുതിർന്നവർക്കും ഉപേക്ഷിക്കാനാകാത്തതായിരുന്നു.

കാട്ടിൽ നിന്നു ശേഖരിക്കുന്ന കനമുള്ള ഊഞ്ഞാൽ വള്ളികൾ വൻമരങ്ങളുടെ കൊമ്പുകളിൽ കെട്ടിയുണ്ടാക്കുന്ന കൂറ്റൻ ഊഞ്ഞാലുകളിൽ ആബാലവൃദ്ധം ജനങ്ങളും മതിമറന്നാടിയിരുന്നു. കേരളീയ സമൂഹമാകെ അതിന്റെ ശൈശവബാല്യകാലങ്ങളിലേക്കു മടങ്ങുകയായിരുന്നു ഈ ഊഞ്ഞാലാട്ടത്തിലൂടെ. അർത്ഥവത്തായ ഒരു പ്രതീകമാണ് ഊഞ്ഞാൽ. പിന്നിൽ നിന്ന് ആയമെടുത്തു മുന്നിലേക്കു കുതിക്കുവാൻ നമ്മളെ പ്രേരിപ്പിക്കുന്നു ഊഞ്ഞാൽ. ഓണം നമുക്കു പകർന്നു തരുന്ന പ്രേരണയും ഇതുതന്നെയല്ലേ? ഭൂതകാലത്തിന്റെ നന്മകൾ സ്വീകരിച്ചുകൊണ്ട് മുന്നിലേക്കു കുതിക്കുക.

ഓണം വൈവിധ്യപൂർണ്ണമായ അതിന്റെ അനുഷ്ഠാനങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും ഭൂതകാലത്തിലെ നന്മകളുടെ നിറവാർന്ന ലോകത്തിലേക്കു നമ്മെ മടക്കികൊണ്ടുപോകുന്നു. ആ നന്മകൾ വർത്തമാനത്തിന്റെ ശൂന്യതകളിൽ നിറച്ചുകൊണ്ട് ഭാവിയിലേക്കു കുതിക്കുവാൻ ഓണം നമ്മെ ക്ഷണിക്കുന്നു.■



> അർത്ഥവത്തായ ഒരു പ്രതീകമാണ് ഊഞ്ഞാൽ. പിന്നിൽ നിന്ന് ആയമെടുത്തു മുന്നിലേക്കു കുതിക്കുവാൻ നമ്മളെ പ്രേരിപ്പിക്കുന്നു ഊഞ്ഞാൽ. ഓണം നമുക്കു പകർന്നു തരുന്ന പ്രേരണയും ഇതുതന്നെയല്ലേ? ഭൂതകാലത്തിന്റെ നന്മകൾ സ്വീകരിച്ചുകൊണ്ട് മുന്നിലേക്കു കുതിക്കുക.





# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 20



റോയ് ചാക്കോ ഇളമണ്ണൂർ

ഡൽഹി മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലാണു ഡൽഹിയിലെ വലിയ ഓണാഘോഷം. ഗ്രേറ്റർ കൈലാഷിനു (ദക്ഷിണ ഡൽഹി) സമീപമുള്ള സിറിഫോർട്ട് ഓഡിറ്റോറിയത്തിൽ വിപുലമായ രീതിയിൽ സാംസ്ക്കാരിക പരിപാടികൾ നടത്തും. കേന്ദ്രമന്ത്രിമാരും ഡൽഹി മുഖ്യമന്ത്രിയും ഒക്കെ പങ്കെടുക്കും. ഡൽഹി മുഖ്യമന്ത്രി ഷീലാദീക്ഷിത് പതിവായി മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കാറുണ്ട്.

മലയാളികളുടെ പ്രിയപ്പെട്ട ആഘോഷമായ ഓണത്തിന് ഇനി രണ്ടാഴ്ച മാത്രം. ഈ വർഷം സെപ്റ്റംബർ 9-ാം തീയതിയാണല്ലോ (ചിങ്ങമാസം 24) തിരുവോണം. ഓണത്തിന്റെ ഒരുക്കങ്ങൾ ആരംഭിക്കാൻ ഇനി ദിവസങ്ങൾ മാത്രം. മഹത്തായ ഒരു കാർഷികസംസ്കൃതിയുടെ ഉദാത്തബിംബമായ ഓണക്കാലം പഴമയെ പുണർന്നു കൊണ്ടാണ് കേരളത്തിലും കേരളീയർ കൂട്ടമായി വസിക്കുന്ന ലോകത്തിന്റെ മറ്റെല്ലാ പ്രദേശങ്ങളിലും കടന്നുചെല്ലുന്നത്. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ആർപ്പുവിളികളുമായി വന്നെത്തുകയായി ഓണം ഡൽഹിയിലും.

മലയാളി നാട്ടിലായാലും നഗരത്തിലായാലും ഓണം ഗൃഹാതുരത്വത്തോടെ ആഘോഷിച്ചുവരുന്നു. ഇന്ത്യയുടെ തലസ്ഥാനനഗരിയിൽ പത്ത് ലക്ഷത്തിലേറെ മലയാളികൾ ഉണ്ട്. ഡൽഹി നഗരത്തിൽ ഒരു കോടി 90 ലക്ഷമാണ് ജനസംഖ്യ. കേരളത്തിലെ ജനസംഖ്യ 3 കോടി 33 ലക്ഷമാണ്. ഇടുക്കി ജില്ലയിൽ 11,07,453 പേരാണുള്ളത്രേ. ഏതാണ്ട് ഇടുക്കി ജില്ലയിലുള്ള ജനങ്ങളുടെയത്രയും മലയാളികൾ ഡൽഹി നഗരത്തിലുണ്ടെന്ന് ഓർക്കുക. 2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ളത് ഡൽഹിയിലാണ്. ഡൽഹി നഗരത്തിൽ ഒരു ചതുരശ്രകിലോമീറ്ററിൽ 11,297 പേർ ജീവിക്കുന്നു. ഇന്ത്യയുടെ ശരാശരി ജനസാന്ദ്രത 382 ആണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിന്റെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണ്. ഏറ്റവും ജനസാന്ദ്രതയുള്ള തിരുവനന്തപുരത്ത് ച.കി.മീറ്ററിന് 1509 പേരാണുള്ളത്. എന്നാൽ ഡൽഹിയിൽ ഇതിന്റെ (1509 ന്റെ) എട്ട് ഇരട്ടിയോളമാണ് എന്നറിയുമ്പോൾ അവിടുത്തെ ജനതിരക്ക് ഊഹിച്ചു നോക്കുക. ആ ജനതിരക്കിനിടയിൽ (രണ്ട് കോടിയോളം ജനത) നൂറിൽ 5 പേർ മലയാളികളാണ് എന്നു കൂടി അറിയുക.

ഇവിടുത്തെ മലയാളികളുടെ പ്രധാന കൂട്ടായ്മയായ ഡൽഹി മലയാളി അസ്സോസിയേഷൻ 60 വർഷമായി പ്രവർത്തിക്കുന്നു. അസോസിയേഷന് 23 ഏരിയാ കമ്മിറ്റികൾ ഉണ്ട്. ഡൽഹിയിലെ ഓരോ പ്രദേശത്തേക്കും (പട്ടണങ്ങളിലേക്കും) ഓരോ ഏരിയാ കമ്മിറ്റി പ്രവർത്തിക്കുന്നു. 4 സ്ഥലങ്ങളിലായി ഡൽഹി മലയാളി അസോസിയേഷന് സ്വന്തമായി കെട്ടിടം ഉണ്ട്. കേരളത്തിനു പുറത്ത് പ്രവർത്തിക്കുന്ന ഏറ്റവും വലിയ മലയാളി സംഘടനയാണിത്. ഓണക്കാലത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ സാംസ്കാരിക പരിപാടികൾ പതിവായി അരങ്ങേറും.

ഡൽഹി മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലാണു ഡൽഹിയിലെ വലിയ ഓണാഘോഷം. ഗ്രേറ്റർ കൈലാഷിനു (ദക്ഷിണ ഡൽഹി) സമീപമുള്ള സിറിഫോർട്ട് ഓഡിറ്റോറിയത്തിൽ വിപുലമായ രീതിയിൽ സാംസ്ക്കാരിക പരിപാടികൾ നടത്തും. കേന്ദ്രമന്ത്രിമാരും ഡൽഹി മുഖ്യമന്ത്രിയും ഒക്കെ പങ്കെടുക്കും. ഡൽഹി മുഖ്യമന്ത്രി ഷീലാദീക്ഷിത് പതിവായി മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടിയിൽ പങ്കെടുക്കാറുണ്ട്.

ഡൽഹിയിലെ ഓരോ മേഖലയിലുമുള്ള മലയാളി അസ്സോസിയേഷനുകളുടെ ആഭിമുഖ്യത്തിലും ഓണത്തിനോടനുബന്ധിച്ച് സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഓണനാളിലായിരിക്കില്ല ഡൽഹി മലയാളികളുടെ കൂട്ടായ ഓണാഘോഷം. ഓണത്തോട് അടുപ്പിച്ചു വരുന്ന പൊതുഅവധി ദിവസമോ ശനിയാഴ്ചയോ ഞായറാഴ്ചയോ അവർ ഓണാഘോഷം സംഘടിപ്പിക്കും. തിരുവോണനാളിൽ ഡൽഹിയിൽ അതിന്റെ പേരിൽ അവധി ഒന്നുമില്ലെങ്കിലും മലയാളികൾ അന്ന് ഓഫീസിൽ പോകുക പതിവില്ല. വീട്ടിൽ അവർ ഓണസദ്യ ഒരുക്കും.

അസോസിയേഷനുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഓണാഘോഷത്തിൽ തിരുവാതിരക്കളി മത്സരം പൂക്കളമത്സരം എന്നിവയൊക്കെ നടക്കും. വടംവലി മത്സരവും സംഘടിപ്പിക്കും. ഉച്ചയ്ക്ക് ഓണസദ്യ ഒരുക്കും. മയൂർ വിഹാറിൽ ധാരാളം മലയാളി കുടുംബങ്ങൾ ഉണ്ട്. ഫേസ് മൂന്നിൽ തന്നെ (മയൂർ വിഹാറിലെ ഒരു പ്രദേശം) ഏഴായിരം മലയാളി കുടുംബങ്ങൾ ഉണ്ട്. അവർ എല്ലാ വർഷവും വിപുലമായി ഓണാഘോഷം സംഘടിപ്പിച്ചു വരുന്നതായി 20 വർഷമായി ഇവിടെ താമസിക്കുന്ന ജോസ് പറഞ്ഞു. മൂന്നാല് വർഷമായി വൈകിട്ട് ഗാനമേള, മിമിക്സ് പരേഡ് എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. ഓണാഘോഷത്തിന്റെ ചെലവിനുള്ള തുക അംഗങ്ങൾ അവർക്കിടയിൽ പിരിവ് നടത്തി സ്വരൂപിക്കുന്നു. തിരുവോണനാളിൽ ഡൽഹിയിലെ അയ്യപ്പൻ ക്ഷേത്രങ്ങളിലും ഗുരുവായൂരപ്പൻ ക്ഷേത്രങ്ങളിലും ധാരാളം ഭക്തജനങ്ങൾ ദർശനത്തിനായി എത്തും. ആർ.കെ. പുരം, മയൂർ വിഹാർ തുടങ്ങിയ സ്ഥലങ്ങളിലൊക്കെ മലയാളികൾ ധാരാളമായി എത്തുന്ന ക്ഷേത്രങ്ങൾ ഉണ്ട്.

ഡൽഹിയിലെ ക്രിസ്ത്യൻ പള്ളികളുടെ ആഭിമുഖ്യത്തിലും ഓണാഘോഷം സംഘടിപ്പിക്കാറുണ്ട്. മിക്ക പള്ളിക്കാരും ഓണസദ്യ ഒരുക്കും. പള്ളിയിലെ യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ പിക്നിക് ക്രമീകരിച്ച് ഏതെങ്കിലും പാർക്കിൽ വച്ച് ഓണസദ്യ വിളമ്പും. സാധാരണയായി ഏതെങ്കിലും മലയാളി ഹോട്ടലുകാർക്ക് ഓർഡർ നൽകുകയാണ് ചെയ്യുന്നത്. ഡൽഹിയിലെ പള്ളികൾക്ക് കേരളത്തിൽ ഉള്ളതുപോലെ വിശാലമായ മുറ്റമൊ വിസ്തൃതിയുള്ള പാർക്കിംഗ് ഗ്രൗണ്ടോ ഒന്നും സ്വന്തമായി ഇല്ലാത്തതിനാലാണ് പാർക്കിൽ വച്ച് ഓണസദ്യ വിളമ്പുന്നത്.

പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണാഘോഷത്തിൽ വടംവലി മത്സരം, കുടം അടിച്ചു പൊട്ടിക്കൽ തുടങ്ങിയ വിനോദമത്സരങ്ങളും നടത്താറുണ്ട്. പണ്ടൊക്കെ പള്ളിയിൽ തന്നെ ഓണസദ്യ തയ്യറാക്കുക പതിവായിരുന്നു. എന്നാൽ ഇപ്പോൾ കേറ്ററിംഗ്കാരെ ചുമതലപ്പെടുത്തുകയാണത്രെ പതിവ്. കഴിഞ്ഞ വർഷം ഒരാൾക്ക് 100 രൂപ വീതമാണു പിരിവ് നടത്തിയത്, ഓണസദ്യയ്ക്കായി.

ഓണത്തോടനുബന്ധിച്ച് ഡൽഹിയിലെ കേരളാ സ്കൂളുകൾക്ക് 4 ദിവസത്തെ അവധി കിട്ടാറുണ്ട്. ആർ.കെ. പുരം, മയൂർ വിഹാർ, വികാസ്പുരി തുടങ്ങിയ സ്ഥലങ്ങളിലായി നാല് കേരള സ്കൂളുകൾ (കേരള സിലബസ് അനുസരിച്ചുള്ള പഠനം നടത്തുന്ന സ്കൂളുകൾ) ഉണ്ട്. പണ്ടൊക്കെ കേരളാ സ്കൂളുകളിലെ കുട്ടികൾക്ക് 10 ദിവസത്തെ ഓണാവധി ഉണ്ടായിരുന്നു. എന്നാൽ അതിശൈത്യകാലത്തു ഡൽഹിയിലെ സ്കൂൾകുട്ടികൾക്കു നൽകുന്ന അവധി രണ്ടാഴ്ചയായി വർദ്ധിപ്പിച്ചതോടെ കേരള സ്കൂളുകളിലെ ഓണാവധി 4 ദിവസമായി കുറയ്ക്കുകയാണുണ്ടായത്. കഴിഞ്ഞവർഷം മുതലാണ് ശൈത്യകാല സ്കൂൾ അവധി സ്ഥിരമായി രണ്ടാഴ്ച ആക്കിയത്. അതിനു മുൻപുള്ള വർഷങ്ങളിൽ അതിശൈത്യത്തിന്റെ അവസ്ഥയനുസരിച്ചു കുറെ ദിവസങ്ങൾ അവധി നൽകി വരികയായിരുന്നു പതിവ്. അപ്പോഴൊക്കെ 15 ദിവസം വരെ അവധി ലഭിച്ചിരുന്നു. എന്നാൽ ഇനി എല്ലാവർഷവും ശൈത്യ അവധി 15 ദിവസമായി നിശ്ചയിച്ച് സ്ഥിരപ്പെടുത്തി ഉത്തരവായത് കഴിഞ്ഞ വർഷമാണ്. സാധാരണ ഡിസംബർ 24 മുതൽ 15 ദിവസമാണ് വിന്റർ അവധി ലഭിക്കുന്നത്. അതിശൈത്യം തുടർന്നാൽ അവധി ദിനങ്ങളുടെ എണ്ണം കൂട്ടുകയും ചെയ്യും.

ഡൽഹിയിൽ മിക്കസ്ഥലങ്ങളിലും മലയാളികളുടെ കടകൾ ഉണ്ട്. ഓണത്തിനോടനുബന്ധിച്ച് പ്രത്യേക ഓണപച്ചക്കറികളും സാധനങ്ങളും ഈ കടകളിലും ധാരാളമായി എത്തും. കൂടാതെ വിവിധ ഓഫീസുകളും/ഡിപ്പാർട്ട്മെന്റുകളും നടത്തുന്ന സ്റ്റാളുകളിലും ഓണസാധനസാമഗ്രികൾ പ്രത്യേകമായി കച്ചവടം നടത്തും. വലിയ തിരക്കായിരിക്കും. ഓണത്തിനു മൂന്നാലു ദിവസം മുമ്പ് ഓണസദ്യയ്ക്കു ആവശ്യമായ സാധനങ്ങൾ വാങ്ങിവയ്ക്കുവാൻ ഡൽഹി മലയാളികൾ ശ്രദ്ധിക്കുന്നു. ഓണത്തിന്റെ തലേന്നു വാങ്ങാം എന്നു കരുതിയാൽ ഓണസദ്യ ഒരുക്കാൻ സാധിക്കില്ല. കാരണം ഉത്രാടത്തിനു മുൻപു തന്നെ പച്ചക്കറികളും സാധനങ്ങളും എല്ലാം വിറ്റ് തീർന്നിരിക്കും. വാഴയില ഒരെണ്ണത്തിന് 10 രൂപ വരെ വിലയുണ്ട്. വില എത്രയായാലും ഓണത്തിന് വാഴയിലയിൽ സദ്യ ഉണ്ണുവാൻ ഡൽഹി മലയാളികൾ എല്ലാവരും ആഗ്രഹിക്കുന്നു. അങ്ങനെ ചെയ്യുന്നു.

കേരളാ ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലും ഡൽഹിയിലെ മലയാളികൾക്കു വേണ്ടി ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഈ വർഷം സെപ്റ്റംബർ 10,11 തീയതികളിലാണ് ഓണാഘോഷം. ശനി, ഞായർ ദിവസങ്ങൾ അവധി ദിവസമായതിനാലാണു തിരുവോണം കഴിഞ്ഞുള്ള ആ അവധി ദിവസങ്ങളിൽ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഡൽഹിയിലെ മലയാളി മാധ്യമപ്രവർത്തകർക്കും കുടുംബങ്ങൾക്കുമായി കേരളഹൗസ് ഓണസദ്യ നൽകുമെന്ന് കേരള ഇൻഫർമേഷൻ ഓഫീസിലെ ഇൻഫർമേഷൻ ഓഫീസർ ഉണ്ണികൃഷ്ണൻ ഉളിയക്കോവിൽ അറിയിച്ചു. മലയാളികളായ കുട്ടികൾക്ക് വേണ്ടി അത്തപ്പൂക്കള മത്സരവും ഉണ്ടാകും. സാംസ്കാരിക പരിപാടികളും ട്രാവൻകൂർ ഹൗസിൽ സംഘടിപ്പിക്കും.

ആധുനികതയുടെ ആർഭാടങ്ങളിലും ഒളിമങ്ങാത്ത, ഉത്സവത്തിന്റെ പര്യായമായി തന്നെ പരിലസിക്കുന്നു ഓണനാളുകൾ, കേരളത്തിലിന്നും. പഴയതുപോലെ കൊയ്ത്തിന്റെയും പൂവിളികളുടെയും കുരവയിടീലിന്റെയും നാളുകളാണ് ഓണക്കാലം എന്നു പറയാൻ സാധിക്കില്ലെങ്കിലും ഷോപ്പിംഗിന്റെയും ഭവനസന്ദർശനത്തിന്റെയും സമൃദ്ധമായ വെജിറ്റേറിയൻ സദ്യ ഒരുക്കുന്നതിന്റെയും ലഹരി എല്ലാവർക്കും പ്രദാനം ചെയ്യുന്നുണ്ട് അത്. നാടു വിട്ട് താമസിക്കുന്ന മലയാളികൾക്കെല്ലാം നാട്ടിലൊന്നൊത്തുകൂടുവാനും വീട്ടുകാരുമൊത്തു കുറച്ചുനാൾ ജീവിക്കാനും അവസരം ലഭിക്കുന്നു, ഓണക്കാലത്ത്.

ഡൽഹിയിൽ നിന്ന് സെപ്റ്റംബർ ആദ്യവാരം നാട്ടിലേക്ക് ഒരു ഒഴുക്കുണ്ട്. ട്രയിനുകളിൽ റിസർവേഷൻ ടിക്കറ്റ് കൊടുത്തു തുടങ്ങുന്ന 3 മാസം മുൻപ് തന്നെ (കൃത്യമായി പറഞ്ഞാൽ 90 ദിവസം മുൻപ്) തീർന്നിരിക്കും. പിന്നെ തൽക്കാൽ തന്നെ ആശ്രയം. അതിനും രാത്രി തന്നെ റിസർവേഷൻ കൗണ്ടറിനു മുൻപിൽ മലയാളികൾ ക്യൂ നിൽക്കുന്ന, ക്യൂവിൽ ഇരിക്കുന്ന, കിടക്കുന്ന കാഴ്ച മുൻപൊക്കെ പതിവായിരുന്നു. പിറ്റേന്ന് രാവിലെ 8 മണിക്ക് കൊടുത്തു തുടങ്ങന്ന ടിക്കറ്റിന് തലേന്ന് രാത്രി തന്നെ ക്യൂവിൽ പോയി നിൽക്കും. ഇപ്പോൾ ഇന്റർനെറ്റിലൂടെ ബുക്കിംഗ് നടത്താം എന്നതിനാൽ റയിൽവെയുടെ ബുക്കിംഗ് കൗണ്ടറുകൾ മാത്രമല്ല ആശ്രയം. ഒരു സ്ലീപ്പർ ക്ലാസ് ടിക്കറ്റിന് 500 രൂപ വരെ അധികം ഈടാക്കി ക്യൂ നിന്ന് ടിക്കറ്റ് എടുത്തുകൊടുക്കുന്ന ഏജന്റുമാരും ഈ നഗരത്തിൽ നിരവധി. ഇത്തരം ഉത്സവസീസണുകൾ അവർക്ക് ചാകരയാണ്. മുൻകൂട്ടി ബുക്ക് ചെയ്താൽ വിമാനത്തിൽ നിരക്ക് കുറവായതിനാൽ ധാരാളം മലയാളികൾ ഇപ്പോൾ ഓണത്തിന് നാട്ടിലെത്താൻ വിമാനസർവ്വീസുകളെ ആശ്രയിക്കുന്നുണ്ട്, തിരികെ പോകാനും.



(തുടരും...)

*ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്*

*ഫോൺ: 9495969923*

പരമ്പര - 27





മുരളീധരൻ തഴക്കര

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

നീ ജീവിതത്തിന്റെ ഉപ്പാണ് എന്നു യേശുക്രിസ്തു പറഞ്ഞു. നീയാണു ഭൂമിയുടെ കാമ്പ് എന്നും പറഞ്ഞു. നീ തന്നെയാണു വിളയുന്ന ധാന്യം എന്നും ഓർമ്മിപ്പിച്ചു. അതൊരു മഹാകാവ്യ സഞ്ചയമാണ്. മനുഷ്യരാശിയെ നിർണ്ണയിക്കുന്നത് അവന്റെ അടിസ്ഥാന ജൈവ ഘടകങ്ങളിലൊന്നായ ലവണവും അവൻ നട്ടുവളർത്തുന്ന ധാന്യവുമാണ് എന്ന സത്യം. ഓരോ ജനവിഭാഗവും അവർ അധിവസിച്ച പ്രദേശത്തിന്റെ ഭൂപ്രകൃതിക്കും ഋതുക്കൾക്കും അനുസരണമായി ധാന്യങ്ങളും ആഹാരത്തിനുതകുന്ന സസ്യലതാദികളും നട്ടുവളർത്തി. അവരുടെ ശാരീരിക പ്രകൃതിയേയും സ്വഭാവത്തെയും ജോലിയേയും എല്ലാം ഈ ധാന്യങ്ങൾ നിർണ്ണയിച്ചു. കേരളം എന്ന നമ്മുടെ ഈ കൊച്ചുഭൂമി നെല്ലു വളർത്താൻ നിയുക്തമായി. സഹ്യപർവ്വതത്തിനും കടലിനും ഇടയിൽ അത്യധികം ആകർഷകമായ ഋതുപരിണാമവും പ്രകൃതി ഭംഗിയുമുള്ള ഈ പ്രദേശം നെൽകൃഷിക്കാണുപയുക്തമായത്. ഇവിടെ ജീവിച്ചവരുടെ, ജീവിക്കുന്നവരുടെ സമസ്ത വിധിയേയും നെല്ലു തീരുമാനിച്ചു. നെല്ലിന്റെ ശേഖരമുള്ളവൻ ധനികനായി. എത്ര പറ കണ്ടം കൃഷിയുണ്ട്, എത്ര ഉഴവു കാളയുണ്ട്, എത്ര പത്തായങ്ങളുണ്ട്, അറയിൽ എത്ര നെല്ലുകൊള്ളും, എത്ര വൈയ്ക്കോൽ തുറുവുണ്ട് - ഇവയൊക്കെയായിരുന്നു ഒരു കാലത്ത് സമ്പന്നതയുടെ അടയാളങ്ങൾ!

കടം വാങ്ങാനും കൊടുക്കാനും നെല്ലു നാണയത്തിന്റെ സ്ഥാനം വഹിച്ചു. എല്ലാ മംഗളകർമ്മത്തിനും സാക്ഷിയായി-പിറക്കുമ്പോൾ മുതൽ ജീവനൊടുക്കുന്നിടംവരെ ഏതു സവിശേഷ സന്ദർഭത്തിലും നെല്ല് അതിന്റെ മംഗള സാന്നിദ്ധ്യം അറിയിച്ചു. നെല്ലു നമ്മുടെ സംസ്ക്കാരത്തെ, സാഹിത്യത്തെ, രാഷ്ട്രീയത്തെ, ദർശനത്തെ എല്ലാം സ്വാധീനിച്ചിട്ടുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ എല്ലാറ്റിലും നെല്ലു കലർന്നിരിക്കുന്നു. ഇവിടെ നെല്ലുമായും-നെല്ലുമായി ഇഴചേർന്ന ആചാരങ്ങളുമായും ബന്ധപ്പെട്ട ചില വാക്കുകൾ..... ഇനിയുമുണ്ടാവും ഒരായിരം, പതിനായിരം വാക്കുകൾ...അവ വായനക്കാർ പൂരിപ്പിക്കട്ടെ....

## പന്തകെട്ടുക

കുട്ടനാട് അടക്കമുള്ള പുഞ്ചപ്പാടങ്ങളിൽ കൊയ്ത്തുമെതിക്കാലം ഏകദേശം ഒന്ന് ഒന്നരമാസം നീണ്ടുനില്ക്കും. ഈ കൊയ്ത്തു സീസണാകുമ്പോൾ ദൂരസ്ഥലങ്ങളിൽ നിന്നുപോലും കർഷകത്തൊഴിലാളികൾ കുട്ടനാട്ടിലെത്തും. പലരും കുടുംബസമേതമാണ് എത്തുക. ഇങ്ങനെ കൊയ്ത്തിനായി വരുന്ന തൊഴിലാളികൾ കൊയ്ത്തുകാലം കഴിയുംവരെ പുറംബണ്ടുകളിൽ താല്ക്കാലിക ഷെഡ്ഡുകളുണ്ടാക്കി അതിലാണു താമസിക്കുക- ഇങ്ങനെ കെട്ടിയുണ്ടാക്കുന്ന ഷെഡ്ഡുകൾക്കാണ് 'പന്തകെട്ടുക' എന്നു പറയുന്നത്.

## വാണിയപ്പുര

പുഞ്ചക്കൊയ്ത്തു കാലമാകുമ്പോൾ നിലത്തിന്റെ ഓരം ചേർന്നു ഷെഡ്ഡുണ്ടാക്കി കച്ചവടം നടത്തുക പതിവാണ്. ചായയും പലഹാരങ്ങളും ബീഡിയും മുറുക്കാനുമെല്ലാം ഇവിടെ വില്പനയുണ്ടാകും. പുഞ്ചക്കൊയ്ത്തിനായി വരുന്ന തൊഴിലാളികളും കൃഷിക്കാരുമെല്ലാം ഇവിടെ നിന്നാണു ഭക്ഷണം കഴിക്കുക. 'വാണിഭപ്പുര' എന്നതു തൊഴിലാളികളും മറ്റും പറഞ്ഞു പറഞ്ഞു വാണിയപ്പുരയായതാകാം.

## കാവൽമാടം

പന്തയും വാണിയപ്പുരയുംപോലെ തന്നെ പുഞ്ചക്കൊയ്ത്തുകാലത്തു മെതികളത്തിനരികെ കർഷകനു കഴിയുവാൻ താല്ക്കാലികമായി ഉണ്ടാക്കുന്ന ഒരു താല്ക്കാലിക താമസ സംവിധാനമാണു കാവൽമാടം. കൊയ്ത്തുമെതികഴിഞ്ഞു നെല്ലും കച്ചിയുമായി കളം പിരിയുവാൻ ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും സമയമെടുക്കും. ഈ ഒരാഴ്ചക്കാലം കർഷകൻ കഴിച്ചുകൂട്ടുന്നത് ഈ കാവൽമാടത്തിലാണ്. നേരം സന്ധ്യയാകുമ്പോൾ ഒരു ചിമ്മിനി വിളക്ക് അതായത് റാന്തൽ കത്തിച്ച് ഈ കാവൽമാടത്തിന് മുന്നിൽ തൂക്കും. ആകെയുള്ള വെളിച്ചം ഇതാണ്. പുഞ്ചക്കൊയ്ത്തുകാലത്തു രാത്രിയായാൽ വിശാലമായ പാടങ്ങളിൽ അങ്ങിങ്ങായി പ്രകാശപ്പൊട്ടുകൾ കാണാം. കാവൽമാടത്തിനരികിൽ റാന്തൽവിളക്കു മുനിഞ്ഞു കത്തുന്ന പ്രകാശമാണത്.

## പറയിടൽ

നെൽകൃഷിയുമായി ഇഴചേർന്ന ഒരു അനുഷ്ഠാനമാണിത്. നെല്പാടങ്ങളിൽ സമൃദ്ധമായി നെല്ലുവിളയുകയും വിളവു ലഭിക്കുകയും ചെയ്യുമ്പോൾ ആ ഉല്പന്നത്തിന്റെ ഒരു ഭാഗം ദേശം ദേവനോ ദേവിക്കോ ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്ന ചടങ്ങാണിത്. ക്ഷേത്ര മാതൃകയിൽ തയ്യാറാക്കുന്ന ജീവിതയിൽ ദേവചൈതന്യം മൂലബിംബത്തിൽ നിന്ന് ആവാഹിച്ച് ഉറപ്പിച്ച് രണ്ട് പൂജാരിമാർ മുമ്പിലും പിറകിലുമായി നിന്നു ജീവിത തോളിലേറ്റി വാദ്യമേളങ്ങളുടെ അകമ്പടിയോടെ തന്റെ ദേശവാസികളായ ഭക്തജനങ്ങളെ കാണുന്നതിനും അനുഗ്രഹം ചൊരിയുന്നതിനുമായി ഓരോ ഭവനങ്ങളിലുമെത്തുന്നു. വിളയിച്ചെടുത്തു കിട്ടിയ നെല്ലു പറയിലും ചങ്ങഴിയിലും നാഴിയിലും നിറച്ച്-നെല്ലു നല്കിയാണ് ദേവനെ യാത്രയാക്കുന്നത്. ഇതാണ് പറയിടൽ.

## കാളകെട്ട്

തിരുവിതാംകൂറിലെ മിക്ക ക്ഷേത്രങ്ങളിലും ഉത്സവാഘോഷങ്ങളുടെ ഭാഗമായി കാളകെട്ടുണ്ട്. കാളയുടെ രൂപം അലങ്കരിച്ചു കെട്ടുകാഴ്ചയായി പ്രദർശിപ്പിക്കയാണ് ചെയ്യുന്നത്. വൈക്കോലിൽ പൊതിഞ്ഞ കാളയുടെ മൂലരൂപം ചക്രങ്ങളുള്ള ചട്ടങ്ങളിൽ ഉറപ്പിച്ചു വെള്ളയും ചുവപ്പും തുണി പിടിപ്പിച്ച്, തടിയിൽ മനോഹരമായി കൊത്തിയെടുത്ത നന്ദികേശ ശിരസ്സ് ഉറപ്പിച്ച് കുടമണിമാലകൾ



അണിയിച്ചു വാദ്യഘോഷങ്ങളോടെ ക്ഷേത്രത്തിലേക്കു കൊണ്ടുവരുന്നതു ഹൃദ്യമായ കാഴ്ചയാണ്. തങ്ങളുടെ ജീവനോപാധിയായ കൃഷികാര്യങ്ങളിൽ സഹായിയായി വർത്തിക്കുന്ന കാളകൾ കർഷകന്റെ സന്തതസഹചാരിയായതുകൊണ്ടാകാം ഇപ്രകാരം കാളകളുടെ രൂപം കെട്ടുകാഴ്ചയായി ഒരുക്കുന്നത്.

## കതിരുകാള

വൈക്കോലിൽ പൊതിഞ്ഞ കാളയുടെ മൂലരൂപത്തിൽ വെള്ളയും ചുവപ്പും തുണി പിടിപ്പിക്കുന്നതിനു പകരം നെൽക്കതിരുകൊണ്ടു പൊതിയുന്നു. കാളയുടെ ദേഹമാസകലം നെൽക്കതിരുകൾ കൊണ്ടു പൊതിയുമ്പോൾ അതൊരു കാഴ്ച തന്നെയാണ്.

## നിറ

കർക്കിട മാസത്തിൽ വിരിപ്പ് അതായത് ഒന്നാം വിള നെല്ലു കൊയ്തശേഷം നടത്തുന്ന ഒരു കാർഷികാഘോഷം. പുതുവർഷാരംഭമായ മേടമാസത്തിനു ശേഷം പാടത്തു വിതച്ചു കൊയ്തെടുത്ത വിളവു വീടുകളിലേക്കു കൊണ്ടുവരുന്ന ചടങ്ങാണിത്. 'കർക്കിട മാസത്തിൽ വാവു കഴിഞ്ഞുള്ള ഞായറാഴ്ച നിറയ്ക്കാനും അമ്മാവന്റെ മകളെ കല്യാണം കഴിക്കാനും ആരോടും ചോദിക്കേണ്ടതില്ലെന്നാണു പഴമൊഴി. ഇല്ലന്നറ, ഇല്ലന്നിറ, നിറ, നിറപൂജ തുടങ്ങി പല പേരുകളിൽ ഈ കാർഷികാചാരം ഓരോ പ്രദേശങ്ങളിലും അറിയപ്പെടുന്നു. 'ഐശ്വര്യ ലക്ഷ്മിയായ' നെൽക്കതിർ വയലിൽ നിന്നും നേരിട്ടു വീടുകളിലേക്ക് കൊണ്ടുവന്നു വീടുകളിൽ തന്നെ പൂജിച്ചു നിറയ്ക്കുന്ന രീതിയുണ്ട്. എന്നാൽ ഈ നെൽക്കതിർക്ഷേത്രത്തിൽ കൊണ്ടുപോയി പൂജിച്ചു വീടുകളിലേക്കു കൊണ്ടുവരുന്നതായ സമ്പ്രദായവുമുണ്ട്.

## പുത്തരി

പണ്ടു വിരിപ്പു വിള കൊയ്യുമ്പോൾ 'നിറ' എന്ന ചടങ്ങു നടത്തിയശേഷമേ കൊയ്തുവച്ച കറ്റകൾ വീടുകളിലേക്കു കൊണ്ടുപോകാവൂ. അതിനുശേഷം ഈ കറ്റ മെതിച്ചുകിട്ടുന്ന പുന്നെല്ലിന്റെ അരി കൊണ്ടുണ്ടാക്കുന്ന ചോറു ഭക്ഷണമായി കഴിക്കുന്ന ചടങ്ങാണു പുത്തരി. 'നിറയും', 'പുത്തരിയും' നിറപുത്തരി എന്ന ചടങ്ങായി ഇപ്പോഴും ശബരിമലയിലും ഗുരുവായൂരിലും അടക്കം കേരളത്തിലെ മിക്ക ക്ഷേത്രങ്ങളിലും ആചാരപൂർവ്വം അനുഷ്ഠിച്ചുപോരുന്നു.

## നിറപറ

ഏതൊരു മംഗളകർമ്മത്തിനും 'നിറപറ' ഒരുക്കിവെയ്ക്കുക കേരളീയമായ ഒരു ആചാരമാണ്. ഒരു പറ നിറയെ നെല്ലും അതിൽ തെങ്ങിൻ പൂക്കുലയും വെയ്ക്കുന്നു. വിവാഹത്തിനും സ്വീകരണത്തിനും മറ്റു മംഗളകരമായ ചടങ്ങുകൾക്കുമെല്ലാം 'നിറപറ' വെയ്ക്കുന്ന രീതി ഇപ്പോഴും അനുവർത്തിച്ചുപോരുന്നു. ഇതു കൂടാതെ നിറനാഴി വെയ്ക്കുന്ന പതിവുമുണ്ട്. ഒരു നാഴിയിൽ അരി നിറച്ചുവെയ്ക്കുന്ന ചടങ്ങാണിത്.

## നെല്ലും നീരും വെയ്ക്കുക

ക്രിസ്തീയ വിശ്വാസപ്രകാരമുള്ള ഒരു അനുഷ്ഠാനമാണിത്. വിശേഷിച്ചും മാർത്തോമ്മാ സഭാ വിശ്വാസികൾക്കിടയിൽ നിലനിന്നിരുന്ന ഒരു ആചാരമാണ്. വിവാഹശേഷം മണവാളനും മണവാട്ടിയും ഗൃഹപ്രവേശം നടത്തുമ്പോൾ നാത്തൂൻ അതായതു മണവാളന്റെ സഹോദരി വിളക്ക്, കിണ്ടി, കിണ്ണൻ എന്നിവയോടുകൂടി മണവാളന്റെയും മണവാട്ടിയുടെയും നെറ്റിയിൽ 'നെല്ലും നീരും' വെയ്ക്കുന്നു.

## പൊങ്കൽ

മകരമാസം ഒന്നാം തീയതി നടത്തുന്ന ഒരു കാർഷികാനുഷ്ഠാനമാണിത്. മകരപ്പൊങ്കൽ, തൈപ്പൊങ്കൽ എന്ന പേരിലും അറിയപ്പെടുന്നു. മകരക്കൊയ്ത്ത് കഴിഞ്ഞ് അറയും പത്തായവും നെല്ലുകൊണ്ടു നിറയുമ്പോൾ ആഹ്ലാദത്തോടെ കർഷകർ നടത്തിയിരുന്ന ഒരു ആഘോഷമാണു പൊങ്കൽ. ധാന്യവും പാലും പുത്തൻ മൺകലത്തിൽ പാകം ചെയ്യുകയും അതു തിളച്ചുപൊങ്ങുമ്പോൾ 'പൊങ്കലോ പൊങ്കൽ' എന്നു കുടുംബാംഗങ്ങൾ ഉച്ചത്തിൽ വിളിച്ചു പറയുകയും ചെയ്യും.

## പക്കൻ കുത്തുക

നെല്ലുകുത്തി അരിയാക്കി അതു വില്പന നടത്തി ഉപജീവിക്കുന്നതിനാണു 'പക്കൻ കുത്തുക' എന്നു പറയുക. മധ്യതിരുവിതാംകൂറിൽ ഇതിനെ 'ഈച്ചാടികുത്തെന്നും' കുട്ടനാടൻ പ്രദേശങ്ങളിൽ 'പുഴുങ്ങികുത്തെന്നും' പറയുന്നു. പണ്ട് ഉരൽപ്പുരയും ഉരൽപ്പുര സ്ത്രീകളുമുണ്ടായിരുന്നു. നെല്ലുകുത്തു മില്ലുകൾ വരുന്നതിനു മുമ്പു പഴയ തറവാടുകളിൽ ഉരൽപ്പുരയുണ്ടായിരുന്നു. കല്ലൂരലും മരഉരലും ആവശ്യത്തിനിട്ടു നെല്ലുകുത്തിയെടുക്കുന്നതിനുള്ള പ്രത്യേക മുറിയാണു ഉരൽപ്പുര. വീടുകളിൽ പോയി ഉലക്കകൊണ്ടു നെല്ലുകുത്തി കൊടുത്തു പ്രതിഫലം പറ്റിയിരുന്ന സ്ത്രീകളെ 'ഉരൽപ്പുര പെണ്ണുങ്ങൾ' എന്നാണു പറഞ്ഞിരുന്നത്.

## കിളിയാട്ടൽ

വയലിൽ നെല്ലു നിരന്നു പാലുറച്ചു ചുണ്ടു പഴുക്കുന്ന പരുവമെത്തുമ്പോൾ തത്തയും എരണ്ടയും തുടങ്ങി കിളികൾ പാടത്തിറങ്ങി നെൽകതിരു മുറിച്ചുകൊണ്ടുപോകുകയും ഏതെങ്കിലും മരക്കൊമ്പിൽ കൊണ്ടുവച്ചു നെല്ലു കൊത്തി ഉമികളഞ്ഞു തിന്നുകയും ചെയ്യും. പലപ്പോഴും ഇവ കൂട്ടത്തോടെയാണു വയലുകളിൽ വന്നിറങ്ങുക. ശ്രദ്ധിച്ചില്ലെങ്കിൽ നല്ലൊരളവു നെല്ല് ഇങ്ങനെ കിളികൾ മുറിച്ചുകൊണ്ടുപോകും. ഈ കിളികളെ വയലിൽ ഇറങ്ങാതെ ഓടിക്കുന്നതു പ്രധാന ജോലിയാണ്. പാട്ടകൊട്ടിയും, പടക്കം പൊട്ടിച്ചും മറ്റും ശബ്ദമുണ്ടാക്കിയാണു കിളികളെ അകറ്റിയിരുന്നത്. കിളികളെ ഓടിക്കുവാൻ കുട്ടികളെയാണു മിക്കപ്പോഴും നിയോഗിക്കുക. ഇതിനു 'കിളിയാട്ടൽ' എന്നാണു പറയുക

## വെള്ളരി നാടകം

കൊയ്തൊഴിഞ്ഞ പാടങ്ങളിൽ നടത്തിയിരുന്ന സംഗീത നാടകങ്ങളാണു 'വെള്ളരി നാടകങ്ങൾ' എന്നറിയപ്പെട്ടിരുന്നത്. നാടകാഭിനയ തല്പരരായവർ ചേർന്നു നാടകം പഠിച്ച് അരങ്ങേറുകയും അതു കാണുന്നതിനും ആസ്വദിക്കുന്നതിനും നാട്ടുകാർ ഒത്തുകൂടുകയും ചെയ്യും. ഇതിനെല്ലാം വേദിയാകുന്നതു കൊയ്ത്തുകഴിഞ്ഞ നെല്പാടങ്ങളായിരുന്നു. 'വെള്ളരി നാടകങ്ങൾക്ക്' ഒരു കാലത്തു വളരെയേറെ പ്രചുരപ്രചാരമുണ്ടായിരുന്നു.

## പഴനിലമിടുക

ഒരു പ്രാവശ്യം വിളവെടുത്തശേഷം അടുത്ത പ്രാവശ്യം നെൽകൃഷിയിറക്കാതെ നിലം തരിശിടുന്നതിനാണു 'പഴനിലമിടുക' എന്നു പറയുക. തുടർച്ചയായി നെൽകൃഷി ചെയ്തു വിളവു മോശമാകുമ്പോൾ പണ്ടു കർഷകർ ഒരു പ്രാവശ്യം 'പഴനിലമിടുന്ന' പതിവുണ്ട്. ഇപ്പോൾ പലവിധ സാഹചര്യങ്ങളാൽ നെല്പാടങ്ങൾ കൂടുതലും 'പഴനിലമിടുന്ന' ഒരു രീതിയാണു പൊതുവേ കണ്ടുവരുന്നത്. *(തുടരും)*

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്*
*ഫോൺ: 9447220197*

# വാർത്തകളും വിശേഷങ്ങളും

### യാത്രയ്ക്കിടയിൽ മരണം: രജിസ്ട്രേഷൻ സംബന്ധിച്ച് സ്പഷ്ടീകരണം നൽകി

ചികിത്സാർത്ഥം ആശുപത്രിയിലേക്കു പോകുന്നതിനിടയിൽ മരണം സംഭവിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ നടത്തുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകി. യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കേസ്സുകളിൽ 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 6 (1) പ്രകാരം മരണശേഷം വാഹനം നിർത്തപ്പെടുന്ന താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ ബന്ധപ്പെട്ടവർ ഫാറം 2-ലുള്ള മരണ റിപ്പോർട്ട് നൽകേണ്ടതും വാഹനത്തിൽ വച്ച് മരണം സംഭവിച്ചതാണെന്നും വാഹനം നിർത്തിയത് ഏതു സ്ഥലത്താണെന്നും വിശദമാക്കുന്ന സത്യവാങ്മൂലം നൽകേണ്ടതുമാണ്. ഇത്തരം കേസുകളിൽ മരണ സ്ഥലം '....... -ൽ നിന്ന് ....... ലേക്കുള്ള യാത്രയ്ക്കിടയിൽ വാഹനത്തിൽ വച്ച്' എന്നു രേഖപ്പെടുത്തേണ്ടതാണ്. യാത്രയ്ക്കിടയിൽ നടന്ന മരണം യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെപോയ കേസുകളിൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 13-ലെയും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 9-ലെയും വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട അധികാരിയുടെ അനുമതിയോടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. (സർക്കുലർ നംപർ 32859/ആർ.ഡി.3/2011/തസ്വഭവ, തീയതി 4.08.2011).

### വോട്ടർപട്ടിക പുതുക്കൽ: റസിഡൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ

വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന റസിഡൻസി സർട്ടിഫിക്കറ്റിൽ സർട്ടിഫിക്കറ്റിന്റെ നമ്പരും തീയതിയും, അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും വീട്ടുനമ്പറും, സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള വിലാസത്തിൽ എത്രകാലമായി താമസിക്കുന്നു എന്ന വിവരം, സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ ഒപ്പും (സെക്രട്ടറിമാർ തന്നെ നിർബന്ധമായും ഒപ്പുവയ്ക്കേണ്ടതാണ്). സെക്രട്ടറിയുടെയും ഓഫീസിന്റെയും സീലുകൾ എന്നീ വിശദാംശങ്ങൾ നിശ്ചിത മാതൃകയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. വിശദമായ അന്വേഷണം നടത്തി, നിയമാനുസൃതം തന്നെയാണ് റസിഡൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നത് എന്നുറപ്പു വരുത്തേണ്ടതു ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ വ്യക്തിപരമായ ഉത്തരവാദിത്തമായിരിക്കും. (സർക്കുലർ നംപർ 1557/ഇഎം1/2010 തസ്വഭവ, തീയതി 8.07.2011)

### പദ്ധതി പണം കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമെ നിർവ്വഹണോദ്യോഗസ്ഥർക്കു പദ്ധതി നിർവ്വഹണത്തിനുള്ള പണം അനുവദിക്കാവൂയെന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു സർക്കാർ നിർദ്ദേശം നൽകി. ആവശ്യത്തിലധികം തുക പിൻവലിക്കേണ്ട സാഹചര്യം ഉണ്ടായാൽ അധികമായി പിൻവലിക്കുന്ന തുക ട്രഷറിയിൽ ഉടൻ തന്നെ തിരിച്ചടയ്ക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 22-ാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരമാണു സർക്കാർ ഇങ്ങനെ നിർദ്ദേശിച്ചത്. നിയമവിരുദ്ധമായി പദ്ധതി പണം ക്യാഷായി നൽകുകമൂലം സർക്കാർ പണം ദുരുപയോഗം ചെയ്യുന്നതിനും മാനദണ്ഡങ്ങൾക്കു വിരുദ്ധമായി കൈവശം വച്ച് അനുഭവിക്കുന്നതിനും അവസരം ഉണ്ടാകുന്നതായും സമിതി കണ്ടെത്തിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാർ നേരത്തെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് കാറ്റഗറി എ, ബി, സി ഇനം ഫണ്ടുകൾ ഇംപ്ലിമെന്റിങ് ഓഫീസർ, അലോട്ട്മെന്റ് ലെറ്റർ, ചിലവിനുള്ള അനുമതി പത്രം, വൗച്ചറുകളുടെ അസൽ, ഇൻവോയിസ്, ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം ബിൽ മുഖേന മാത്രമേ ട്രഷറിയിൽ നിന്നു പണം പിൻവലിക്കാവൂ. കൃത്യമായി ആവശ്യമുള്ള തുക മാത്രമേ മാറാവൂയെന്നും മുൻകൂറായി മാറരുതെന്നും മാർഗ്ഗനിർദ്ദേശങ്ങളിൽ അനുശാസിക്കുന്നുണ്ട്.

### കുടുംബശ്രീ സംഘടനാ സംവിധാനം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(പി) നം.153/2011/ തസ്വഭവ, തീയതി 26/07/11)

### മികച്ച സി.ഡി.എസ്: മാർഗ്ഗരേഖ പരിഷ്ക്കരിച്ചു

മികച്ച സി.ഡി.എസ്സുകളെ തിരഞ്ഞെടുക്കുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖയ്ക്കും ഗ്രേഡിങ് സൂചകങ്ങൾക്കും അംഗീകാരം നൽകി ഉത്തരവായി. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായി സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയും രൂപീകരിച്ചു.

### കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്: മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് മുഖേനയുള്ള ലോകബാങ്ക് ധനസഹായവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(സാധാ) നം.1731/2011/ തസ്വഭവ, തീയതി 20/07/2011).

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

## പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**
ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033